൩ ലേലം സ്ഥിരപ്പെടുത്തി കിട്ടിയ ആൾ ലേല തീയതി മുതൽ ഒരു മാസത്തിനകത്തിൽ ലേല സംഖ്യയിൽ മൂന്നിലൊരംശത്തിനു തുല്യമായ തുക മുമ്പു വച്ച ഡെപ്പാസിറ്റുകളുൾപ്പെടെ വേണ്ടുന്ന സംഖ്യ രൊക്കമായോ ഗവർമ്മെന്റു പ്രോമിസറി നോട്ടായോ പിന്നെയും ഡെപ്പാസിറ്റു വെക്കേണ്ടതാകുന്നു. അയാൾ അങ്ങിനെ ചെയ്യാതിരുന്നാൽ അതുവരെ വച്ചിട്ടുള്ള ഡെപ്പാസിറ്റുകളെ പിഴയായി പിടിക്കും. മേൽപ്പറഞ്ഞ സ്വാതന്ത്ര്യത്തെ ഗവർമ്മെന്റിന്റെ യുക്തംപോലെ രണ്ടാമതു ലേലത്തിൽ വില്ക്കുകയോ മറ്റു വിധത്തിൽ തീർച്ചപ്പെടുത്തുകയോ ചെയ്യുന്നതുമാകുന്നു.

൪ മേൽ ൨, ൩ -ാം വകുപ്പുപ്രകാരം രണ്ടാമതു ചെയ്യപ്പെടുന്ന ലേലങ്ങൾ വീഴ്ച ചെയ്ത ആളുടെ ലേലക്കാരന്റെ ഉത്തരവാദിത്വത്തിന്മേൽ ആയിരിക്കുന്നതും അവന്റെ രണ്ടാമത്തെ വിക്രയത്താലുണ്ടാകുന്ന എല്ലാ ആദായവും പൊയ്പോകുന്നതു കൂടാതെ അതിനാൽ വല്ല നഷ്ടവും സംഭവിക്കുന്ന പക്ഷം ആദ്യത്തെ ലേലപ്രകാരം മുഴുവൻ കാലത്തേക്കു അവൻ അടയ്ക്കേണ്ടുന്ന മൊത്തം സംഖ്യയിൽ നിന്നു രണ്ടാമത്തെ ലേലത്തിൽ എടുത്തവൻ അടയ്ക്കേണ്ടുന്ന മൊത്തം സംഖ്യയെ കഴിച്ചുണ്ടാകുന്ന കുറവിനെ അവൻ കൊടുക്കേണ്ടതുമാകുന്നു.

൫ മേൽപ്പറഞ്ഞ സ്വാതന്ത്ര്യാവകാശം വിലക്കു വാങ്ങിച്ചയാൾ ഗവർമ്മെന്റിൽ നിന്നു നിശ്ചയിക്കുന്ന ഉടമ്പടികൾ അനുസരിച്ചു നടന്നുകൊള്ളാമെന്നു ഒരു ഉടമ്പടി എഴുതി ഒപ്പിടേണ്ടതും ലേലം സ്ഥിരപ്പെട്ട തീയതി മുതൽ പത്തു ദിവസത്തിനകം ആ ഉടമ്പടി എഴുതി ഒപ്പിട്ടു കൊടുക്കേണ്ടതാകുന്നു. ഈ സ്വാതന്ത്ര്യാവകാശം വിലക്കു വാങ്ങിച്ചയാൾ ഉടമ്പടി ഒപ്പിട്ടു കൊടുക്കാതെ വീഴ്ച വരുത്തുകയോ നിഷേധിക്കയോ ചെയ്താൽ ഇതിനു മുമ്പിൽ വച്ചിട്ടുള്ള ഡെപ്പാസിറ്റു മുഴുവനും പിഴയായി പിടിക്കുന്നതും മേൽപ്പറഞ്ഞ സ്വാതന്ത്ര്യാവകാശത്തെ അയ്യാളുടെ ഉത്തരവാദിത്വത്തിന്മേൽ വീണ്ടും വില്ക്കുകയോ മറ്റു പ്രകാരത്തിൽ തീർച്ചപ്പെടുത്തുകയോ ചെയ്യുന്നതുമാകുന്നു. ലേലത്തിൽ എടുത്തയാൾ മരിക്കുന്നതായാൽ അയാളുടെ അവകാശികളുടെയും അസൈനികളുടെയും മേലുള്ള ചോദ്യതയായിരിക്കും.

൩. ഒരു വക ലൈസെൻസു റദ്ദുചെയ്യുന്നതിനു കാരണം പറയാതെ തള്ളുന്നതിനും മുതലെടുപ്പു കാലത്തിനു യുക്തമെന്നു തോന്നുന്ന വേറെ ഏപ്പാടു ചെയ്യുന്നതിനും ഗവർമ്മെൻറിനു അധികാരമുള്ളതാണെ.

൪. ഉടനെടി എഴുതി ഒപ്പിട്ടു കൊടുത്ത ഉടമ്പടി ൧-ാം വകുപ്പിൽ വിവരിച്ചിരിക്കുന്ന സ്വാതന്ത്ര്യാവകാശം ലേലത്തിൽ കൊണ്ടയാൾക്കു കൊടുത്തിരിക്കുന്ന വിവരത്തിനു ഒരു ലൈസെൻസു താഴെ വിവരിച്ചിരിക്കുന്ന നിശ്ചയങ്ങൾക്കു കീഴ്പ്പെട്ടു കൊടുക്കപ്പെടും.

നിശ്ചയങ്ങൾ.

൧. മുമ്പു വിവരിച്ച സ്വാതന്ത്ര്യാവകാശം ഏതു സംഖ്യക്കു വാങ്ങപ്പെട്ടുവൊ ആ സംഖ്യ ൧൨ വക ചിങ്ങം മുതൽ ഓരോ മാസത്തിലും ൧-ാം നു-യൊ അതിനു മുമ്പൊ ആയി ൧൨ മാസികമായ കിസ്തായിട്ടു സ്ഥലം താലൂക്കു ഖജാനാകളിൽ ഒടുക്കേണ്ടതാകുന്നു. എല്ലാ കടിശ്ശികയിന്മേലും അതിന്നു നൂറിനു ൧൨ വീതം പലിശ കൂട്ടുന്നതാകുന്നു. അടുത്തടുത്തു രണ്ടു കിസ്തുകളുടെ ഒടുക്കം താമസിച്ചാൽ കടിശ്ശികയായാൽ സ്വാതന്ത്ര്യാവകാശത്തെ ക്രേതാവിൻെറ യോഗ്യഭാഗ്യത്തിന്മേൽ ഗവർമ്മെൻറിൻെറ ഭരണത്തിൽ എടുക്കയൊ വീഴ്ചക്കാരൻെറ ലൈസെൻസിനെ റദ്ദു ചെയ്തതിൽ പിന്നെ അയാളുടെ യോഗ്യഭാഗ്യത്തിന്മേൽ വീണ്ടും വിൽക്കയൊ ചെയ്യുന്നതാകുന്നു. എല്ലാ സംഗതികളിലും കടിശ്ശികയെ ഉടനെടി ൧൦൨൨-ാം ആണ്ടിലെ ൧-ാം റെഗുലെഷൻപ്രകാരം ഒരു കരകുടിശ്ശികപോലെ വീഴ്ചക്കാരൻെറ സ്വത്തുക്കളെ ജപ്തിചെയ്തു ഈടാക്കുന്നതാകുന്നു.

൨. ക്രമമായി അനുവാദം കൊടുക്കപ്പെട്ട സ്ഥലങ്ങളിൽ ഒഴികെ വാററുയന്ത്രം വച്ചിരിക്കയൊ വാററുന്നതിലേക്കു കെട്ടിടം പണികയൊ ചെയ്യാവുന്നതല്ലാ. മദ്യങ്ങൾ വാററുന്നതിലേക്കു ഉപയോഗിക്കുന്ന സാമാനങ്ങൾ നല്ലതരത്തിലുള്ളവയായിരിക്കണം; മദ്യത്തിൻെറ ലഹരിശക്തിയെ വദ്ധിപ്പിക്കാനൊ വേറെ വല്ല കായ്യത്തിനൊ ആരോഗ്യഹാനികരമായ യാതൊരു പദാത്ഥത്തെയും വാററുന്നതിൽ ഉപയോഗിക്കയൊ മദ്യത്തിൽ ഇടുകയൊ ചെയ്യരുതു. ലൈസെൻസുകാരനു കൊടുക്കപ്പെട്ടിട്ടുള്ള സ്വാതന്ത്ര്യാവകാശത്തിൻെറ നടത്തിപ്പിനെപ്പററിയും അയാളുടെ സ്ഥലാതിത്തിക്കകത്തു മദ്യം ചിലവാകുന്നതിനെപ്പററിയും അയക്കണമെന്നു അതതുകാലം ആവശ്യപ്പെടാവുന്ന വിവരങ്ങളൊ കണക്കുകളൊ കൊടുക്കാൻ ലൈസെൻസുകാരൻ ബാധ്യപ്പെട്ടിരിക്കുന്നു. ലൈസെൻസുകാരൻ ഏപ്പെടുത്തീട്ടുള്ള വാററുസ്ഥലങ്ങൾ അതിലേക്കു നിയമിക്കപ്പെടുന്ന ആഫീസരാൽ എല്ലാ സമയത്തും പരിശോധനക്കു വിഷയമായിരിക്കാവുന്നതാകുന്നു.

൩. മററു അനുവദിച്ചിട്ടുള്ള കടകളിൽ ഒഴികെ മദ്യങ്ങൾ വിററുകൂടാത്തതാകുന്നു. ഗവർമ്മെൻറിനു യുക്തമെന്നു തോന്നുമ്പോൾ പൊലീസു ഭരണത്തിനായൊ വേറെ ആവശ്യത്തിലേക്കൊ അടയ്ക്കുന്നതിനു ഉത്തരവു കൊടുക്കയൊ ഒരു സ്ഥലത്തുനിന്നു മറെറാരു സ്ഥലത്തിലേക്കു മാററുന്നതിനൊ പുതിയ കടകൾ ഏപ്പെടുത്തുന്നതിനൊ അനുവദിക്കുന്നതാകുന്നു. ലൈസെൻസുകാരൻെറ പേരും അവയുടെ നിരക്കു മലയാളത്തിലൊ തമിഴിലൊ എഴുതിയ ഒരു അടയാളപ്പലക തൻെറ കടയുടെ മുൻഭാഗത്തു വെളിവായ ദിക്കിൽ പതിക്കേണ്ടതാകുന്നു. ലൈസെൻസുകാരൻ കടയെ സൂയ്യോദയത്തിനു മുമ്പെ തുറക്കരുതു; കടയെ രാത്രി ൯ മണിക്കു ശേഷം തുറന്നു വയ്ക്കയും അരുതു. ഓരോ കടക്കാരനും സകല വിവരങ്ങളും ആവശ്യപ്പെട്ടപ്പോൾ കൊടുക്കേണ്ടതാകുന്നു. പീടികക്കാരൻ ലൈസെൻസു അനുസരിച്ചു വിൽക്കുന്ന മദ്യങ്ങളിൽ ആരോഗ്യത്തിനു ഹാനികരമായ യാതൊന്നും ചെക്കരുതു; മദ്യം കലപ്പില്ലാത്തതും വിശ്വം കാക്കപ്പെടാത്തതും ആയിരിക്കണം. പീടികക്കാർ അളവിനു ചാല മുദ്ര ഇടങ്ങഴിയെ ഉപയോഗിക്കേണ്ടതാകുന്നു; മദ്യത്തെ താഴെ പറയുന്ന റെട്ടുകളിൽ കുറഞ്ഞ വിലക്കു വിൽക്കാൻ പാടില്ല.

			പണം	ചക്രം	കാശു
൧-ാം തരം	മുഴു ഇടങ്ങഴിക്കു	...	൩	൩	...
൨ ടി	ടി	...	൩	...	...
൩ ടി	ടി	...	൨	൧	...
കള്ളു	ടി	...	...	൨	...

ഈ നിരക്കുകളെ ഭേദപ്പെടുത്തുകയും മദ്യങ്ങളെ അവയുടെ കടുപ്പം അനുസരിച്ചു തരം തിരിക്കയും ചെയ്യുന്നതിനു ഗവർമ്മെൻറിനു അധികാരം ഉണ്ടു. അതിനെ ലൈസെൻസുകാരൻ അനുസരിച്ചു നടക്കേണ്ടതാകുന്നു. നിശ്ചയിച്ചു മുൻപറഞ്ഞിട്ടുള്ള വില വാങ്ങീട്ടു ഒന്നാം തരത്തിലുള്ള മദ്യങ്ങൾ ഗവർമ്മെൻറിലെ ഉപയോഗത്തിനു കൊടുക്കാൻ ലൈസെൻസുകാരൻ ബാധ്യപ്പെട്ടിരിക്കുന്നു. ലൈസെൻസുകാരൻ ഉപയോഗിക്കുന്ന അളവുകളെ സ്വന്തം ചിലവിൽ ഏ

എക്സൈസ് കമ്മിഷണരുടെ ആഫീസിലൊ താലൂക്ക കച്ചേരിയിലൊ കൊണ്ടുചെന്ന ഹാജരാക്കി പതിപ്പിക്കെണ്ടതാകുന്നു. പിടികൂടുന്ന ധാന്യമൊ ആയുധങ്ങളൊ സാമാനങ്ങളൊ വസ്തുക്കളൊ മററു സാധനങ്ങളൊ മദ്യത്തിനു പകരമായൊ പണയമായൊ വാങ്ങരുതു. വല്ല യൂറോപ്യൻ സൊൾജരോ ഇൻസ്പെക്ടരൊ പൊലീസു അമീൻകാരൊ ഈ വകുപ്പുകളിലുള്ള മെംബരൊ ജോലിയിലിരിക്കുമ്പോൾ അവർക്ക പീടികക്കാർ മദ്യങ്ങൾ വില്ക്കുകയൊ കൊടുക്കയൊ ചെയ്യരുതു. പൊലീസ സഹായത്തോടു കൊണ്ടുചെല്ലപ്പെടുന്ന വല്ല യൂറോപ്യൻ ഉദ്യോഗസ്ഥന്മാരന്നും മദ്യം കൊടുക്കയും അരുതു.

൮. വാറു സ്ഥലങ്ങളെയൊ ലൈസെൻസിനെയൊ മേൽ പരിശോധന ചെയ്യുന്നതിനോ പീടികക്കാരെയൊ കീഴ് കുത്തകക്കാരെയൊ ലൈസൻസുകാരൻ ഏല്പിക്കുന്ന ആളുകളെ അപ്രകാരം ഏല്പിക്കുന്നതിനു മുമ്പ അവരെക്കൊണ്ടു ൧൦൭൧ മാണ്ടത്തെ ൪-ാം റെഗുലേഷനിലെ വ്യവസ്ഥകളിൻ പ്രകാരം ആവശ്യമായ ഉടമ്പടികൾ ചെയ്യിക്കെണ്ടതാകുന്നു. ആ ഉടമ്പടിക്കു എക്സൈസ് കമ്മിഷണരുടെ ആഫീസിൽ രിക്കാൎഡ ചെയ്യുന്നതിനായി അയക്കേണ്ടതും ആകുന്നു. മദ്യം ഉണ്ടാക്കുന്നതിനും കടത്തുന്നതിനും വില്ക്കുന്നതിനും ലൈസൻസുകാരൻ ഏല്പിക്കുന്ന ആളുകൾ എഴുതി കൊടുക്കുന്ന ഉടമ്പടിയിലെ വ്യവസ്ഥകളെ ലൈസൻസുകാരൻ അവരെക്കൊണ്ടു ബന്ധമായി അനുവർത്തിപ്പിക്കേണ്ടതാകുന്നു. ലൈസൻസുകാരൻ ഇങ്ങിനെ ഏല്പിക്കുന്ന വല്ല ആളും ആ വ്യവസ്ഥകൾക്കൊ അബ്കാരി നിയമത്തിന്നൊ വല്ല ലംഘനവും ചെയ്യുന്നതായി ലൈസൻസുകാരന്നു അറിവിൽപെട്ടാൽ അയാളെ വേലയിൽനിന്നു നീക്കുന്നതു കൂടാതെ വിവരം എക്സൈസ കമ്മിഷണൎക്ക റിപ്പോൎട്ട ചെയ്കയും വേണം.

൯. അതാതുകാലം അബ്കാരി നിയമം അനുസരിച്ചു ഉണ്ടാക്കപ്പെടുന്ന വല്ല കൂടുതൽ ചട്ടങ്ങളും അനുസരിച്ചു നടക്കുന്നതിനു ലൈസൻസുകാരൻ ബാദ്ധ്യപ്പെട്ടിരിക്കുന്നു. മദ്യങ്ങൾ ഉണ്ടാക്കുന്നതിനൊ കടത്തുന്നതിനൊ വില്ക്കുന്നതിനൊ ലൈസൻസുകാരൻ ഏല്പിക്കുന്ന ആളുകളെക്കൊണ്ടു അവയെ അനുസരിപ്പിക്കേണ്ടതാണ്. ലൈസൻസുകാരനൊ അയാളുടെ രഹസ്യമായ അറിവോടും അനുകൂല്യത്തോടും കൂടി അയാളുടെ പണിക്കാരൻ ആരെങ്കിലുമൊ കീഴ് കുത്തകക്കാരനൊ ലൈസൻസിലെ നിശ്ചയങ്ങളിൽ വല്ലതിനെയും ലംഘനം ചെയ്യുന്നപക്ഷം ഡെമണിവെച്ച പണമൊ ഗവൎമ്മെണ്ടു പ്രമാണിച്ചൊ പിഴയായി പിടിച്ചു ലൈസൻസ ദുൎബ്ബലപ്പെടുത്തുകയും, സ്വാതന്ത്ര്യവകാശം ലൈസൻസുകാരന്റെ യോഗ്യതാഭാഗ്യത്തിന്മേൽ ഉണ്ടായതു വില്ക്കയും, ചെയ്വാൻ ഗവൎമ്മെണ്ടിനു അധികാരമുള്ളതും അതുകൊണ്ടുണ്ടാകുന്ന സകല നഷ്ടവും ലൈസൻസുകാരൻ വക വച്ചു കൊടുക്കേണ്ടതും ആകുന്നു. ലൈസൻസുകാരൻ ഒടുക്കുവാനുള്ള എല്ലാ സംഖ്യകളെയും റവന്യൂ റിക്കവറി റെഗുലേഷൻ പ്രകാരം അയാളുടെ സ്വത്തിന്മേൽ ജപ്തിചെയ്തു വിററു ഈടാക്കുന്നതാകുന്നു.

൧൦. മദ്യങ്ങൾ ഉണ്ടാക്കുന്നതിനെയും വില്ക്കുന്നതിനെയും പററിയുള്ള ഈ വ്യവസ്ഥകൾ ലേല സമയത്തു പ്രസ്താവിക്കുന്നതായ വല്ല കൂടുതൽ വ്യവസ്ഥകൾക്കും ഉൾപ്പെട്ട മുന്നമ്പത്തിലെക്കും സംബന്ധിക്കുന്നതാകുന്നു.

൧൧. ഈ വിഷയത്തിൽ കൂടുതൽ വിവരങ്ങൾ ആവശ്യമുണ്ടെങ്കിൽ എക്സൈസ് കമ്മിഷണരുടെ അടുക്കൽ നിന്നു ലഭിക്കുന്നതാകുന്നു.

ഹജൂർ കച്ചേരി
തിരുവനന്തപുരം
൧൦൮൧ മെ ൨൮-ാം

ടി. രാജാരാമരായർ
ദിവാൻ പേഷ്കാർ ഇൻചാൎജ്

കലാൻ പരസ്യം.

തെക്കൻ സെൻട്രൽ എക്സൈസ ഡിവിഷനുകളിൽ ചേർന്ന സ്ഥലങ്ങളിൽവച്ചു നാട്ടുമദ്യങ്ങൾ വിൽക്കുന്നതിനെപ്പററിയുള്ള പരസ്യം

ഇതിനാൽ പരസ്യം ചെയ്യുന്നതെന്തെന്നാൽ:— താഴെ വിവരിച്ചിരിക്കുന്ന സ്ഥലങ്ങളിൽ

ചിറയിൻകീഴ് താലൂക്ക, അഞ്ചുതെങ്ങു നെടുമങ്ങാട്ടു താലൂക്ക ചെങ്ങന്നൂർ പത്തനാപുരം. കൊട്ടാരക്കര ചെങ്കോട്ട കൊല്ലം കുന്നത്തൂർ കരുനാഗപ്പള്ളി കാർത്തികപ്പള്ളി മാവേലിക്കര തിരുവല്ല അമ്പലപ്പുഴ

൧൦൮൨- ൧൦൮൩ ഈ ആണ്ടുകളിൽ നാട്ടുമദ്യങ്ങൾ വില്പാനുള്ള അവകാശം ൧൦൮൧-ാമാണ്ടു ഇടവമാസം ൨൫-ാംനു ൧൯൦൬ ജൂൺ ൮-ാംനു വെള്ളിയാഴ്ചയും അതിനടുത്ത ദിവസങ്ങളിലും ഹജൂർ കച്ചേരിയിൽ വച്ചു ലേലം ചെയ്തു വിൽക്കുന്നതാകുന്നു.

൧. ഓരോ സ്ഥലത്തേക്കും പ്രത്യേകം ലേലം വിളിക്കുന്നതാണ്. നാട്ടുമദ്യങ്ങൾ വിൽക്കുന്നതിനു അവകാശം വാങ്ങീട്ടുള്ള യാതൊരുത്തനേയും കള്ളു വില്ക്കുന്നതിനു അവകാശം വാങ്ങാൻ അനുവദിക്കുന്നതല്ല, മറിച്ചും അനുവദിക്കുന്നതല്ല.

൨. മേൽ വിവരിച്ച അവകാശങ്ങളെ മതിപ്പുവിലക്കു മീതെ ഏററവും ഉയർത്തി വിളിക്കുന്ന ആളുകളുടെ പേരിൽ സ്ഥിരപ്പെടുത്തിക്കൊടുക്കുന്നതാകുന്നു.

൩. ശിക്ഷാനിയമപ്രകാരമുള്ള ഒരു കുററം സംബന്ധമായിട്ടുള്ള ഒരാൾ വച്ച ഡെമണിയോ ലേലത്തിൽ വിളിക്കപ്പെട്ടതോ സ്വീകരിക്കാതിരിക്കുന്നതു അയാളുടെ മേൽ കുററസ്ഥാപനത്തിനു കാരണമായ കുററത്തിന്റെ സ്വഭാവംകൊണ്ടു യുക്തമെന്നു തോന്നുന്നതായാൽ ദിവാൻ സ്വീകരിക്കാതിരിക്കയും ചെയ്യും.

൪. ലേലത്തിൽ ചേരാൻ നിശ്ചയിക്കുന്ന ആളുകൾ അവർതന്നെയോ അധികൃതന്മാരായ കാര്യസ്ഥന്മാരോ ഹാജരായി വിളിക്കേണ്ടതാകുന്നു. തനിക്കുവേണ്ടിയോ മററാൾക്കുവേണ്ടിയോ ൫൦ രൂപാ ഡെമണി വച്ചിട്ടില്ലാത്ത യാതൊരുത്തനേയും ലേലം വിളിക്കാൻ സമ്മതിക്കുന്നതല്ല. ആ വക ഡെമണികൾ ലേലത്തീയതിക്കു മുമ്പു മൂന്നു ദിവസങ്ങളിൽ വല്ല സമയവും ഹജൂർ ഖജനാവിൽ ഹാജരാക്കിയാൽ സ്വീകരിക്കപ്പെടുകയും ലേലം സ്ഥിരപ്പെടുത്തിയ ഉടനെ ലേലത്തിൽ ഏററാത്തവർ വച്ചിട്ടുള്ള അനാമത്തുസംഖ്യകൾ അവരവർക്കു മടക്കി കൊടുക്കുന്നതാകുന്നു. ലേലം സ്ഥിരപ്പെടുത്തി ഏററ ആൾ മേൽപറഞ്ഞ ൫൦ രൂപാ ഡെമണിവച്ചതിനു പുറമെ താൻ വിളിച്ച തുകയിൽ ഇരുപതിൽ ഒരു പങ്കിനു തുല്യമായ തുക രൊക്കം പണമായിട്ടോ ഗവർമെന്റു പ്രമിസറി നോട്ടായിട്ടോ ഉടനെ കെട്ടിവെക്കേണ്ടതാകുന്നു. അപ്രകാരം ചെയ്യാൻ വീഴ്ച വരുത്തിയാൽ മേൽപറഞ്ഞ ൫൦ രൂപാ ഡെമണിയെ പിഴയായി പിടിക്കുകയും മേൽപറഞ്ഞ സ്വാതന്ത്ര്യത്തെ ഉടനെ രണ്ടാമതു ലേലം ചെയ്തു വിൽക്കുകയോ മററുവിധത്തിൽ ഏർപ്പാടുചെയ്കയോ ചെയ്യുന്നതുമാകുന്നു.

൫. ലേലം സ്ഥിരപ്പെടുത്തി കിട്ടിയ ആൾ ലേലത്തീയതി മുതൽ പത്തു ദിവസങ്ങളിൽ മൂന്നുമാസത്തെ കിസ്തിനു തുല്യമാവാൻ മുമ്പുവച്ച ഡെമണികളോടു ചേരുന്ന സംഖ്യ പിന്നെയും ഡെമണി വെക്കേണ്ടതാകുന്നു. അയാൾ അങ്ങിനെ ചെയ്യാതിരുന്നാൽ അതുവരെ വച്ചിട്ടുള്ള ഡെമണികളെ പിഴയായി പിടിക്കും. മേൽപറഞ്ഞ സ്വാതന്ത്ര്യത്തെ ദിവാന്റെ യുക്തംപോലെ രണ്ടാമതു ലേലത്തിൽ വിൽക്കുകയോ മററുവിധത്തിൽ ഏർപ്പെടുത്തുകയോ ചെയ്യുന്നതുമാകുന്നു. അതുവരെ വച്ച ഡെമണിസംഖ്യ മൂന്നു മാസത്തെ കിസ്തുസംഖ്യയിൽ അധികരിക്കുന്നതായാൽ താഴെ ൭-ാം വകുപ്പിൻപ്രകാരം ആ മൂന്നു മാസത്തെ കിസ്തുസംഖ്യ ഡെമണി വെപ്പാൻ ലേലത്തിൽ കൊള്ളുന്ന ആളോടു ആവശ്യപ്പെടുന്നില്ലാത്തപക്ഷം മേൽപറഞ്ഞ അധികരിക്കുന്ന സംഖ്യ അയാൾക്കു മടക്കിക്കൊടുക്കുകയും ചെയ്യും.

൬. മേൽ ൫-ാം വകുപ്പുപ്രകാരം രണ്ടാമതു ചെയ്യപ്പെടുന്ന ലേലങ്ങൾ വീഴ്ചചെയ്ത ആളുടെ ലേലക്കാരന്റെ ഉത്തരവാദിത്വത്തിന്മേൽ ആയിരിക്കുന്നതും അവനു രണ്ടാമത്തെ വിക്രയത്താലുണ്ടാകുന്ന എല്ലാ അപായവും പൊറുക്കുന്നതുകൂടാതെ അതിനാൽ വല്ല നഷ്ടവും സംഭവിച്ചാൽ അങ്ങനെയുള്ള ലേലപ്രകാരം മുഴുവൻ കാലത്തേക്കു അവൻ അടയ്ക്കേണ്ടുന്ന മൊത്തം സംഖ്യയിൽ നിന്നു രണ്ടാമത്തെ ലേലത്തിൽ ഏററവൻ അടയ്ക്കേണ്ടുന്ന മൊത്തം സംഖ്യയെ കിഴിച്ചുണ്ടാകുന്ന കുറവിനെ അവൻ കൊടുക്കേണ്ടതുമാകുന്നു. മേൽപറഞ്ഞ സംഖ്യയിൽ നിന്നു കിഴിച്ചെടുത്തതിനുപിന്നെ ബാക്കിവല്ലതുമുണ്ടെങ്കിൽ അതു [illegible] കുടിശ്ശികപോലെ അങ്ങനത്തെ ലേലക്കാരനിൽ നിന്നു വസൂൽ ചെയ്യപ്പെടുന്നതാകുന്നു. എന്നാൽ പിഴയായെടുത്ത അനാമത്തുസംഖ്യ പുനർവിക്രയത്താലുണ്ടാകുന്ന നഷ്ടസംഖ്യയെ കവിഞ്ഞിരുന്നാൽ ആ ഡെമണിസംഖ്യ മുഴുവനും ഗവർമെണ്ടിലേക്കു എടുക്കപ്പെടുന്നതും ആകുന്നു. പുനർവിക്രയത്താലല്ലാതെ വേറെപ്രകാരത്തിൽ സ്വാതന്ത്ര്യാവകാശത്തിന്റെ കാര്യം തീർച്ച

പ്പെടുത്തുകയും അങ്ങിനെ തീച്ചപ്പെടുത്തിയതിനാൽ ആദ്യത്തെ ലേലസംഖ്യയൊ, [illegible] ന്നൊ കുറവൊ ഉണ്ടാകുന്നുവെങ്കിൽ ആ [illegible] സംഖ്യ ഈടാക്കുകയും ചെയ്യുന്നപക്ഷം ആദ്യത്തെ ലേലക്കാരൻ ആ നഷ്ടത്തിന്നു കൂടി ഉത്തരവാദിയായിരിക്കയും ചെയ്യും.

൧൭. ലേലം കഴിഞ്ഞതിന്റെ പിന്നെയും ലൈസെൻസു കൊടുക്കുന്നതിനു മുമ്പായും ചെയ്തിട്ടുള്ള അന്വേഷണത്താൽ ലേലത്തിൽ ഏററിട്ടുവന്ന ആൾ തക്കതായ മുതൽ ഇല്ലാത്ത [illegible] എന്നു സംശയമുള്ളതായി കാണപ്പെട്ടാൽ ൫-ാം വകുപ്പിൽ നിശ്ചയിച്ച സംഖ്യക്കു ഉപരി ഡെമണി വയ്പ്പാനൊ കരാറിലെ നിശ്ചയപ്രകാരം അവൻ അടക്കേണ്ടതായി വരുന്ന എല്ലാ പണവും ക്രമമായി അടക്കുമെന്നുള്ളതിനു ജാമ്യം കൊടുപ്പാൻ [illegible] ജാമ്യക്കാരായി കൊടുപ്പാനൊ അവനൊടാവശ്യപ്പെടാവുന്നതാകുന്നു.

൧൮. ലേലവിക്രയങ്ങളിലൊ പുനർവിക്രയങ്ങളിലൊ വിളികേട്ട ലേലം സ്ഥിരപ്പെടുത്തപ്പെട്ടവർ ദിവാൻജിയുടെ സമ്മതംകൂടാതെ തങ്ങളുടെ സ്വാതന്ത്ര്യാവകാശം ഉപേക്ഷിച്ചൊ വില്പാനൊ കൈമാറം ചെയ്വാനൊ കീഴ്കുത്തകയായി കൊടുപ്പാനൊ അനുവദിക്കപ്പെടുന്നതല്ല.

൧൯. മേൽപറഞ്ഞ സ്വാതന്ത്ര്യാവകാശം വിലക്കുവാങ്ങിച്ച ആൾ താഴെ കാണിച്ചിരിക്കുന്ന നിശ്ചയങ്ങളനുസരിച്ചു നടന്നുകൊള്ളാമെന്നു ഒരു ഉടമ്പടി എഴുതിവെക്കേണ്ടതും ലേലം സ്ഥിരപ്പെട്ട തീയതി മുതൽ പത്തു ദിവസത്തിനകം ആ ഉടമ്പടി എഴുതി ഒപ്പിട്ടു കൊടുക്കേണ്ടതാകുന്നു. ഒരു സ്വാതന്ത്ര്യാവകാശം വിലക്കു വാങ്ങിച്ച ആൾ ഉടമ്പടി ഒപ്പിട്ടുകൊടുക്കുന്നതിനൊ ൧൭-ാം വകുപ്പുപ്രകാരം ആവശ്യപ്പെട്ടതു ചെയ്വാനൊ വീഴ്ചവരുത്തിയാൽ [illegible] വച്ചിട്ടുള്ള ഡെമണിയെല്ലാം പിഴയായി പിടിക്കുന്നതും മേൽപറഞ്ഞ സ്വാതന്ത്ര്യാവകാശത്തെ ൧൩-ാം വകുപ്പിൽ വിവരിച്ചിരിക്കുന്നതുപോലെ ആദ്യത്തെ ക്രേതാവിന്റെ ഉത്തരവാദിത്വത്തിന്മേൽ ദിവാൻ വീണ്ടും വില്ക്കയൊ മറെറാരുപ്രകാരത്തിൽ തീച്ചപ്പെടുത്തുകയൊ ചെയ്യുന്നതുമാകുന്നു. ലേലത്തിൽ ഏററ ആൾ മരിക്കുന്നതായാൽ അതു അയാളുടെ അവകാശികളുടെയും [illegible]കളുടെയും മേലുള്ള ബാദ്ധ്യതയായിരിക്കും.

൨൦. സ്വാതന്ത്ര്യാവകാശം വിലക്കെടുത്ത ആൾക്കു ക്രമമായ ലൈസൻസു കൊടുത്തിട്ടില്ലെങ്കിലും താഴെ വിവരിച്ച നിശ്ചയങ്ങൾ ലംഘിച്ചു നടന്നാൽ ആ ലംഘനങ്ങൾക്കു നിശ്ചയിച്ചിരിക്കുന്ന ശിക്ഷക്കു അയാൾ പാത്രമായിരിക്കയും ചെയ്യും.

൨൧. ഒരു വക ലേലം വിളികൾക്കു [illegible] യാതൊരു കാരണവും പറയാതെ തള്ളുന്നതിനും മുതലെടുപ്പിന്റെ കാര്യത്തിനു തനിക്കു യുക്തമെന്നു തോന്നുന്ന ഏർപ്പാടുകൾ ചെയ്യുന്നതിനും ദിവാന്നു അധികാരമുള്ളതാകുന്നു.

൨൨. ഉടമ്പടി എഴുതി ഒപ്പിട്ടുകൊടുത്ത ഉടനെ ൩-ാം വകുപ്പിൽ വിവരിച്ചിരിക്കുന്ന സ്വാതന്ത്ര്യാവകാശം ലേലത്തിൽകൊണ്ടവർക്കു കൊടുത്തിരിക്കുന്ന വിവരത്തിനു ഒരു ലൈസൻസു താഴെ വിവരിച്ചിരിക്കുന്ന നിശ്ചയങ്ങൾ ഉൾപ്പെട്ടു കൊടുക്കപ്പെടും.

നിശ്ചയങ്ങൾ.

൧. മേൽപറഞ്ഞ സ്വാതന്ത്ര്യാവകാശത്തിൽ പ്രൂഫിനു താഴെ ൨൦ ഡിഗ്രിയും പ്രൂഫിനു താഴെ ൩൦ ഡിഗ്രിയും കടുപ്പമുള്ള ചാരായങ്ങൾ വില്ക്കുന്നതു മാത്രം ഉൾപ്പെടുന്നതാകുന്നു; എന്നാൽ അവയെ ഉണ്ടാക്കുന്നതൊ പ്രൂഫിനു താഴെ ൨൦ ഡിഗ്രിക്കധികം കടുപ്പമുള്ള മദ്യങ്ങൾ ഉണ്ടാക്കുകയൊ വില്ക്കുകയൊ ചെയ്യുന്നതൊ ഉൾപ്പെടുകയില്ല.

൨. (൧) മേൽവിവരിച്ച സ്വാതന്ത്ര്യാവകാശം വാങ്ങിയതിന്നു അടയ്ക്കേണ്ടതായ സംഖ്യ പത്തു തവണയായി [illegible]-ാമാണ്ടു ചിങ്ങമാസം മുതൽ മാസംതോറും [illegible] തീയതിക്കകത്തിനു മുമ്പെ സ്ഥലത്തെ താലൂക്കു ഖജനാവിൽ അടക്കേണ്ടതാകുന്നു.

(൨) ലൈസൻസുകാരൻ മേൽപറഞ്ഞ ൧൭-ാം വകുപ്പുപ്രകാരം വച്ച ഡെമണി പണമായിട്ടാണെങ്കിൽ, ആയതു കരാറുകാലാവസാനത്തിൽ മൂന്നുമാസത്തെ കിസ്തുകൾക്കു അടച്ചതായി എടുക്കപ്പെടും. ഡെമണിവച്ചതു ഗവർമെന്റു പ്രോമിസറി നോട്ടായിരിക്കയും അവയെ കൈവശം വച്ചുകൊണ്ടിരിപ്പാൻ ആഗ്രഹിക്കയും ചെയ്യുന്നപക്ഷം അവൻ അടക്കേണ്ടുന്ന കിസ്തു മുഴുവനും അടച്ചതിൽ പിന്നെ അവയെ അവന്നു മടക്കികൊടുക്കയും ചെയ്യും. അല്ലാത്തപക്ഷം അവയെ വിററൊ വേറെ വല്ല വിധത്തിലും കൈമാറ്റംചെയ്തൊ പിരിയുന്ന മുതൽ കരാറുകാലത്തിന്റെ ഒടുവിലത്തെ മൂന്നുമാസംവക കിസ്തുകൾക്കായി എടുക്കപ്പെടുന്നതും, അടക്കാതെ പിന്നെയും ബാക്കിയുണ്ടായാൽ [illegible] കുടിശ്ശിഖപോലെ വസൂൽ ചെയ്യപ്പെടുന്നതും ആകുന്നു. അതാതുമാസം ൨൦-ാം൹കം കിസ്തു അടക്കാതിരുന്നാൽ എക്സൈസ് കമ്മിഷണർ [illegible]

തിരുതന്നമെൻ അ ബാക്കിയെ [illegible] ലൈസൻസിൽ നിശ്ചയി[illegible] വിധവും അനുസരിച്ചു വസൂൽ ചെയ്യാൻ [illegible] പ്രയോഗിക്കുന്നതാകുന്നു. സ്വാതന്ത്ര്യാവകാശം രണ്ടാമതു [illegible] വിറ്റുകിട്ടുന്നതായ [illegible] പുനർവിക്രയത്തിനുള്ള [illegible] സൂ [illegible] ആധികാരി [illegible] കാട്ടുകയും [illegible] ചെയ്യുകയും ചെയ്യുന്നതാകുന്നു [illegible] ദിവാൻ പേഷ്കാരൻ ലൈസൻസിനെ മടക്കിക്കൊടുക്കാൻ ഉത്തരവു കൊടുക്കയോ പുനർവിക്രയം ചെയ്യ [illegible] ലൈസൻസ് കൊടുക്കുന്ന [illegible] ലൈസൻസിനെസംബന്ധിച്ചു [illegible] വില്ലുന്നതാകുന്നു [illegible] അതിനെ [illegible] ആവശ്യപ്പെടുന്ന [illegible] അതിന്റെ [illegible] ചെയ്യുന്നതാകുന്നു [illegible] ഇതിന ഏതു വിധം നടത്തുന്നതായാലും പൂർത്തിയായി [illegible] ലൈസൻസു കൊടുത്ത തീയതി മുതൽക്ക [illegible] വീണ്ടും [illegible] ചെയ്യുന്ന സംഗതിയിൽ [illegible] വെച്ചു പണംകൊണ്ടു [illegible] ലൈസൻസു കൂടക്കിട്ടുന്നതിനാലും പുനർവിക്രയത്താലും ഗവർന്മെണ്ടിനു വല്ല നഷ്ടവും ഉണ്ടായിട്ടുണ്ടെങ്കിൽ അതും പൂർത്തിയാകുകയും ചെയ്യും. അങ്ങിനെ ചെയ്തിരിക്കുന്ന [illegible] പണത്തിൽ [illegible] എന്നാൽ [illegible] പുനർവിക്രയത്താലുള്ള [illegible] ലൈസൻസുകാരൻ ഉത്തരവാദിയായിരിക്കയും ചെയ്യും.

(ബ) എന്നാൽ മേല്പറഞ്ഞ പുനർവിക്രയം [illegible] ഉൾപ്പെട്ടിരിക്കുന്നതാകുന്ന [illegible] വിറ്റുകിട്ടുന്ന സംഖ്യ [illegible] കാലത്തിനു [illegible] ബാക്കി കാലത്തേക്ക അടയ്ക്കേണ്ടുന്ന സംഖ്യയായിരിക്കയും ചെയ്യും.

(ര) പുനർവിക്രയത്തെ ദിവാൻ [illegible] പക്ഷം [illegible] തന്നെ [illegible] ആവശ്യപ്പെടുന്ന [illegible] അങ്ങിനെ ചെയ്യുന്നതായാൽ [illegible] കൊടുക്കുന്നതായ ഒരു നോട്ടീസു [illegible] ലൈസൻസുകാരന ദിവാൻ കൊടുക്കുന്നതാകുന്നു.

(ഩ) ൧൦-ം നിശ്ചയത്തിൽ മേല്പറഞ്ഞ [illegible] ലൈസൻസുകാരൻ അടയ്ക്കേണ്ടുന്ന വല്ല സംഖ്യയും [illegible] ചെയ്യുന്നതാകുന്നു. ലൈസൻസുകാരൻ അടയ്ക്കേണ്ടതായ കിസ്തി [illegible] കിട്ടുവാനോ [illegible] അവന യാതൊരു സംഗതിയാലും അവകാശപ്പെടുവാൻ പാടുള്ളതല്ല.

൩. ലൈസൻസുകാരൻ [illegible] ഗവർമ്മെണ്ടിൽ നിന്നു [illegible] സ്വാതന്ത്ര്യാവകാശത്തിനു ലൈസൻസു വാങ്ങിച്ചിട്ടുള്ള [illegible] നിന്നു മദ്യങ്ങൾ വിലയ്ക്കുവാങ്ങി തന്റെ കടകളിൽ കൊണ്ടുപോകേണ്ടതാകുന്നു. മദ്യങ്ങൾ [illegible] ഇമ്പീരിയൽ ഗ്യാലൻ ഒന്നിനു താഴെ പറയുന്ന നിരക്കുപ്രകാരം [illegible] വില കൊടുക്കേണ്ടതും ആകുന്നു.

	കള്ളിൻചാരായം			[illegible] ചാരായം		
	രു	ണ	പൈ	രു	ണ	പൈ
പ്രൂഫിനു താഴെ ൨൦ ഡിഗ്രിയിൽ മദ്യത്തിനു	൨	[illegible]	൦	൨	[illegible]	൦
൩൦ ടി ടി	൨	[illegible]	൦	൨	[illegible]	൦

൪. പാനത്തിനോ ഉപയോഗത്തിനോ കൊള്ളരുതാത്തതെന്നു എക്സൈസ് കമിഷണർ വിചാരിക്കുന്നതായി ലൈസൻസുകാരന്റെ കടയിൽ കാണുന്ന മദ്യങ്ങളെ നശിപ്പിക്കുന്നതിനു എക്സൈസ് കമ്മിഷണർ ഉത്തരവു കൊടുക്കാം.

൫. [illegible] സ്ഥലങ്ങളെ കടകളിൽ കൊണ്ടുപോകുന്ന മദ്യത്തിൽ ലൈസൻസുകാരൻ [illegible].

൬. ലൈസൻസുകാരൻ തന്റെ പീടികകളിൽ കൊടുക്കുന്നതോ വില്ക്കുന്നതോ കൊടുപ്പാനോ വില്പാനോ സൂക്ഷിച്ചു വെക്കുന്നതോ ആയ മദ്യങ്ങൾ പ്രൂഫിനു താഴെ [illegible] ഡിഗ്രി കടുപ്പമുള്ളവയായിരിക്കണം. ലൈസൻസുകാരനോ തന്റെ പീടികക്കാരോ [illegible] യാതൊരു കടുപ്പങ്ങളിലെ മദ്യങ്ങളും കൊടുക്കയോ സൂക്ഷിച്ചു വെക്കയോ വില്ക്കയോ ചെയ്തുകൂടാത്തതും ആകുന്നു.

൭. ലൈസൻസുകാരൻ വാങ്ങിനതും പീടികയ്ക്കു വെളിയിലെക്ക കൊണ്ടുപോയ മദ്യങ്ങളുടെ ഇനവും കണക്കും കാണിച്ചു ശരിയായ കണക്കുകൾ വെച്ചുകൊണ്ടും തന്റെ കൈവശമുള്ള മദ്യങ്ങൾ വാങ്ങിയ സമയം അയാൾക്ക ലഭിച്ചിട്ടുള്ള രശീതികളും പെർമിറ്റുകളും അവ വെളിയിൽ കൊണ്ടുപോയ സമയം ലൈസൻസുകാരൻ കൊടുത്തിട്ടുള്ള പെർമിറ്റുകളും സൂക്ഷിക്കെണ്ടതും ആകുന്നു. കൊടുത്തിട്ടുള്ള രശീതികളുടെ പ്രതികളൊടു കൂടിയ കണക്കുകൾ എക്സൈസ് കമ്മിഷണറുടെയൊ അസിസ്റ്റന്റ കമ്മിഷണറുടെയൊ അവർ അതിലേക്കു നിയമിച്ചിരിക്കുന്ന വല്ല ഉദ്യോഗസ്ഥന്റെയൊ മററു വല്ല പൊലീസ് ഉദ്യോഗസ്ഥന്റെയൊ പരിശോധനയ്ക്കായി ആവശ്യപ്പെടുമ്പോൾ ഹാജരാക്കെണ്ടതാകുന്നു. ലൈസൻസുകാരൻ കൈവശം പിടിച്ചിരിക്കുന്ന സ്ഥലത്തിനെക്കുറിച്ചും മറ്റും വിശദമായ വിവരങ്ങളെപ്പററി അതാത സമയം എക്സൈസ് കമ്മിഷണർ ആവശ്യപ്പെടുന്ന വിവരമൊ കണക്കുകളൊ ബോധിപ്പിക്കുന്നതിനും കൊടുപ്പിക്കുന്നതിനും ലൈസൻസുകാരൻ നിബന്ധിതനാകുന്നു.

൮. മുമ്പു അനുവദിച്ചു ലൈസൻസു കൊടുത്തിട്ടുള്ള പീടികകളിൽ ഒഴിച്ചു മററു യാതൊരു സ്ഥലത്തുവച്ചും മദ്യങ്ങൾ വില്പന ചെയ്തുകൂടാത്തതാകുന്നു. അപ്രകാരമുള്ള അനുവാദവും ലൈസൻസും വാങ്ങാതെ യാതൊരു പീടികകളും ഏൎപ്പെടുത്താൻ പാടുള്ളതല്ല. തന്റെ പീടികക്കാരെ തിരിഞ്ഞെടുക്കുന്നതിനു ലൈസൻസുകാരനു സ്വാതന്ത്ര്യമുള്ളതും തന്റെ കുത്തക സ്ഥലാതിൎത്തിയിൽ ആവശ്യമുണ്ടെന്നു ദിവാൻ വിചാരിക്കുന്നിടത്തോളം എണ്ണം പീടികകൾ ഏൎപ്പെടുത്തുന്നതിനു അയാൾക്കു അനുവാദം കൊടുക്കുന്നതും ആകുന്നു. തന്റെ അപേക്ഷപ്രകാരം ലൈസൻസു വാങ്ങിയിട്ടുള്ള പീടികകളിലല്ലാതെ മററു യാതൊരു സ്ഥലത്തുംവച്ചു ലൈസൻസുകാരൻ മദ്യങ്ങൾ വച്ചുസൂക്ഷിക്കയൊ വില്പനചെയ്കയൊ ചെയ്തുകൂടാത്തതാകുന്നു. നാട്ടുമദ്യമല്ലാതെ മററു ലഹരി പദാൎത്ഥങ്ങൾ വച്ചു വില്ക്കുന്ന പീടികകളൊടൊന്നിച്ചു ഒരെ കെട്ടിടത്തിൽ പീടികകൾ വച്ചുകൂടാത്തതാകുന്നു.

൯. ദിവാനു യുക്തമെന്നു തോന്നുമ്പോൾ പീടികകൾ അടയ്ക്കുന്നതിനു ഉത്തരവു കൊടുക്കയൊ ഒരു സ്ഥലത്തുനിന്നും മറെറാരു സ്ഥലത്തെക്ക പീടികകൾ മാററുന്നതിനൊ പുതിയതായി പീടികകൾ ഏൎപ്പെടുത്തുന്നതിനൊ അനുവദിക്കയൊ ചെയ്യാം. സ്ഥലത്തു എത്രത്തോളം മദ്യം ആവശ്യമുണ്ടെന്നു എക്സൈസ കമ്മിഷണരൊ അസിസ്റ്റന്റു കമ്മിഷണരൊ വിചാരിക്കുന്നുവൊ അത്രത്തോളം മദ്യം അനുവദിക്കപ്പെട്ടിട്ടുള്ള എല്ലാ പീടികകളിലും വച്ചുകൊണ്ടിരിക്കുന്നതിനു ലൈസൻസുകാരൻ നിബന്ധിതനാകുന്നു.

൰. ലൈസൻസുകാരൻ തനിക്കു കിട്ടിട്ടുള്ള ലൈസൻസിനെ തന്റെ പീടികയിൽ എല്ലാവരും കാണത്തക്ക ഒരു സ്ഥലത്തു പതിക്കെണ്ടതാകുന്നു. അങ്ങിനെയുള്ള പീടിക പ്രത്യെകമുള്ളതായ ഒരു കടയിലൊ കെട്ടിടത്തിലൊ വെക്കെണ്ടതാകുന്നു. പീടികയായി ഉപയൊഗപ്പെടുത്തുന്ന മുറിയൊ മുറികളൊ പീടികക്കാരൻ പാൎക്കുന്ന വീട്ടിൽതന്നെ ആയിരുന്നാലും അല്ലാതിരുന്നാലും എല്ലായ്പോഴും പ്രത്യെകമായിരിക്കെണ്ടതാകുന്നു. പീടികക്കു അതിന്റെ തെരുവിൽനിന്നു വല്ല സ്ഥലത്തിനും മദ്ധ്യെ ഗതാഗതത്തിനുള്ള ഒരു വാതിലുണ്ടായിരുന്നാൽ അതിനെ രാത്രികാലം പൂട്ടിയിടെണ്ടതാകുന്നു.

൰൧. ലൈസൻസുകാരന്റെ പെരും തനിക്ക വില്പാൻ ലൈസൻസുള്ള മദ്യത്തിന്റെ പെരും ലൈസൻസു നമ്പരും മലയാളത്തിൽ എഴുതിയ ഒരു അടയാളപ്പലക തന്റെ പീടികയുടെ മുൻഭാഗത്തിൽ വെളിവായ ദിക്കിൽ പതിക്കെണ്ടതാണു.

൰൨. പീടികക്കാരൻ തന്റെ പീടികയിൽ അധികമായ മദ്യപാനമൊ, അക്രമമൊ, ചൂതു മുതലായ കളികളൊ വിരോധിക്കെണ്ടതും കുഷ്ഠരോഗമൊ, തൊട്ടാൽ പകരുന്ന മററു രോഗങ്ങളൊ പിടിപെട്ടവരെ അതിൽ നിന്നു നാട്ടുമദ്യം വില്പാൻ അനുവദിക്കാതിരിക്കെണ്ടതും ആകുന്നു.

൰൩. പീടിക സൂൎയ്യോദയത്തിനു മുമ്പായി തുറക്കരുതു.

൰൪. രാത്രി ൯ മണിക്കു ശെഷം തുറന്നു വെക്കാൻ പൊതുവായൊ പ്രത്യെകമായൊ എക്സൈസ കമ്മിഷണർ അനുവദിക്കാത്ത പക്ഷം രാത്രി ഒമ്പതു മണിക്കു പീടിക പൂട്ടിക്കളയെണ്ടതാണു.

൰൫. പീടികക്കാരൻ തന്റെ പീടികയിൽ കവൎച്ചക്കാൎക്കൊ, കള്ളന്മാൎക്കൊ കലഹക്കാൎക്കൊ സങ്കെതം കൊടുക്കരുതു. തന്റെ പീടികയിൽ വരുന്ന മെൽപ്രകാരമുള്ള വല്ലവരെയും കുറിച്ചു അററവും അടുത്ത മജിസ്ത്രെട്ടിനൊ പൊലീസു ഉദ്യോഗസ്ഥനൊ അറിവു കൊടുക്കെണ്ടതും ആകുന്നു.

൧൬. ധാന്യമൊ, ആഭരണങ്ങളൊ, സാമാനങ്ങളൊ വസ്ത്രാദികളൊ മറ്റു സാധനങ്ങളൊ മദ്യത്തിനു പകരമായൊ പണയമായൊ പീടികക്കാരൻ വാങ്ങരുതു. എന്നു മാത്രമല്ല കടമായി വല്ലതും കൊടുക്കാമെന്നു പറഞ്ഞാൽ ആ വിവരം ഏറ്റവും അടുത്ത മജിസ്ത്രേട്ടിനൊ പൊലീസ് ഉദ്യോഗസ്ഥനൊ അറിവു കൊടുക്കേണ്ടതാകുന്നു.

൧൭. തന്റെ പീടികയിൽ നിന്നു (ഒരു ഗ്രാമിൽ അധികമല്ലാത്ത [illegible]) ഒരു [illegible] കാട്ടിലൊ ഇതലെക്കായി മെലിൽ നിശ്ചയിക്കാവുന്ന മറ്റു വല്ല തുകയിലൊ അധികം മദ്യങ്ങൾ ഒരു ബലപ്പെട്ടിരിക്കുന്ന [illegible] [illegible] കൊണ്ടുപോവാൻ യാതൊരു സംഗതിവശാലും പീടികക്കാരൻ സമ്മതിക്കരുതു.

൧൮. [illegible] കടത്തിക്കൊണ്ടു പോകുന്നതിനും കൈവശം വച്ചുകൊണ്ടിരിക്കുന്നതിനും വെണ്ട അധികാരികൾ അച്ചടിച്ച ഫാറങ്ങൾ ലൈസെൻസുകാരൻ ഉണ്ടാക്കി [illegible] കൊടുക്കയും തന്റെ പീടികക്കാരെ കൊണ്ടു [illegible] പൂരിപ്പിക്കുന്നതും അല്ലാതെ അധികാരി ഫാറങ്ങളെ പീടികക്കാർ ഒപ്പിട്ടു വച്ചു പോകുവാൻ സമ്മതിക്കരുതു.

൧൯. ഓരോ പീടികയിലും ഓരോ ദിവസവും വരവുള്ള മദ്യങ്ങളുടെ തുകയും കടുപ്പവും വിററ മദ്യങ്ങളുടെ തുകയും കടുപ്പവും, വിററു [illegible] ബാക്കിയുള്ള മദ്യങ്ങളുടെ തുകയും കടുപ്പവും കാണിക്കുന്നതായ ഒരു കണക്കു വച്ചിരിക്കെണ്ടതാകുന്നു. ആ കണക്കുകൾ എക്സൈസ് കമ്മിഷണർ നിശ്ചയിക്കുന്ന ഫാറത്തിൽ ഇരിക്കണം. അവയെ എക്സൈസ് കമ്മിഷണരുടെയൊ അസിസ്റ്റന്റു കമ്മിഷണരുടെയൊ അവർ അതിന്നായി നിശ്ചയിക്കുന്ന വല്ല ഉദ്യോഗസ്ഥന്റെയൊ വല്ല കസ്റ്റംസ് ഉദ്യോഗസ്ഥന്റെയൊ പരിശോധനക്കായി ആവശ്യപ്പെടുമ്പൊഴൊക്കയും ഹാജരാക്കെണ്ടതും, പീടികയിൽ [illegible] കിട്ടിയ [illegible] കൊടുത്ത അധികാരികളുടെ [illegible] സൂക്ഷ്മമായും ക്രമമായും ഫയൽ ചെയ്യു [illegible] കച്ചവടകാലത്തിനിടക്കു വല്ല സമയത്തും പരിശോധനക്കായി മെൽപ്രകാരം തന്നെ ഹാജരാക്കെണ്ടതും ആകുന്നു.

൨൦. അതാതു സമയം എക്സൈസ് കമ്മിഷണർ ആവശ്യപ്പെടുന്ന കണക്കുകളും വിവരവും കൊടുപ്പാൻ കടക്കാരൻ ബാദ്ധ്യസ്ഥനായിരിക്കയും വേണം.

൨൧. ലൈസെൻസുകാരൻ കൊടുത്തിട്ടുള്ള മദ്യങ്ങളല്ലാതെ മറ്റു യാതൊരു മദ്യവും പീടികക്കാരൻ തന്റെ പീടികയിൽ സൂക്ഷിക്കാനൊ വിൽക്കാനൊ [illegible] പാടുള്ളതല്ല എന്നു മാത്രമല്ല [illegible] താഴെ ഇരുപത [illegible] ഡിഗ്രി കടുപ്പങ്ങളിലുള്ളതെ [illegible] കടുപ്പത്തിലെ മദ്യങ്ങളും തന്റെ പീടികയിൽ സൂക്ഷിക്കയൊ വിൽപ്പാൻ വെക്കയൊ വിൽക്കയൊ ചെയ്യാൻ പാടില്ലാത്തതാകുന്നു. പീടികയിൽ സൂക്ഷിക്കപ്പെടുന്നതൊ വിൽക്കാൻ വെക്കപ്പെടുന്നതൊ വിൽക്കപ്പെടുന്നതൊ ആയ മദ്യങ്ങൾ കലർപ്പില്ലാത്തതും വീര്യം കുറയാത്തതും ആയിരിക്കണം.

൨൨. പ്രൂഫിനു താഴെ ൨൦ ഡിഗ്രിയിൽ കവിഞ്ഞ കടുപ്പത്തിലുള്ള നാട്ടുമദ്യങ്ങളൊ നാട്ടു കള്ളൊ, നാട്ടു ബീയറ, ലൈസെൻസു സംബന്ധിക്കാത്ത മററു വല്ല ചാരായമൊ ഇതുകളും ലൈസെൻസുകാരൻ വച്ചിട്ടുള്ള പീടികകളിൽ വച്ചു അതുകൾ സൂക്ഷിക്കാനൊ വിൽക്കാനൊ പാടുള്ളതല്ല. കഞ്ചാവൊ അഫീനൊ അതുപോലെയുള്ള മററു ലഹരി സാധനമൊ പീടികയിൽ സൂക്ഷിക്കയൊ വിൽക്കയൊ ചെയ്വാൻ പാടില്ലാത്തതും ആകുന്നു.

൨൩. പീടികക്കാരൻ ഗവർണ്മെണ്ടിൽ നിന്നു അതാതു സമയം നിശ്ചയിക്കുന്നതല്ലാതെ മറ്റു യാതൊരു അളവുകളും കൈവശം വെക്കയൊ ഉപയോഗിക്കയൊ അരുതു.

൨൪. ലൈസെൻസുകാരൻ അതാതു കൊല്ലത്തെ തന്റെ ചിലവിനാൽ എക്സൈസ് കമ്മിഷണരുടെ ആഫീസിലൊ സ്ഥലത്തെ താലൂക്ക കച്ചേരിയിലൊ പരിശോധിപ്പിച്ചു മുദ്ര പതിപ്പിച്ചു വച്ചിരിക്കണം.

൨൫. പ്രവൃത്തിയിൽ ഏല്പെട്ടിരിക്കുന്ന വല്ല പട്ടാള ശിപായിക്കൊ പൊലീസു സൈന്യത്തിലെ [illegible] അബ്കാരി, കസ്റ്റംസ് [illegible] ഉദ്യോഗസ്ഥനൊ ആകട്ടെ, പൊലീസു വേഷം ധരിച്ചുകൊണ്ടു പോകുന്ന യാതൊരു [illegible] ഉൾപ്പെടെ [illegible] പീടികയിൽ നിന്നു കുടിപ്പാനായി പതിന്നാലു വയസ്സിനു താഴെ പ്രായമുള്ള യാതൊരു കുട്ടിക്കാകട്ടെ പീടികക്കാരൻ യാതൊരു മദ്യവും വിൽക്കയൊ കൊടുക്കയൊ ചെയ്യരുതു. കടമായി യാതൊരു മദ്യവും വിൽക്കയും അരുതു.

൨൬. ഖിറാന്റെ അനുവാദത്തൊടു കൂടിയല്ലാതെ ലൈസെൻസുകാരനു സ്വാതന്ത്ര്യം [illegible] കാരം ലഭിച്ചിട്ടുള്ള വല്ല സ്ഥലത്തിന്റെയും സ്വാതന്ത്ര്യാവകാശം വിൽക്കാനൊ കൈമാറം ചെയ്യാനൊ കീഴ്ക്കുത്തകയായി കൊടുക്കാനൊ പാടുള്ളതല്ല.

൨൭. [illegible] പ്രകാരം വഹിക്കുന്ന എല്ലാവരും അവരുടെ [illegible] പ്രവേശിക്കുന്നതിനു മുമ്പു ചട്ടപ്രകാരമുള്ള കരാറുകൾ എഴുതി [illegible] ലൈസൻസു കാരനാൽ നിയമിക്കപ്പെടുന്ന ആളുകൾ എഴുതിവെക്കുന്ന എല്ലാ കരാറുകളും എഴുതി [illegible] തീയതി മുതൽ ഒരു മാസത്തിനകം [illegible] എക്സൈസ്സ് കമ്മീഷണരുടെ ആഫീസിൽ [illegible] സൂക്ഷിച്ചു വെക്കേണ്ടതാകുന്നു.

൨൮. മദ്യങ്ങൾ കൈവശപ്പെടുത്താനൊ വിൽക്കാനൊ വേണ്ടി നിയമിക്കപ്പെട്ട വല്ല ആളെങ്കിലും കലാൽ നിയമങ്ങൾക്കൊ താൻ എഴുതിക്കൊടുത്ത കരാറുകൾക്കൊ വിരോധമായി വല്ല പ്രവൃത്തിയും ചെയ്തു [illegible] ലൈസൻസുകാരൻെറ അറിവിൽ വന്നാൽ [illegible] വിവരം എക്സൈസ്സ കമ്മീഷണരെ [illegible] ചെയ്യേണ്ടതും അവനെ [illegible] പണിയിൽ നിറുത്തുന്നതിനെ [illegible] എക്സൈസ്സ കമ്മീഷണരുടെ ഉത്തരവുകൾ അനുസരിച്ചു നടക്കേണ്ടതും ലൈസൻസുകാരൻെറ പ്രവൃത്തിയാകുന്ന ശിക്ഷാനിയമപ്രകാരം ശിക്ഷിക്കപ്പെട്ട ആളുകളെ [illegible] സംഗതിയിൽ എക്സൈസ്സ കമ്മീഷണരുടെ സമ്മതം [illegible] ചാരായം കടത്തുകയൊ വിൽക്കയൊ ചെയ്യുന്നതിനു പണിയിൽ വെക്കാൻ ലൈസൻസുകാരനു [illegible].

൨൯. ലൈസൻസു സംബന്ധിക്കുന്ന വല്ല സ്ഥലത്തിലും കള്ളൊ ചാരായമൊ വിൽക്കുന്നതിലേക്കുള്ള സ്വാതന്ത്ര്യാവകാശത്തിൽ ലൈസൻസിൻെറ കാലത്തിനകത്തു സംബന്ധപ്പെട്ടിരിക്കുന്നതു; ആ സ്ഥലത്തു കള്ളൊ ചാരായമൊ വിൽക്കുന്നതിനുള്ള സ്വാതന്ത്ര്യാവകാശത്തിൽ വല്ല വിധത്തിലും സംബന്ധപ്പെട്ടിരിക്കുന്ന ഏതാളെയും നാട്ടുദ്രവ്യങ്ങൾ വിൽക്കുന്നതിനു തനിക്കുള്ള സ്വാതന്ത്ര്യാവകാശത്തിൽ ഏതുവിധത്തിലും പങ്കുകൊള്ളുന്നതിനൊ സംബന്ധപ്പെട്ടിരിക്കുന്നതിനൊ സമ്മതിക്കയും അരുതു

൩൦. കണക്കാക്കപ്പെട്ടിട്ടുള്ള തീയതിക്കു പിന്നിട്ട [illegible] എല്ലാ പണത്തിന്മേലും [illegible] വീതം കൂട്ടുന്ന പലിശ ലൈസൻസുകാരൻ കൊടുക്കേണ്ടതാകുന്നു.

൩൧. ലൈസൻസുകാരനൊ തൻെറ രഹസ്യമായ അറിവോടും അനുകൂലത്തോടുംകൂടി തൻെറ പണിക്കാരിൽ ആരെങ്കിലുമൊ ലൈസൻസിലെ നിശ്ചയങ്ങളിൽ വല്ല ലംഘനവും ചെയ്യുന്നപക്ഷം അങ്ങിനെയുള്ള ഓരൊ ലംഘനത്തിനു ലൈസൻസുകാരനു [illegible] കവിയാത്ത ഒരു പിഴ ചുമത്തുവാനൊ ഡെമണിൽ വച്ചു പണമൊ ഗവർന്മെൻറു പ്രാമിസ്സറി നോട്ടുകളൊ ദിവാൻെറ യുക്തപ്രകാരം പിഴയായി പിടിച്ചു ലൈസൻസു ദുർബലപ്പെടുത്തുകയും [illegible] ലൈസൻസുകാരൻെറ യോഗ്യഭാഗ്യത്തിന്മേൽ [illegible] വിൽക്കുകയും ചെയ്യാനൊ അല്ലെങ്കിൽ [illegible] സ്ഥലത്തിൽ ഗവർന്മെൻറു ഭരണത്തിൽ എടുക്കാനൊ ദിവാനും ദിവാൻെറ [illegible] എക്സൈസ്സ കമ്മീഷണർക്കും അധികാരമുള്ളതും, അതുകൊണ്ടുണ്ടാവുന്ന [illegible] നഷ്ടത്തിനും ലൈസൻസുകാരൻ ഉത്തരവാദിയായിരിക്കുന്നതുമാകുന്നു. [illegible] ഖണ്ഡപ്രകാരം ചുമത്തുന്ന എല്ലാ പിഴസംഖ്യയും ലൈസൻസിലെ നിശ്ചയങ്ങൾ പ്രകാരം [illegible] നടക്കേണ്ടുന്ന ഉറപ്പിലേക്കായി ലൈസൻസുകാരൻ ഡെമണിൽ വച്ചിട്ടുള്ള വല്ലസംഖ്യയിൽ നിന്നു കിഴിച്ചെടുക്കുകയൊ [illegible] ഗവർന്മെൻറു പ്രാമിസ്സറിനോട്ടുകളിൽ വല്ലതുമൊ എല്ലാമൊ [illegible] പിഴസംഖ്യ വസൂൽ ചെയ്യുകയൊ ചെയ്യുന്നതു ദിവാനു ന്യായമായിരിക്കയും ചെയ്യും. [illegible] ലൈസൻസു ദുർബലപ്പെടുത്തിയാൽ ആ ലൈസൻസിലെ [illegible] ഉടനെ അടക്കേണ്ടിവരുന്നതാകുന്നു.

൩൨. ഇതിനടുത്തു മീതെ പറഞ്ഞ വകുപ്പിലെ നിശ്ചയപ്രകാരം പിഴ വിധിക്കയൊ ഡെമണിയെ പിഴയായി പിടിക്കയൊ ലൈസൻസു ദുർബലപ്പെടുത്തുകയൊ ചെയ്യുന്നതുകൊണ്ടു കലാൽ നിയമത്തിനൊ കലാൽ മുതലെടുപ്പിനൊ സംബന്ധിച്ചു [illegible] മററു നിയമത്തിനൊ വിരോധമായി ചെയ്യുന്ന വല്ല കുററത്തിനും വല്ല ആളുകളെയും മേൽ ക്രിമിനൽ വിസ്താരം നടത്തുന്നതിലേക്കു തടസ്ഥമുള്ളതായി വിചാരിക്കപ്പെടുന്നതുമല്ല.

൩൩. കലാൽ റെഗുലേഷനിലെ നിയമങ്ങൾക്കൊ അതാതു സമയം നടപ്പുള്ളതും കലാൽ മുതലെടുപ്പിനെ സംബന്ധിക്കുന്നതും ആയ മററു നിയമത്തിനൊ വിരോധമായി ചെയ്ത വല്ല കുററത്തിനും ഒരു മജിസ്ത്രേട്ടിൻെറ മുമ്പാകെയുള്ള ക്രിമിനൽ വിസ്താരത്തിൽ ലൈസൻസുകാരൻെറ മേൽ സ്ഥാപനമുണ്ടായാൽ അവൻെറ ലൈസൻസു ദുർബലപ്പെടുത്തുന്നതു ദിവാനു ന്യായമായിരിക്കയും ചെയ്യും. ശിക്ഷാനിയമത്തിനു വിരോധമായി ചെയ്ത വല്ല കുററത്തിനും ലൈസൻസുകാരൻെറ മേൽ കുററം സ്ഥാപനമാകുന്ന [illegible] കുററ സ്ഥാപനമാകുന്ന സംഗതി വരത്തക്കതായിരിക്കുന്ന പക്ഷം അവൻെറ ലൈസൻസു ദുർബലപ്പെടുത്തുന്നതു ദിവാനു ന്യായമായിരിക്കയും ചെയ്യും.

൧൮. ലൈസൻസുകാറൻ അടക്കേണ്ട [illegible] എല്ലാ സംഖ്യകളും അയാളുടെ ഡെപ്പോസിറ്റിൽ നിന്ന കിഴിച്ചെടുക്കാവുന്നതൊ കരം [illegible] ടിപ്പിലെ വസൂൽ ചെയ്യാൻ [illegible] സമയം നടപ്പുള്ള വല്ല നിയമപ്രകാരം അയാളുടെ മുതൽ ജപ്തിചെയ്തു വിററു വസൂലാക്കാവുന്നതൊ ആകുന്നു.

൧൯. ലൈസൻസുകാറൻ തന്റെ കരാറു പ്രകാരം കൃത്യമായി നടക്കുന്നതിലേക്കു ഉറപ്പിന്നായി ഡെപ്പോസിറ്റ് വച്ചതായ സംഖ്യയിൽ നിന്ന വല്ല സംഖ്യയും കിഴിച്ചെടുക്കുന്നതായാൽ അങ്ങനെ കിഴിച്ചെടുത്ത വിവരം തന്നെ അറിയിക്കുന്നതായ എക്സൈസു കമ്മീഷണരുടെ നോട്ടീസു തനിക്കു കിട്ടുന്ന തിയതി മുതൽ ൧൫ ദിവസത്തിനകത്തു മെല്പടി സംഖ്യ ഡെപ്പോസിറ്റിനെ വീണ്ടും പൂർത്തിയാക്കിക്കൊള്ളുകയും വേണം.

൨൦. കലാൽ ഡിപ്പാർട്ടുമെണ്ടിലെ യാതൊരു ഉദ്യോഗസ്ഥന്മാരോടും ലൈസൻസുകാറൻ പണ സംബന്ധമായ യാതൊരു ഇടപാടും വച്ചുകൊള്ളുന്നതല്ലാത്തതാകുന്നു.

൨൧. ഇപ്പോൾ നടപ്പുള്ളതൊ മേലിൽ നിയമിക്കപ്പെടുന്നതൊ ആയ അബ്കാരി നിയമങ്ങൾക്കനുസരിച്ചു ഉണ്ടാക്കപ്പെടുന്ന വല്ല ക്ലിപ്തതലായ ചട്ടങ്ങൾ പ്രകാരം നടക്കാൻ ലൈസൻസുകാറൻ ബാദ്ധ്യസ്ഥനായി വരുന്നതു കൂടാതെ എക്സൈസു കമ്മീഷണരുടെയൊ ക്രമമായി അധികാരപ്പെടുത്തപ്പെടുന്ന വല്ല ഉദ്യോഗസ്ഥന്റെയൊ അവശ്യത്തിന്മേൽ തന്റെ ലൈസൻസു മേൽപ്രകാരം ഭേദപ്പെടുത്തി [illegible] പുതുതായി ഒരു ലൈസൻസു കിട്ടേണ്ടതിന്നു മടങ്ങി കൊടുക്കേണ്ടതും ആകുന്നു.

ഹജൂർക്കച്ചേരി, തിരുവനന്തപുരം
൧൦൮൧ മെ ൫ നു-

ടി. രാജാരാമരായർ,
ദിവാൻപേഷ്കാർ, ഇൻചാർജ്.

കലാൽ പരസ്യം.

തെക്കനും സെൻട്രലും എക്സൈസ്സ ഡിവിഷനുകളിൽ കള്ള കടകൾ ഏൎപ്പെടുത്തുന്നതിനുള്ള ലൈസൻസ വിൽക്കുന്നതിനെപ്പറ്റിയുള്ള പരസ്യം.

നെയ്യാറ്റിങ്കര, ചിറയിൻകീഴ, അഞ്ചുതെങ്ങ, ചെങ്ങന്നൂർ, പത്തനാപുരം, കൊട്ടാരക്കര, ചെങ്കോട്ട, കൊല്ലം, കുന്നത്തൂർ, കരുനാഗപ്പള്ളി, കാൎത്തികപ്പള്ളി മാവേലിക്കര, തിരുവല്ലാ, അമ്പലപ്പുഴ

ഇതിനാൽ പരസ്യംചെയ്യുന്നതു എന്തെന്നാൽ ഇതിനു ഇടത്തുവശത്തു മാൎജിനിൽ കാണിച്ചിട്ടുള്ള സ്ഥലങ്ങളിൽ ൧൦൮൨-൧൦൮൩-ം കൊല്ലത്തെക്ക കള്ള വില്പാനുള്ള സമ്പൂൎണ്ണ സ്വാതന്ത്ര്യാവകാശം ൧൦൮൧ ജൂൺ മാസം ൮-ക്കു ൧൦൮൧ ഇടവം ൨൫-ം വെള്ളിയാഴ്ചയും അടുത്ത ദിവസങ്ങളിലും ഹജൂർകച്ചേരിയിൽ വച്ചു പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാകുന്നു.

൨. ഓരോ സ്ഥലത്തെക്ക പ്രത്യേകം ലേലം വിളിക്കുന്നതാകുന്നു. കള്ള വിൽക്കുന്നതിനു അവകാശം വാങ്ങിട്ടുള്ള യാതൊരുത്തനെയും നാട്ടു മദ്യങ്ങൾ വിൽക്കുന്നതിനു അവകാശം വാങ്ങാൻ അനുവദിക്കുന്നതല്ല. മറിച്ചും അനുവദിക്കുന്നതല്ല.

ലേലത്തിൽ വിളിക്കുന്ന ഓരോ ആളും അങ്ങനെ വിളിക്കുന്നതിനു മുമ്പായി ൫൦ രൂപാ ഡെമണി വെക്കണം. അങ്ങനെയുള്ള ഡെമണികൾ ലേലതീയതിക്ക മുമ്പു മൂന്നു ദിവസങ്ങൾക്കുള്ളിൽ വല്ല സമയവും ഹജൂർ ഖജനാവിൽ ഹാജരാക്കിയാൽ സ്വീകരിക്കപ്പെടുന്നതാകുന്നു. മതിപ്പുവിലക്ക മീതെ ഏറ്റവും ഉയൎത്തി വിളിക്കുന്ന ആളുടെ പേരിൽ മെല്പറഞ്ഞ സ്വാതന്ത്ര്യാവകാശം സ്ഥിരപ്പെടുത്തി കൊടുക്കുന്നതാകുന്നു.

൩. ശിക്ഷാനിയമമൊ മറ്റു നിയമമൊ പ്രകാരമുള്ള ഒരു കുറ്റത്തിനു കുറസ്ഥാപനം ചെയ്യപ്പെട്ട ഒരാൾ വച്ച ഡെമണിയെയൊ ലേലത്തിൽ വിളികേൾവിയെയൊ സ്വീകരിക്കാതിരിക്കുന്നതു അയാളുടെമേൽ കുറസ്ഥാപനത്തിനു കാരണമായ കുറത്തിന്റെ സ്വഭാവം കൊണ്ടു യുക്തമെന്നു തോന്നുന്നതായാൽ സ്വീകരിക്കാതിരിക്കയും ചെയ്യും.

൪. ലേലം തീച്ചപ്പെട്ട ഉടനെ തന്നെ ലേലത്തിൽ എടുക്കാത്തവരുടെ ഡെമണി സംഖ്യകൾ അവരവൎക്ക മടക്കി കൊടുക്കപ്പെടും. ലേലം ആരുടെ പേരിൽ തീച്ചയാകുന്നുവൊ അയാൾ പകുതി മാസത്തെക്കുള്ള കിസ്ത സംഖ്യക്ക തുല്യമായ പണം മെല്പറഞ്ഞ ൨-ം വകുപ്പുപ്രകാരം ഉള്ള ഡെമണിക്ക പുറമെ തൽക്ഷണം കെട്ടിവെക്കേണ്ടതാകുന്നു. അങ്ങനെ ചെയ്യുന്നതിൽ വീഴ്ച വരുത്തിയാൽ ൨-ം വകുപ്പുപ്രകാരം അയാൾ ഡെമണിവച്ച പണം പിഴയായി പിടിക്കയും മെല്പറഞ്ഞ നിശ്ചയങ്ങളിന്മേൽ തൽക്ഷണം വീണ്ടും ആ സ്വാതന്ത്ര്യത്തെ ലേലം ചെയ്കയും മേലാൽ ലേലം വിളികേൾപ്പാൻ അയാളെ അനുവദിക്കാതിരിക്കയും ചെയ്യുന്നതാകുന്നു.

൫. ഒരു സ്വാതന്ത്ര്യം ലേലത്തിൽ തീച്ചയാക്കപ്പെടുകയും ൪-ം വകുപ്പിൻപ്രകാരം ഡെമണി വെക്കുകയും ചെയ്തിട്ടുള്ളവർ ലേലതീയതി മുതൽ ഏഴ ദിവസങ്ങൾക്കുള്ളിൽ മുമ്പു വച്ച ഡെമണി സംഖ്യകളോടുകൂടി മൂന്നു മാസത്തെ കിസ്തിനു തുല്യമായിവരുന്ന മുതൽകൂടി ഡെമണി വെക്കേണ്ടതും വേണ്ടപ്പെട്ട കച്ചീട്ടുകൾ എഴുതി കൊടുക്കേണ്ടതും ഇതിനു വഴിയെ കാണിച്ച നിശ്ചയങ്ങൾ പ്രകാരം ലൈസൻസുകൾ വാങ്ങേണ്ടതും ആകുന്നു. ആദ്യം വച്ച ഡെമണി മൂന്നു മാസത്തെക്ക കിസ്ത സംഖ്യയിൽ അധികരിക്കുന്നു എങ്കിൽ താഴെ ൭-ം വകുപ്പിൻപ്രകാരം ലേലത്തിൽ എടുത്ത ആളൊട്ടു ആറു മാസത്തെ കിസ്ത ഡെമണി വെക്കുവാൻ ആവശ്യപ്പെടാത്തപക്ഷം ആ അധികരിച്ച സംഖ്യ ആയാൾക്ക മടക്കികൊടുക്കുകയും ചെയ്യും.

൬. ലേലം കഴിഞ്ഞതിൽ പിന്നെയും അതു ക്രമമായി സ്ഥിരപ്പെടുത്തുന്നതിനു മുമ്പായും ചെയ്തിട്ടുള്ള അന്വെഷണത്താൽ ലേലത്തിൽ എടുത്തവനു തക്കതായ മുതലുണ്ടൊ ഇല്ലയൊ എന്നു സംശയമുള്ളതായി കാണപ്പെട്ടാൽ മെൽ ൫-ം വകുപ്പിൽ നിശ്ചയിച്ച സംഖ്യക്കു ഇരട്ടിക്കുക ഡെമണി വെക്കുവാനൊ കരാറിലെ നിശ്ചയപ്രകാരം അവൻ അടക്കാതെ ബാക്കി വെക്കാവുന്ന എല്ലാ പണവും ക്രമമായി അടക്കേണ്ടതിനുവേണ്ടി ജാമ്യക്കച്ചീട്ടു എഴുതി കൊടുപ്പാൻ രണ്ടു ആളെ ജാമ്യമായി കൊടുക്കാനൊ അവനൊടാവശ്യപ്പെടാവുന്നതാകുന്നു.

൭. ൫-ം വകുപ്പിൻപ്രകാരം ഡെമണി വെക്കാനൊ ൬-ം വകുപ്പിൻപ്രകാരം ആവശ്യപ്പെടും ചെയ്വാനൊ മെൽപറഞ്ഞപ്രകാരം കച്ചീട്ടു എഴുതികൊടുക്കുകയും ലൈസൻസുകൾ വാങ്ങുകയും ചെയ്വാനൊ വല്ലയാളും വീഴ്ച ചെയ്യുന്നപക്ഷം ൨-ം ൪-ം വകുപ്പുകളിൻപ്രകാരം വച്ച ഡെമണി സംഖ്യകൾ പിഴയായി എടുക്കപ്പെടുന്നതും സ്വാതന്ത്ര്യാവകാശത്തെ ആയാളുടെ യൊഗ്യതായൊഗ്യതിന്മേൽ വീണ്ടും വില്ക്കുകയാകട്ടെ ദിവാൻജീ യുക്തപ്രകാരം വേറെ വിധം നടത്തുകയാകട്ടെ ചെയ്യപ്പെടുന്നതും ആകുന്നു.

൮. ൭ാം വകുപ്പിൻപ്രകാരം ഉണ്ടാകുന്ന പുനർവിക്രയങ്ങളും വീഴ്ച ചെയ്തിരിക്കുന്ന ആദ്യത്തെ ലേലക്കാരന്റെ യൊഗ്യാഗ്യത്തിന്മെൽ ആയിരിക്കുന്നതും രണ്ടാമത്തെ വിക്രയത്താൽ ഉണ്ടാകുന്ന യാതൊരു ആദായവും അവനു കിട്ടുകയില്ലെന്നു മാത്രമല്ലാ അതിനാൽ വല്ല നഷ്ടവും ഉണ്ടാകുന്ന പക്ഷം ആദ്യത്തെ ലേലനിശ്ചയപ്രകാരം മുഴുവൻ കാലത്തെക്കു അവൻ അടയ്ക്കേണ്ടുന്ന മൊത്തം സംഖ്യയിൽ നിന്നു രണ്ടാമത്തെ ലേലത്തിൽ എടുത്ത ആൾ അടയ്ക്കേണ്ടുന്ന മൊത്തം സംഖ്യ കഴിച്ചുണ്ടാകുന്ന കുറവിനെ അവൻ വകവച്ചു കൊടുക്കേണ്ടതുമാകുന്നു. ഒടുവിൽ പറഞ്ഞ സംഗതിയിൽ പിഴയായെടുത്ത ഡെമണിസംഖ്യയെ രണ്ടാമതു ലേലത്താൽ ഉണ്ടാകുന്ന നഷ്ടസംഖ്യക്കായി വകവച്ചെടുത്തതിൽ പിന്നെ നഷ്ടസംഖ്യയിൽ വല്ലതും ശെഷിച്ചിരുന്നാൽ അതു കരക്കുടിശ്ശികപൊലെ ആ ലേലക്കാരനിൽനിന്നു വസൂലാക്കപ്പെടുന്നതാകുന്നു, എന്നാൽ പിഴയായെടുത്ത ഡെമണിസംഖ്യകൾ രണ്ടാമതു ലേലത്താലുണ്ടാകുന്ന നഷ്ടസംഖ്യയെക്കാൾ കൂടിയതാണെങ്കിൽ ആ ഡെമണിസംഖ്യകൾ മുഴുവനും ഗവൎമ്മെന്റിലെക്കു എടുക്കപ്പെടുന്നതുമാകുന്നു. പുനർവിക്രയത്താലല്ലാതെ വെറെ പ്രകാരത്തിൽ സ്വാതന്ത്ര്യാവകാശത്തിന്റെ കാര്യം തീർച്ചപ്പെടുത്തുകയും അങ്ങനെ തീർച്ചപ്പെടുത്തിയതിനാൽ ആദ്യത്തെ ലേലസംഖ്യയൊടൊപ്പിച്ചു നൊക്കുമ്പൊൾ ഗവൎമ്മെന്റിലെക്കു നഷ്ടം സംഭവിക്കയും ചെയ്യുന്നപക്ഷം ആദ്യത്തെ ലേലക്കാരൻ ആ നഷ്ടത്തിനു കൂടി ഉത്തരവാദിയായിരിക്കയും ചെയ്യും.

൯. ലേലവിക്രയങ്ങളിലൊ പുനർവിക്രയങ്ങളിലൊ വിളികെട്ടു ലേലം സ്ഥിരപ്പെടുത്തപ്പെട്ടവർ ദിവാന്റെ സമ്മതംകൂടാതെ തങ്ങളുടെ സ്വാതന്ത്ര്യാവകാശത്തെ ഇഷ്ടംപൊലെ വില്ക്കാനൊ കൈമാറ്റംചെയ്വാനൊ കീഴ്ക്കുത്തകയായി കൊടുക്കാനൊ അനുവദിക്കപ്പെടുന്നതല്ല. അങ്ങനെ ചെയ്യുന്നതു അനുവദിക്കാതിരിക്കാനു ദിവാനു സ്വാതന്ത്ര്യമുണ്ടായിരിക്കയും ചെയ്യും.

൧൦. സ്വാതന്ത്ര്യാവകാശം വിലക്കെടുത്ത ആൾക്കു ക്രമമായ ലൈസൻസു യഥാൎത്ഥത്തിൽ കൊടുത്തിട്ടില്ലെങ്കിലും താഴെ വിവരിച്ച നിശ്ചയങ്ങളെ ലംഘിച്ചുനടന്നാൽ ആ വക ലംഘനങ്ങൾക്കു നിശ്ചയിച്ചിരിക്കുന്ന ശിക്ഷക്കു അവൻ പാത്രമായിരിക്കയും ചെയ്യും.

൧൧. ഒരു വക ലേലംവിളികൾക്കലിനെ യാതൊരു കാരണവുംപറയാതെ തള്ളുന്നതിനും മുതലെടുപ്പിന്റെ കാര്യത്തിനു തക്കവണ്ണം യുക്തമെന്നു തൊന്നുന്ന ഏൎപ്പാടുകൾ ചെയ്യുന്നതിനും ദിവാനു അധികാരമുള്ളതാകുന്നു.

നിശ്ചയങ്ങൾ.

൧. മെൽ പറഞ്ഞ സ്വാതന്ത്ര്യാവകാശത്തിൽ കള്ളു വില്ക്കുന്നതു മാത്രം ഉൾപ്പെട്ടിരിക്കുന്നതാകുന്നു.

ഓരൊ കടയ്ക്കും പ്രത്യെകം ഓരൊ ലൈസൻസു സമ്പാദിച്ചുകൊള്ളെണ്ടതാകുന്നു

൨ (൧) മെൽപറഞ്ഞ സ്വാതന്ത്ര്യാവകാശം സിദ്ധിച്ചതിനു അടയ്ക്കേണ്ടതായ സംഖ്യ പന്ത്രണ്ടു തവണയായി ൧൦൭൨-ാമാണ്ടു ചിങ്ങമാസം മുതൽ മാസംതൊറും ൧൦-ാം തീയതിയൊ അതിനു മുമ്പൊ താലൂക്കു ഖജനാവുകളിൽ അടയ്ക്കേണ്ടതാകുന്നു.

(൨) ലൈസൻസുകാരൻ മെൽപറഞ്ഞ ൫ാം വകുപ്പുംപ്രകാരം കെട്ടിവച്ച ഡെമണിസംഖ്യ പണമായിട്ടാണെങ്കിൽ ആയതു കുത്തകകാലാവസാനത്തിൽ മൂന്നു മാസത്തെ കിസ്തുവകക്കുള്ള അടവായി ചെൎക്കപ്പെടും. ഡെമണിവച്ചതു ഗവൎമ്മെന്റു പ്രാമിസറി നൊട്ടായിരിക്കയും അവ കൈവശം വച്ചുകൊണ്ടിരിപ്പാൻ ലൈസൻസുകാരൻ ആഗ്രഹിക്കയും ചെയ്യുന്നപക്ഷം അവൻ അടയ്ക്കേണ്ടുന്ന കിസ്തു മുഴുവനും അടച്ചതിൽപിന്നെ അവയെ അവനു മടക്കികൊടുക്കയും ചെയ്യും അല്ലാത്തപക്ഷം അവയെ വില്ക്കയൊ വെറെ പ്രകാരത്തിൽ കൈകാൎയ്യം ചെയ്കയൊ ചെയ്തു പിരിയുന്ന മുതൽ കുത്തകകാലത്തിൽ ഒടുവിലത്തെ മൂന്നുമാസം വക കിസ്തുകൾക്കായി എടുക്കുന്നതും അടപ്പാൻ പിന്നെയും വല്ല ബാക്കിയും ഉണ്ടായാൽ ആയതു കരക്കുടിശ്ശികപൊലെ വസൂൽചെയ്യപ്പെടുന്നതും ആകുന്നു. അതാതു മാസം ൧൦-ാം-ക്കകം അടയ്ക്കാതിരുന്നാൽ വിവരം എക്സൈസ് കമ്മീഷണർ തെര്യപ്പെടുത്തിയതിനമെൽ ദിവാൻപെഷ്കാർ ആ ബാക്കിയെ കരാൽ റെഗുലെഷൻ അനുസരിച്ചു വസൂൽചെയ്യാൻ ഉടനെ പ്രവൎത്തിക്കുന്നതാകുന്നു. സ്വാതന്ത്ര്യാവകാശം രണ്ടാമതു വില്പാൻ തീർച്ചപ്പെടുന്നതായാൽ ദിവാൻപെഷ്കാർ അങ്ങനെ വീഴ്ചചെയ്യുന്ന ആളുടെ ലൈസൻസിനെ മടക്കിവെക്കുകയും സ്വാതന്ത്ര്യാവകാശം രണ്ടാമതു വില്പാനുള്ള നൊട്ടീസു ഉടനെ പിറെറ മാസം ൧൫-യിൽ അധികരിക്കാത്ത സമയത്തിനുള്ളിൽ കൊടുക്കുകയും ലേലത്തിൽ പുതുതായി ഏടുത്ത ആൾക്കു ലൈസൻസു കൊടുത്തു തീയതിമുതൽ ഉടമ്പടിയനുസരിച്ചും നിശ്ചയിച്ച ദിവസം അതു വില്ക്കയും ചെയ്യുന്നതാകുന്നു. അങ്ങനെ ചെയ്യുന്നപക്ഷം ഡെമണി വച്ച മുതൽകൊണ്ടു അടയ്ക്കുവാനുള്ള വല്ല ബാക്കിയും മെൽപ്രകാരം കെട്ടിവച്ചതിനാലും പുനർവിക്രയത്താലും ഗവൎമ്മെന്റിനു വല്ല നഷ്ടവും ഉണ്ടായിട്ടു

ണ്ടെങ്കിൽ അതും പൂത്തിയാകയും ഉടനെ പിന്നെ ശിഷ്ടമുണ്ടാകുന്നതായാൽ ആയതു പിഴയായി പിടിക്കുകയും ചെയ്യും എന്നാൽ ഡെമണിൽ ച്ചു മുതൽകൊണ്ടു ബാക്കിക്കും പുനർവിക്രയത്താലുള്ള നഷ്ടത്തിനും മതിയാകാതെ വന്നാൽ ആ മതിയാകാതെ വന്ന തുകക്കു ലൈസൻസുകാരൻ ഉത്തരവാദിയായിരിക്കുന്നതും ആകുന്നു.

(൩) എന്നാൽ മേൽപറഞ്ഞ പുനർവിക്രയം ദിവാൻ ക്രമപ്രകാരം സ്ഥിരപ്പെടുത്തുന്നതിന്നനുസരിച്ചിരിക്കുന്നതും ലേലത്തിൽ വിളികെട്ടിട്ടുള്ളതിനെ ദിവാൻ യുക്തപ്രകാരം സ്വീകരിക്കയൊ ഉപേക്ഷിക്കയൊ ചെയ്യാവുന്നതും ആകുന്നു. ലേലത്തിൽ തീച്ചപ്പെടുത്തുന്ന സംഖ്യ സ്വാതന്ത്ര്യാവകാശത്തിന്നു കുത്തകബാക്കികാലത്തെക്കു മാസംതോറും അടക്കേണ്ടുന്ന സംഖ്യയായിരിക്കയും ചെയ്യും.

(൪) പുനർവിക്രയത്തെ ദിവാൻ സ്ഥിരപ്പെടുത്താത്തപക്ഷം കുത്തകബാക്കി കാലത്തെക്കു തനിക്കു യുക്തമെന്നു തോന്നുന്ന മറ്റു വല്ല ഏപ്പാടും അദ്ദേഹത്തിന്നു ചെയ്യാവുന്നതാകുന്നു. അങ്ങിനെ ചെയ്യുന്നതായാൽ ആ വക ഏപ്പാടിന്റെ സ്വഭാവത്തെപ്പറ്റി അറിവു കൊടുക്കുന്നതായ ഒരു നോട്ടീസു വീട്ടു ചെയ്തു ലൈസൻസുകാരന്നു എക്സൈസ് കമ്മീഷണർ കൊടുക്കേണ്ടതാകുന്നു.

(൫) ൨-ം നിശ്ചയത്തിലെ മേൽപറഞ്ഞ ബന്ധങ്ങൾ പ്രകാരം ലൈസൻസുകാരൻ അടക്കേണ്ടുന്ന വല്ല സംഖ്യയും കരംപിരിവുറെഗുലേഷൻപ്രകാരം വസൂൽ ചെയ്യപ്പെടുന്നതാകുന്നു. ലൈസൻസുകാരൻ അടക്കേണ്ടതായ കിസ്തിൽ കുറച്ചുകിട്ടുവാനൊ വിട്ടുകിട്ടുവാനൊ അവൻ യാതൊരു സംഗതിയാലും അവകാശപ്പെടുവാൻ പാട്ടുള്ളതല്ല.

൩. ലൈസൻസുകാരൻ വില്പാനാവശ്യപ്പെടുന്ന കള്ളു ൨-ം താലൂക്കിനകത്തുള്ളതും കുടികളുടെ വകയും ആയ ഭൂമികളിൽ വളരുന്ന വൃക്ഷങ്ങളിൽ നിന്നു എക്സൈസ് ആഫീസരോടു അപേക്ഷിച്ചാൽ കിട്ടുന്നതായ ലൈസൻസു അനുസരിച്ചു എടുക്കുകയൊ എടുപ്പിക്കുകയൊ ചെയ്യാം. ക്രമമായ ലൈസൻസില്ലാതെകണ്ടു കള്ളെടുപ്പാൻ പാടില്ല. അതാതു പ്രദേശത്തിലെ ലൈസൻസുള്ള മറ്റു വല്ല കള്ളുവില്പനക്കാരന്നോടും കള്ളു വാങ്ങിക്കാൻ ആയാൾക്കു പാട്ടുള്ളതാകുന്നു.

൪. ലൈസൻസുകാരൻ തനിക്കു കിട്ടീട്ടുള്ള ലൈസൻസു തന്റെ കടയിൽ എല്ലായ്പോഴും കാണത്തക്ക ഒരു സ്ഥലത്തു വെക്കേണ്ടതാകുന്നു. അങ്ങിനെയുള്ള കട വൃത്തിയുള്ളതായ ഒരു കെട്ടിടത്തിലൊ വീട്ടിലൊ ആയിരിക്കേണ്ടതും കള്ളല്ലാത്ത മറ്റു ലഹരിസാധനങ്ങൾ വില്പാനുള്ള ഡിപ്പൊവുകളോടൊ കടകളോടൊ കൂടി ഒരേ എടപ്പിടത്തിൽതന്നെ വെപ്പാൻ പാടില്ലാത്തതും ആകുന്നു. കടയായി ഉപയോഗപ്പെടുത്തുന്ന മുറിയൊ മുറികളൊ കടക്കാരൻ പാക്കുന്ന വീട്ടിൽതന്നെയായിരുന്നാലും അല്ലാതിരുന്നാലും എല്ലായ്പോഴും പ്രത്യേകമായിരിക്കേണ്ടതാകുന്നു. പീടികയും അതിന്നു തൊട്ടിരിക്കുന്ന വല്ല എടപ്പിടത്തിന്നും മദ്ധ്യേ ഗതാഗതത്തിന്നുള്ള ഒരു വാതലുണ്ടായിരുന്നാൽ അതു രാത്രികാലം പൂട്ടിയിടേണ്ടതാകുന്നു.

൫. ലൈസൻസുകാരൻ തന്റെ പേരും തന്റെ ലൈസൻസിന്റെ നമ്പരും കള്ളിന്റെ വിലയും മലയാളത്തിൽ വ്യക്തമായി എഴുതീട്ടുള്ള ഒരു അടയാളപ്പലക തന്റെ കടയുടെ മുൻഭാഗത്തിൽ തെളിവായ ദിക്കിൽ പതിച്ചിരിക്കേണ്ടതാകുന്നു.

൬. ലൈസൻസുകാരൻ തന്റെ കടയിൽ ഒരു സമയത്തും കള്ളു ശേഖരിച്ചു വച്ചിരിക്കേണ്ടതാകുന്നു

൭. ലൈസൻസുകാരൻ തന്റെ കടയിൽ അധികമായ മദ്യപാനവും അക്രമവും ചൂതു മുതലായ കളികളും വിരോധിക്കേണ്ടതാകുന്നു. കുഷ്ഠരോഗമൊ തൊട്ടാൽ പകരുന്ന മറ്റു രോഗങ്ങളൊ പിടിപെട്ടവരെ കടയിൽവെച്ചു വില്പന നടത്തുവാൻ അനുവദിക്കയും അരുതു.

൮. ലൈസൻസുകാരൻ തന്റെ കടയിൽ കവച്ചക്കാരെക്കൊ കള്ളന്മാക്കൊ കലഹക്കാക്കൊ സങ്കേതം കൊടുക്കാതെ തന്റെ കടയിൽ വരുന്ന മേൽപ്രകാരമുള്ള വല്ലവരെയും കുറിച്ചു ഉടനെയും അടുത്ത മാജിസ്ട്രേട്ടിന്നൊ പൊലീസുദ്യോഗസ്ഥന്നൊ അറിവു കൊടുക്കേണ്ടതാകുന്നു.

൯. ധാന്യമൊ ആഭരണങ്ങളൊ സാമാനങ്ങളൊ വസ്ത്രാദികളൊ മറ്റു സാമാനങ്ങളൊ കള്ളിന്നു പകരമായൊ പണയമായൊ ലൈസൻസുകാരൻ വാങ്ങരുതു; എന്നു മാത്രമല്ല ആ വക വല്ലതും കൊടുക്കാമെന്നു പറഞ്ഞാൽ ആ വിവരം ഉടനെയും അടുത്ത മാജിസ്ട്രേട്ടിന്നൊ പൊലീസുദ്യോഗസ്ഥന്നൊ അറിവു കൊടുക്കേണ്ടതാകുന്നു.

൰. ബലപ്പെട്ട ഒരു കാരണം കൂടാതെ തന്റെ കടയിൽ നിന്നു (ഒരു ഗ്യാലന്റെ പകുതിയായി) കുന്നു സാധാരണ കാട്ടിലൊ മേലിൽ നിശ്ചയിക്കാവുന്ന മറ്റു വല്ല തുകയിലൊ അധികം കള്ളു ഒരിക്കൽതന്നെ ഒരാൾ കൊണ്ടുപോവാൻ യാതൊരു സംഗതിയാലും ലൈസൻസുകാരൻ സമ്മതിച്ചുപോകരുതു.

൧൧. ലൈസൻസുകാരൻ സൂര്യോദയത്തിനു മുമ്പു, തന്റെ കട തുറക്കുകയൊ അധികം നെരം തുറന്നു വെച്ചിരിപ്പാൻ പ്രത്യേകമായൊ പൊതുവായൊ എക്സൈസ് കമ്മീഷണർ അനുവദിച്ചിട്ടില്ലെങ്കിൽ രാത്രി ൯ മണിക്കു ശെഷം തുറന്നു വെക്കുകയൊ രാത്രി യാതൊരാളെയും തന്റെ കടയിൽ താമസിപ്പാൻ സമ്മതം കൊടുക്കുകയൊ ചെയ്യരുതു.

൧൨. പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന പൊലീസു സൈന്യത്തിലെ യാതൊരാളുക്കൊ ഉപ്പു കസ്റ്റംസ്, ഫാറസ്റ്റ ഡിപ്പാർട്ടുമെന്റുകളിലെ വല്ല ഉദ്യോഗസ്ഥന്നൊ പൊലീസു ബന്തോവസ്തിൽ കൊണ്ടുപൊകപ്പെടുന്ന യാതൊരു യൂറൊപ്യൻ കുഴപ്പക്കാരന്നൊ അതുകളെ കടയിൽ നിന്നു സെവിപ്പാനായി പന്ത്രണ്ടു വയസ്സിന്നു താഴെ പ്രായമുള്ള കുട്ടികൾക്കാകട്ടെ ലൈസൻസുകാരൻ യാതൊരു കള്ളും വില്ക്കുകയൊ കൊടുക്കുകയൊ ചെയ്യരുതു കടമായി യാതൊരു കള്ളും വില്ക്കുകയുമരുതു.

൧൩. പൊലീസ ഭരണ വിഷയമായൊ യുക്തമെന്നു തൊന്നുന്നതായാലൊ കടകൾ ഒരു സ്ഥലത്തു നിന്നും മറെറാരു സ്ഥലത്തെക്കു മാററം ചെയ്യാൻ അനുവദിപ്പാനൊ കടകൾ പൂട്ടിക്കളവാൻ ആജ്ഞാപിപ്പാനൊ ദിവാന്നു അധികാരമുള്ളതാകുന്നു.

൧൪. അതാതു സമയം എക്സൈസു കമ്മീഷണർ ആവശ്യപ്പെടുന്ന കണക്കുകളും വിവരങ്ങളും കൊടുപ്പാൻ ലൈസൻസുകാരൻ ബാദ്ധ്യസ്ഥനാണ്.

൧൫. കള്ളിൽ നിന്നു മദ്യങ്ങൾ വാററിയുണ്ടാക്കുന്നതു തീരെ വിരൊധിച്ചിരിക്കുന്നു.

൧൬. ലൈസൻസുകാരൻ മെൽ ൩ാം നിശ്ചയത്തിൽ വിവരിച്ചിട്ടുള്ള വിധത്തിൽ കിട്ടീട്ടുള്ളതല്ലാത്ത യാതൊരു കള്ളിനെയും വില്ക്കുകയൊ ലഹരി വർദ്ധിപ്പിക്കെണ്ടതിന്നൊ മററു വല്ല സംഗതിക്കൊ ആയി ദെഹസൌഖ്യത്തിന്നു ദൊഷകരമായ യാതൊരു സാധനവും കള്ളിൽ ഇടുകയൊ ചെയ്യരുതു

൧൭. ഗ്രാമൻ ഒന്നിനു ൭ ചക്രത്തിൽ കുറഞ്ഞു ലൈസൻസുകാരൻ കള്ളു വില്ക്കരുതു ലൈസൻസിൽ വിവരിച്ചിട്ടുള്ള സ്ഥലത്തല്ലാതെ വെറെ യാതൊരെടത്തും കള്ളു വില്ക്കുകയൊ സൂക്ഷിക്കുകയൊ ചെയ്വാനും ലൈസൻസുകാരനു പാടുള്ളതല്ലാ.

൧൮. അതാതുസമയം ഗവന്മെണ്ടിൽ നിന്നു നിശ്ചയിക്കുന്നവയല്ലാതെ മററു യാതൊരു അളവുകളും ലൈസൻസുകാരൻ കൈവശം വെക്കുകയൊ ഉപയൊഗിക്കുകയൊ അരുതു ദിവാൻ അങ്ങിനെ ഉത്തരവാകുന്നപക്ഷം എക്സൈസ് കമ്മീഷണരുടെ ആഫീസിൽ തന്റെ അളവുകൾ പരിശൊധിച്ചു മുദ്രവെപ്പിക്കെണ്ടതുമാകുന്നു.

൧൯. ലൈസൻസുകാരനു ഓരൊ കടക്കും തന്റെ സ്വന്തയാളിനെ കടക്കാരനായി നിയമിക്കാവുന്നതാണ.

൨൦. വല്ല പുറരാജ്യചാരായങ്ങളൊ നാട്ടുമദ്യമൊ നാട്ടു ബീറൊ ലൈസൻസു സംബന്ധിക്കുന്നതല്ലാത്ത മററു ചാരായമൊ ഒരു കടകളിൽ വച്ചു സൂക്ഷിക്കുകയൊ വില്ക്കുകയൊ ചെയ്വാൻ പാടുള്ളതല്ലാ കഞ്ചാവൊ അഫീനൊ അതുപൊലെയുള്ള മററു ലഹരിസാധനമൊ കടയിൽ സൂക്ഷിക്കുകയൊ വില്ക്കുകയൊ ചെയ്യാൻ പാടില്ലാത്തതാകുന്നു.

൨൧. ദിവാന്റെ അനുവാദത്തൊടുകൂടിയല്ലാതെ ലൈസൻസുകാരൻ തന്റെ സ്വാതന്ത്ര്യാവകാശം വില്ക്കുകയൊ കൈമാററം ചെയ്കയൊ കീഴ്കുത്തകയായി കൊടുക്കുകയൊ ചെയ്വാൻ പാടുള്ളതല്ലാ

൨൨. ലൈസൻസുകാരൻ അവധിക്കു അടയ്ക്കാതെയുള്ള എല്ലാ സംഖ്യകൾക്കും ആണ്ടു ഒന്നുക്കു നൂറിനു പന്ത്രണ്ടുവീതമുള്ള പലിശ അടക്കണ്ടതാണ്.

൨൩. ലൈസൻസുകാരൻ ഒടുക്കാനുള്ള എല്ലാ സംഖ്യയും അവന്റെ ഡെമണിയിൽ നിന്നും കഴിക്കുകയൊ കരക്കുടിശ്ശിഖ റെഗുലെഷൻപ്രകാരം അവന്റെ സ്വത്തു ജപ്തിചെയ്തു വിററു വസൂലാക്കുകയൊ ചെയ്യാവുന്നതാകുന്നു.

൨൪. ലൈസൻസുകാരൻ തന്റെ കരാറുപ്രകാരം കൃത്യമായി നടക്കുന്നതിലെക്കു ഉറപ്പിന്നായി ഡെമണിവച്ച സംഖ്യയിൽ നിന്നു വല്ല സംഖ്യയും ഇതിൽ അടങ്ങീട്ടുള്ള അധികാരങ്ങൾ പ്രകാരം ദിവാൻ കിഴിച്ചെടുത്താൽ അങ്ങിനെ കിഴിച്ചെടുത്ത വിവരം തന്നെ അറിയിക്കുന്നതായ ഒരു നൊട്ടീസു തനിക്കു കിട്ടിയ തീയതി മുതൽ ൧൫ ദിവസത്തിനകത്തു ടി സംഖ്യ താൻ അന്നാമത്തിലെക്കു വീണ്ടും പൂർത്തിയാക്കികൊള്ളുകയും വെണം,

൨൫. ലൈസൻസുകാരനൊ തന്റെ രഹസ്യമായ അറിവൊടും അനുകൂലത്തൊടുംകൂടെ തന്റെ പണിക്കാരിൽ ആരെങ്കിലുമൊ ലൈസൻസിലെ നിശ്ചയങ്ങളിൽ വല്ല ലംഘനവും ചെയ്യുന്നപക്ഷം അങ്ങിനെയുള്ള ഒരൊ ലംഘനത്തിന്നു ലൈസൻസുകാരനു ൫൦ രൂപായി

ൽ കവിയാത്ത ഒരു പിഴ ചുമത്തുവാനൊ ഡെമണി വച്ച പണമൊ ഗവൎമ്മെൻറു പ്രാമിസ്സറി നൊട്ടുകളൊ ദിവാൻെറ യുക്തപ്രകാരം പിഴയായി പിടിച്ച ലൈസൻസു ദുൎബ്ബലപ്പെടുത്തുകയും സ്വാതന്ത്ര്യാവകാശം ലൈസൻസുകാരൻെറ യൊഗ്യതായൊഗ്യതയിന്മെൽ തീൎച്ചയാക്കിക്കയും ചെയ്യാനൊ ദിവാന്നും ദിവാൻെറ അനുവാദത്തൊടുകൂടി എക്സൈസ കമ്മീഷണൎക്കും അധികാരമുള്ളതും അതുകൊണ്ടുണ്ടാകുന്ന സകല നഷ്ടവും ലൈസൻസുകാരൻ വഹിച്ചു കൊടുക്കെണ്ടതുമാകുന്നു. ൯ാം വകുപ്പുപ്രകാരം ചുമത്തുന്ന എല്ലാ പിഴസംഖ്യയും ലൈസൻസിലെ നിശ്ചയങ്ങൾ പ്രകാരം ശരിയായി നടക്കെണ്ടുന്ന ഉറപ്പിലെക്കായി ലൈസൻസുകാരൻ ഡെമണി വച്ചിട്ടുള്ള വല്ല സംഖ്യയിൽ നിന്നു കിഴിച്ചെടുക്കയൊ അവന്റെ പെരിൽ കൈമാറിവച്ചതായ ഗവൎമ്മെൻറു പ്രാമിസ്സറിനൊട്ടുകളിൽ വല്ലതൊ എല്ലാമൊ വിററു ആ പിഴസംഖ്യ വസൂൽചെയ്കയൊ ചെയ്യുന്നതു ദിവാന്നു ന്യായമായിരിക്കയും ചെയ്യും. ഒരു ലൈസൻസു ദുൎബ്ബലപ്പെടുത്തിയാൽ ആ ലൈസൻസിലെ മുഴുവൻ കാലത്തെക്കുള്ള കിസ്തു ഉടനെ അടക്കെണ്ടിവരുന്നതാകുന്നു.

൨൬. ഇതിനടുത്തു മീതെ പറഞ്ഞ വകുപ്പിലെ നിശ്ചയപ്രകാരം പിഴ വിധിക്കയൊ ഡെമണിയെ പിഴയായി പിടിക്കയൊ ലൈസൻസു ദുൎബ്ബലപ്പെടുത്തുകയൊ ചെയ്യുന്നതുകൊണ്ടു കള്ളാൻ നിയമത്തിനൊ കള്ളാൻ മുതലെടുപ്പിനൊ സംബന്ധിച്ചു തല്ക്കാലം നടപ്പുള്ള മററു നിയമത്തിന്നൊ വിരൊധമായി ചെയ്യുന്ന വല്ല കുററത്തിന്നും വല്ല ആളുകളുടെയും മെൽ ക്രിമിനാൽ വിസ്താരം നടത്തുന്നതിലെക്കു തടസ്ഥം ഉള്ളതായി വിചാരിക്കപ്പെടുന്നതും അല്ല.

൨൭. കള്ളാൻ റെഗുലെഷനിലെ നിയമങ്ങൾക്കൊ അതാതുസമയം നടപ്പുള്ളെയും കള്ളാൻ മുതലെടുപ്പിനെ സംബന്ധിക്കുന്നെതും ആയ മററു നിയമത്തിന്നൊ വിരൊധമായി ചെയ്ത വല്ല കുററത്തിന്നും ഒരു മജിസ്ത്രെട്ടിൻെറ മുമ്പാകെയുള്ള ക്രിമിനാൽ വിസ്താരത്തിൽ ലൈസൻസുകാരൻെറ മെൽ കുററസ്ഥാപനമുണ്ടായാൽ അവൻെറ ലൈസൻസു ദുൎബ്ബലപ്പെടുത്തുന്നതു ദിവാന്നു ന്യായമായിരിക്കയും ചെയ്യും. ശിക്ഷാനിയമത്തിന്നു വിരൊധമായി ചെയ്ത വല്ല കുററത്തിന്നും ലൈസൻസുകാരൻെറ മെൽ കുററം സ്ഥാപനമായാൽ അങ്ങിനെ കുററം സ്ഥാപനമാകുന്നതിന്നു കാരണമായ കുററം ദിവാൻെറ അഭിപ്രായത്തിൽ ലൈസൻസു ദുൎബ്ബലപ്പെടുത്തുവാൻ സംഗതിവരത്തക്കതായിരിക്കുന്നപക്ഷം അവൻെറ ലൈസൻസു ദുൎബ്ബലപ്പെടുത്തുന്നതു ദിവാന്നു ന്യായമായിരിക്കയും ചെയ്യും.

൨൮. കള്ളുണ്ടാക്കുവാനൊ കൊണ്ടുപൊവാനൊ വില്പാനൊ വെണ്ടി ലൈസൻസുകാരനാൽ നിയമിക്കപ്പെട്ട യാതൊരാളെങ്കിലും അബ്കാരി നിയമങ്ങൾക്കു വിരൊധമായി വല്ല പ്രവൃത്തിയും ചെയ്യുന്നതായി ലൈസൻസുകാരൻെറ അറിവിൽ വന്നാൽ ആ വിവരത്തെ എക്സൈസ കമ്മീഷണൎക്കു റിപ്പൊൎട്ടു ചെയ്യെണ്ടതും അയാളെ ഉദ്യൊഗത്തിൽ നിറുത്തുന്നതിനെപ്പററി ആ ഉദ്യൊഗസ്ഥൻെറ ഉത്തരവുകളനുസരിച്ചു നടക്കെണ്ടതും ലൈസൻസുകാരൻെറ പ്രവൃത്തിയായിരിക്കും. ശിക്ഷാനിയമപ്രകാരം ശിക്ഷിക്കപ്പെട്ട ആളുകളെ അതാതു സംഗതിയിൽ എക്സൈസ കമ്മീഷണരുടെ സമ്മതം വാങ്ങാതെ ചാരായം കടത്തുകയൊ വില്ക്കയൊ ചെയ്യുന്നതിന്നു പണിയിൽ വെക്കുവാൻ ലൈസൻസുകാരന്നു പാടുള്ളതല്ല.

൨൯. മദ്യം ഊററുന്നതിന്നു ആവശ്യമുള്ള വൃക്ഷങ്ങളെ ചെത്തുന്നതിലെക്കു വാടകക്കാരൻ കരക്കാരനെ അനുവദിക്കുന്നതിന്നു ലൈസൻസുകാരൻ ബാദ്ധ്യസ്ഥനാകുന്നു. ആ വൃക്ഷങ്ങളിൽ അടയാളവും നമ്പരും എക്സൈസ ഡിപ്പാൎട്ടുമെൻറിൽ നിന്നു ഇടുന്നതാകുന്നു.

൩൦. എക്സൈസ ഡിപ്പാൎട്ടുമെൻറിലെ യാതൊരു ഉദ്യൊഗസ്ഥന്മാരൊടും ലൈസൻസുകാരൻ പണസംബന്ധമായ യാതൊരു ഇടപാടും വച്ചുകൊള്ളുന്നതല്ലാത്തതാകുന്നു.

൩൧. ഇപ്പൊൾ നടപ്പുള്ളതൊ മെലിൽ നിയമിക്കപ്പെടുന്നതൊ ആയ അബ്കാരി നിയമങ്ങൾക്കനുസരിച്ചു ഉണ്ടാക്കപ്പെടുന്ന വല്ല കൂടുതലായ പൊതുചട്ടങ്ങൾ പ്രകാരം നടപ്പാൻ ലൈസൻസുകാരൻ ബാദ്ധ്യസ്ഥനായി വരുന്നതുകൂടാതെ എക്സൈസ കമ്മീഷണരുടെയൊ ക്രമമായി അധികാരപ്പെടുത്തപ്പെടുന്ന വല്ല ഉദ്യൊഗസ്ഥൻെറയൊ ആവശ്യത്തിന്മെൽ തൻെറ ലൈസൻസു മെൽപ്രകാരം ഹാജരാക്കെണ്ടതിന്നൊ പുതുതായി ഒരു ലൈസൻസു കിട്ടെണ്ടതിന്നൊ മടക്കി കൊടുക്കെണ്ടതുമാകുന്നു.

൩൨. ഏതെങ്കിലും കള്ളു ചീത്തയായതൊ അല്ലെങ്കിൽ ഉപയൊഗിപ്പാൻ കൊള്ളരുതാത്തതൊ ആണെന്നു കാണപ്പെട്ടാൽ അതിനെ എക്സൈസ ഡിപ്പാൎട്ടുമെൻറിലെ ഉദ്യൊഗസ്ഥന്മാൎക്കു നശിപ്പിക്കാവുന്നതാകുന്നു.

ഹജൂർക്കച്ചെരി തിരുവനന്തപുരം
൧൯൦൬ മെ ൭ാം }

ടി. രാജാരാമരായർ,
ദിവാൻപെഷ്കാർ ഇൻചാൎജ.

കലാൽ പരസ്യം.

൧൦൮൨, ൧൦൮൩-ാം ആണ്ടുകളിലേക്ക എക്സൈസ് വക തെക്കൻ ഡിവിഷനിലും മദ്ധ്യഡിവിഷനിലും നാട്ടുമദ്യങ്ങൾ ഏല്പിക്കുന്നതിലേക്കുള്ള ടെണ്ടറുകൾ.

	കള്ള്			കരുപ്പട്ടിച്ചാരായം		
	രൂ.	ച.	കാ.	രൂ.	ച.	കാ.
ഗ്യാലൻ ഒന്നിനു പ്രൂഫിനു താഴെ ൨൦ ഡിഗ്രി	൧	൧൪	൦	൧	൧൨	൦
ടി പ്രൂഫിനു താഴെ ൩൦ ഡിഗ്രി	൧	൧൦	൮	൧	൮	൦

പത്മനാഭപുരം, തിരുവനന്തപുരം ഈ രണ്ടു ഡിവിഷനുകൾ അടങ്ങിയ എക്സൈസ് വക തെക്കൻ ഡിവിഷനിലും, എക്സൈസ് ആക്ടു നടപ്പാക്കുന്നതായ മദ്ധ്യ ഡിവിഷൻ അല്ലെങ്കിൽ കൊല്ലം ഡിവിഷനിലും, ലൈസൻസുള്ള ചാരായ [illegible] സ്വതന്ത്രമായുള്ള പീടികകൾക്കും ൧൦൮൨, ൧൦൮൩-ാം ആണ്ടുകളിലേക്ക കള്ളും കരുപ്പട്ടിച്ചാരായവും ഏല്പിക്കുന്നതിനുള്ള സ്വാതന്ത്ര്യാവകാശത്തിനു ടെണ്ടറുകൾ ആവശ്യപ്പെട്ടിരിക്കുന്നു. ആവശ്യപ്പെട്ട മദ്യങ്ങൾ ഏല്പിക്കേണ്ട നിരക്കുകളെ മാർജിനിൽ കാണിച്ചിട്ടുണ്ട്. ഓരോ കൂട്ടത്തിനുള്ള ഓരോ തരം ചാരായത്തിനും (കള്ളും കരുപ്പട്ടിച്ചാരായവും) ഗ്യാലൻ ഒന്നിനു ഗവർമെണ്ടിലേക്ക തീരുവയായി എന്തു കൊടുക്കാൻ ടെണ്ടറുകാർ തയാറുണ്ടെന്നുള്ള വിവരം ടെണ്ടറിൽ കാണിച്ചിരിക്കണം. ഗാർഡുകൾക്കും, അളവു സിബ്ബന്തികൾക്കും വെവ്വേറെ ചിലവിനായി ഗവർമെണ്ടിലേക്ക യാതൊരു സംഖ്യയും ഒടുക്കേണ്ടതില്ല. ഓരോ വാടകസ്ഥലത്തേക്കും പ്രത്യേകം ടെണ്ടർ വേണ്ടതാകുന്നു.

൨. ഓരോ ടെണ്ടറിനോടുകൂടിയും റൊക്കമായിട്ടോ കൗൺസിൽ നോട്ടായിട്ടോ ൫൦൦ രൂപാ ഡിപ്പോസിറ്റ് കെട്ടിവെക്കേണ്ടതും, അതിനെ ഒരു കൂട്ടിൽ വെച്ചു അതിന്മേൽ "ഇന്ന ഡിവിഷനിലെ താലൂക്കുകളിൽ നാട്ടുമദ്യങ്ങൾ ഉണ്ടാക്കുകയും ഏല്പിക്കയും ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യാവകാശത്തിനായി ഉള്ള ടെണ്ടർ" എന്നു എഴുതിയിരിക്കേണ്ടതും ആകുന്നു. * ടെണ്ടറുകൾ ൧൦൮൧ ഇടവം [illegible] ജൂൺ [illegible] ഉച്ചക്കു ൧൨ മണിക്കു മുമ്പ ദിവാനു അയക്കേണ്ടതാകുന്നു. അതുകഴിഞ്ഞാൽ ഒരു ടെണ്ടറും സ്വീകരിക്കുന്നതല്ല. ടെണ്ടറിനോടുകൂടി ഏല്പിക്കാൻ വിചാരിക്കുന്ന ഓരോ തരം മദ്യത്തിന്റെയും ൧൦ കുപ്പി [illegible] മാതിരിക്കായി കൊടുക്കേണ്ടതും, കുപ്പികളിൽ മദ്യത്തിന്റെ കട്ടപ്പും ടെണ്ടറുകാരന്റെ പേരും മറ്റും കാണത്തക്ക വിധത്തിൽ കടലാസ്സു പുറത്തു ഒട്ടിച്ചിരിക്കേണ്ടതും ആകുന്നു.

൩. ടെണ്ടറുകളെ ദിവാൻ ൧൦൮൧ ഇടവം ൩൨-ാം൹ ൧൯൦൬ ജൂൺ ൧൫-ാം൹ പകൽ ൧൧ മണിക്കു തുറന്നു നോക്കുന്നതാകുന്നു. ദിവാൻ പൊതുഗുണത്തിനു ഏറ്റവും നന്നെന്നു തോന്നുന്ന ടെണ്ടറിനെ സ്വീകരിക്കയോ യാതൊരു കാരണവും പറയാതെ വല്ല ടെണ്ടറുകളെയും നിരസിക്കയോ, ഗവർമെണ്ടു മുതലെടുപ്പു കാര്യങ്ങൾക്കു തനിക്കു യുക്തമെന്നു തോന്നുന്നതായ ഏർപ്പാടുകൾ ചെയ്കയോ ചെയ്യാവുന്നതാകുന്നു.

൪. ഓരോ സംഗതിയിലും ദിവാന്റെ തീരുമാനം ൧൦൮൧ ഇടവം ൩൨-ാം൹ ജൂൺ ൧൫-ാം൹ തെരിയപ്പെടുത്തുന്നതും, ടെണ്ടറുകാരോടു വിവരം പറയുന്നതും അവർ തങ്ങൾ തന്നെയോ ക്രമമായി അധികാരപ്പെടുത്തപ്പെട്ട ഏജന്റുകൾ മുഖാന്തരമോ ഹജൂർകച്ചേരിയിൽ ഹാജരായിരിക്കേണ്ടതും, സ്വീകരിക്കാത്ത ടെണ്ടറുകാരുടെ ഡിപ്പോസിറ്റ് സംഖ്യകളെ അവർ ആവശ്യപ്പെടുമ്പോൾ തിരിയെ കൊടുക്കുന്നതും ആകുന്നു.

൫. ടെണ്ടർ സ്വീകരിക്കപ്പെട്ട ആൾ, അയാൾക്കു ദിവാന്റെ തീരുമാനം തെരിയപ്പെടുത്തിയതിൽപിന്നെ ഒരാഴ്ചക്കകം ടെണ്ടറിനോടുകൂടി മുമ്പു കെട്ടിവെച്ചിരുന്ന ഡിപ്പോസിറ്റുൾപ്പെടെ ൫,൦൦൦ രൂപാ റൊക്കമായിട്ടോ ദിവാൻ എൻഡോഴ്സ് ചെയ്യുന്ന പ്രാമിസറി നോട്ടായിട്ടോ കെട്ടിവെക്കേണ്ടതാകുന്നു. അങ്ങനെ ചെയ്യാൻ അയാൾ വീഴ്ച വരുത്തിയാൽ ടെണ്ടറിനെ സ്വീകരിച്ചിട്ടുള്ള തീരുമാനത്തെ റദ്ദു ചെയ്യുന്നതും, മുമ്പു വെച്ച ഡിപ്പോസിറ്റ് ഇടന്നുപോകേണ്ടതും, ദിവാൻ മുമ്പു വന്നിട്ടുള്ള ടെണ്ടറുകളിന്മേൽ പുതുതായി തീരുമാനം ചെയ്കയോ, തന്റെ യുക്തംപോലെ സ്വാതന്ത്ര്യാവകാശത്തെ വിനിയോഗിക്കയോ ചെയ്യുന്നതും ആകുന്നു.

൬. ഓരോ വാടകസ്ഥലത്തേക്കും മുമ്പു പറഞ്ഞപോലെ മുഴുവൻ ഡിപ്പോസിറ്റായ ൫,൦൦൦ രൂപാ കെട്ടിവെച്ചതിൽപിന്നെ ആരുടെ ടെണ്ടറും മുഴുവനുള്ള ഡിപ്പോസിറ്റും സ്വീകരിക്കപ്പെടുന്നുവോ അയാൾ, ഇതിനു താഴെ പറയുന്ന വ്യവസ്ഥകൾക്കു തന്നെയും, തന്റെ

* ഓരോ ടെണ്ടറും ഓരോ ഡിവിഷനിലേക്കോ രണ്ടു ഡിവിഷനിലേക്കും കൂടിയോ ആയിരിക്കാം. രണ്ടിനും കൂടിയാണെങ്കിൽ "തിരുവനന്തപുരം പത്മനാഭപുരം കൊല്ലം ഈ ഡിവിഷനുകളിലേക്കു" എന്ന എഴുതണം.

ന്തരവകാശികളെയും, പിൻഗാമികളെയും, അസൈനികളെയും, ബോദ്ധ്യപ്പെടുത്തുന്നതായി ഒരു ഉടമ്പടി എഴുതികൊടുക്കേണ്ടതും ഈ ഡെമണി മുഴുവൻ വ്യവസ്ഥതിന്മേൽ അവരെങ്കിലും ഉടമ്പടിയിൽ ഒപ്പിടാൻ അയാൾ വീഴ്ചവരുത്തുകയോ നിരസിക്കയോ ചെയ്യുന്നപക്ഷം കെട്ടിവച്ചിട്ടുള്ള ഡെമണി ഇല്ലന്നപോകെന്നതും, ദിവാൻ നിശ്ചയിക്കുന്നപ്രകാരം ൩.൨൦ വിധത്തിൽ സ്വാതന്ത്ര്യാവകാശം കൊടുക്കപ്പെടുന്നതും ആകുന്നു.

൭. ഉടമ്പടി ഒപ്പിട്ടു കൊടുത്തു ഉടൻതന്നെ, ആരുടെ ടെണ്ടറു സ്വീകരിക്കപ്പെട്ടുവൊ ആവശ്യപ്പെട്ട ഡെമണി ആരു കെട്ടിവച്ചുവൊ, മുമ്പു പറഞ്ഞ ഉടമ്പടി ആരു എഴുതി ഒപ്പിട്ടുകൊടുത്തുവൊ അങ്ങനെയുള്ള ആൾക്കു ഈ പരസ്യത്തിൽ ഒന്നാം ഖണ്ഡത്തിൽ വിവരിച്ചിരിക്കുന്ന സ്വാതന്ത്ര്യാവകാശത്തെ നൽകുന്നതായി താഴെ പറയുന്ന നിശ്ചയങ്ങൾക്കുൾപ്പെട്ട ഒരു ലൈസൻസു കൊടുക്കുന്നതാകുന്നു.

നിശ്ചയങ്ങൾ.

തിരുവനന്തപുരം, നാഗരുകൊവിൽ, കൊല്ലം, ചെങ്കൊട്ട ഈ സ്ഥലങ്ങളിൽ എക്സൈസ കമ്മിഷണർ അനുവദിക്കുന്ന കെട്ടിടങ്ങളിൽ ലൈസൻസുകാരൻ ഒരു വാററുസ്ഥലമൊ പണ്ടകശാലയൊ സ്ഥാപിക്കേണ്ടതാകുന്നു. എക്സൈസ് കമ്മിഷണർ ആവശ്യപ്പെടുന്നതൊ അനുവദിക്കുന്നതൊ ആയ സ്ഥലങ്ങളിൽ അയാൾ ഡിപ്പൊകൾ ഏൎപ്പെടുത്തേണ്ടതും ആകുന്നു. വാററുസ്ഥലം, പണ്ടകശാല, ഡിപ്പൊ ഇവയെല്ലാം അവയെ പരിശോധിക്കുന്നതിന്നായി നിയമിച്ചിരിക്കുന്ന അഫീസർ ചെന്നു പരിശോധിക്കത്തക്കവണ്ണം എല്ലായ്പൊഴും തുറന്നുവെക്കേണ്ടതാകുന്നു.

൨. ലൈസൻസുകാരൻ തന്റെ വാററു യന്ത്രത്തെ അതിലുള്ള "...വം" എന്ന ഭാഗം നന്നായി അടച്ചു മൂടിയിരിക്കുന്ന പാത്രത്തിൽ ചെരത്തക്കവണ്ണം എക്സൈസ്സ കമ്മിഷണർ അനുവദിക്കുന്നപൊലെ ചെയ്തുവെക്കേണ്ടതാകുന്നു. എക്സൈസ്സ കമ്മിഷണർക്കു തൃപ്തികരമായി തൊന്നുന്നതായും മറ്റും വാററുസംബന്ധിച്ച പാത്രങ്ങൾക്കും മററും ഗവർണ്മെൻറു വക പൂട്ടു ഇടുന്നതിനു തക്കവണ്ണവും ഉള്ള പൂട്ടു കൂട്ടുകൾ ലൈസൻസുകാരൻ വെച്ചുകൊടുക്കേണ്ടതുമാകുന്നു. ഈ പൂട്ടുകളുടെ താക്കൊലുകൾ എല്ലാം വാററുസ്ഥലത്തിലെ കാൎയ്യവിചാരം വഹിക്കുന്ന ഗവർണ്മെൻറു അഫീസരുടെ കൈവശം ഇരിക്കേണ്ടതാകുന്നു. എന്നാൽ ലൈസൻസുകാരനു ഇപ്രകാരം ഗവർണ്മെൻറു പൂട്ടുകൾ ഇട്ടിരിക്കുന്ന സ്ഥലങ്ങളിൽ എല്ലാം തന്റെ സ്വന്തം പൂട്ടുകൾ പൂട്ടുന്നതായാൽ വാററു സ്ഥല കാൎയ്യവിചാരം വഹിക്കുന്ന അഫീസരൊ അല്ലെങ്കിൽ ഈ വിഷയത്തിൽ അധികാരം ഉള്ള വല്ല ഉദ്യോഗസ്ഥനൊ ആ പാത്രങ്ങളെയും അവയിൽ സൂക്ഷിച്ചു വെച്ചിരിക്കുന്ന സാധനങ്ങളെയും പരിശോധിക്കണമെന്നു പറയുമ്പൊൾ ആ പരിശോധനക്കായി എല്ലായ്പൊഴും തന്റെ സ്വന്തം പൂട്ടുകളെ തുറന്നു കാണിക്കേണ്ടതാകുന്നു.

൩. ലൈസൻസുകാരനു വെണ്ട മദ്യങ്ങളെ പാസ്സും മററും സംബന്ധിച്ചു ദിവാൻ ഉണ്ടാക്കുന്ന ചട്ടങ്ങൾ അനുസരിച്ചും നിശ്ചയങ്ങൾക്കുൾപ്പെട്ടും കൊണ്ടുവരാവുന്നതാകുന്നു. ഇങ്ങിനെ കൊണ്ടുവരപ്പെട്ട മദ്യങ്ങൾ എല്ലാം ഒരു പണ്ടകശാലയിൽ സൂക്ഷിച്ചു വെക്കേണ്ടതാകുന്നു.

൪. എക്സൈസ്സ കമ്മിഷണർ കല്പിക്കുന്നതും മൂന്നുമാസത്തിൽ അധികം ആകാത്തതും ആയ ഓരൊസമയത്തും ലൈസൻസുകാരന്റെ കൈയിരിപ്പിൽ ഉള്ള മദ്യങ്ങളുടെ കണക്കു എടുക്കുന്നതാകുന്നു. ലൈസൻസുകാരന്റെ വശം ഇല്ലാത്തതും അയാൾക്കു കണക്കു പറയാൻ വയ്യാത്തതും ആയ മദ്യങ്ങൾ ആണ്ടിൽ കിഴിവു കുറവിലെക്കായി ൫൦൦ന്നു ഒന്നരവീതം അലവൻസുള്ളതിനു കൂടുതലായിരുന്നാൽ അവയ്ക്കു അയാൾ സാധാരണ നിരക്കു അനുസരിച്ചു തീരുവ ഗവർണ്മെൻറിലെക്കു കൊടുക്കേണ്ടതാകുന്നു.

൫. വാററുസ്ഥലത്തിൽ നിന്നും ഏതു മദ്യങ്ങളും ആ വകക്കു നിയമിക്കപ്പെട്ടിട്ടുള്ള അഫീസർ അവയെ അളന്നു അനുവദിച്ചല്ലാതെ പുറത്തെടുക്കാൻ സമ്മതിക്കുന്നതല്ല. വാററാതെ കിടക്കുന്ന വാഷിനെ ഏതു കാൎയ്യത്തിനും വാററുസ്ഥലത്തു നിന്നും കൊണ്ടുപൊയിക്കൂടാ.

൬. മദ്യങ്ങൾ അളന്നു ഉപയൊഗത്തിനായി പുറത്തു കൊടുക്കുന്ന സമയത്തു ചീത്തയാണെന്നു കാണുന്നതായാൽ എക്സൈസ്സ കമ്മിഷണർ അവയെ നശിപ്പിക്കാൻ ഉത്തരവു കൊടുക്കണം.

൭. ഈ ലൈസൻസുപ്രകാരം കൊടുക്കുന്ന മദ്യങ്ങൾ തിരുവനന്തപുരം ഡിവിഷനിലും കൊല്ലം ഡിവിഷനിലും ലൈസൻസു ഉള്ള ചാരായം വില്പന കുത്തകക്കാൎക്കും തിരുവനന്തപുരം പത്മനാഭപുരം കൊല്ലം ഈ ഡിവിഷനുകളിൽ ലൈസൻസുള്ള ചാരായം വില്ക്കുന്ന പീടികക്കാൎക്കും മാത്രമെ കൊടുക്കാവു. പിന്നെ ഈ മദ്യങ്ങൾ പ്രൂഫിനു താഴെ ൨൦ ഡിഗ്രി കടുപ്പമുള്ളതൊ ൩൦ ഡിഗ്രി കടുപ്പമുള്ളതൊ മാത്രമെ ആയിരിക്കാവു.

൮. ൭ാം വകുപ്പിൽ വിവരിച്ചിട്ടുള്ള ലൈസൻസുള്ള ആളുകൾക്ക മദ്യങ്ങളെ കഴിയുന്ന വെഗത്തിലും വെണ്ട കട്ടപ്പത്തൊടും വെണ്ട തുകയിലും അവർ സ്ഥലം താലൂക്ക കച്ചെരിയിൽ വാറ്റുയന്ത്രം ഇനത്തിൽ ഒടുക്കെണ്ട തുക ഒടുക്കിയതിൽ പിന്നീട കൊടുക്കെണ്ടതാകുന്നു.

൯. ൭ാം വകുപ്പിൽ വിവരിച്ചിരിക്കുന്നപൊലെ മദ്യങ്ങൾ കൊടുക്കാൻ ഉത്തരവു കിട്ടി ൨൪ മണിക്കൂറിനകം (ഒഴിവുള്ള ദിവസങ്ങൾ ഒഴികെ) ലൈസൻസുകാരൻ മദ്യങ്ങൾ കൊടുത്തില്ലെങ്കിൽ ഇങ്ങിനെ കൊടുക്കാത്ത ഓരൊ ദിവസത്തിനും ഓരൊ ഗാലൻ മദ്യത്തിനു ൫ ക്രപ്പിക കവിയാതെ ദിവാൻ യുക്തമാണെന്നു തൊന്നുന്ന ഒരു നിരക്കനുസരിച്ച പിഴ ഈടാക്കുന്നതാകുന്നു. ഈ പിഴ ലൈസൻസുകാരൻ ഗവൎമ്മെണ്ടു കൊടുക്കെണ്ടതായി ഇരിക്കുന്ന വല്ല സംഖ്യയിൽ നിന്നൊ ലൈസൻസുകാരൻ ഉടമ്പടി അനുസരിച്ച നടക്കും എന്നുള്ളതിനു കെട്ടി വച്ചിട്ടുള്ള ഡെപ്പോസിറ്റിൽ നിന്നൊ കുറക്കാവുന്നതാകുന്നു. ഇതുകൂടാതെ ലൈസൻസുള്ള ആളുകൾക്ക കൊടുപ്പാൻ മദ്യങ്ങൾ മററു വല്ല ദിക്കിലും നിന്നു വാങ്ങിച്ച ചാരായം വില്ക്കുന്ന കുത്തകക്കാരും ചാരായം വില്ക്കുന്നവരും അവൎക്ക കൊടുത്തിട്ടുള്ള മദ്യങ്ങൾക്കായി ഗവൎമ്മെണ്ടിനു കൊടുത്തിട്ടുള്ള തുകയിൽ നിന്നു മെൽപ്പറഞ്ഞ മദ്യത്തിന്റെ വക ഈടാക്കുകയും ഈ ഏൎപ്പാടിനാൽ ഗവൎമ്മെണ്ടിനു തീരുവയിൽ വല്ല നഷ്ടവും വരുന്നതാണെങ്കിൽ ലൈസൻസുകാരന്റെ അടുക്കൽ നിന്നു ഈടാക്കുന്നതുമാകുന്നു.

൧൦. ഒരു മാസത്തിലെക്ക മതി എന്നു എക്സൈസ് കമ്മിഷണർ നിശ്ചയിക്കുന്നതായ മദ്യങ്ങളെ ലൈസൻസുകാരൻ വാററുസ്ഥലത്തിലൊ പണ്ടകശാലയിലൊ ഡിപ്പൊവിലൊ സൂക്ഷിക്കെണ്ടതാകുന്നു. മദ്യം ൩൦ തുകക്ക കുറയുന്നതാണെങ്കിൽ, ബാക്കി വെണ്ട മദ്യങ്ങൾ വാങ്ങാൻ ഉത്തരവാക്കുന്നതിനു ദിവാനു അധികാരമുള്ളതും അവയുടെ വില ലൈസൻസുകാരന്റെ അടുക്കൽ നിന്നു ഈടാക്കെണ്ടതും ആകുന്നു.

൧൧. ചാരായവില്പനക്കുത്തകക്കാരുടെയും സ്വതന്ത്രന്മാരായ പീടികക്കാരുടെയും ആവശ്യങ്ങൾ അനുസരിച്ച കള്ളിൽ നിന്നൊ കരുപ്പട്ടിയിൽ നിന്നൊ ശൎക്കരയിൽ നിന്നൊ വാറ്റിയുള്ള മദ്യത്തെ ലൈസൻസുകാരൻ ഏല്പിക്കെണ്ടതാകുന്നു. ഏല്പിക്കുന്ന മദ്യങ്ങൾ നല്ല തരത്തിലുള്ളവയും ലൈസൻസുകാരൻ ലൈസൻസിനൊടുകൂടി ചെൎത്തു മാതൃകയിൽ ഒരു പ്രകാരത്തിലും താഴ്ന്നതല്ലാത്തവയും ആയിരിക്കണം. ചാരായവില്പനക്കുത്തകക്കാരൊ സ്വതന്ത്രന്മാരായ പീടികക്കാരൊ മദ്യങ്ങൾ ഏററുവാങ്ങുന്നതിനു മുമ്പായി മാത്രമെ മദ്യങ്ങളുടെ തരത്തെപ്പററി ആക്ഷെപം പറയാൻ അവകാശമുള്ളു. ദിവാൻ, അപ്പീലിന്മെൽ അങ്ങിനെയുള്ള ആക്ഷെപവാദത്തിന്റെ സാധുതാസാധുതയെപ്പററി എക്സൈസ് കമ്മിഷണരൊ കമ്മിഷണരാൽ നിയൊഗിക്കപ്പെട്ട ഒരു ആഫീസരൊ തീരുമാനം ചെയ്യെണ്ടതാകുന്നു. ഏററുവാങ്ങിയതിൽ പിന്നെ ചെയ്യുന്ന യാതൊരാക്ഷെപവാദത്തെയും സ്വീകരിക്കുന്നതല്ല.

വാററുന്നതിൽ ഉപയൊഗിക്കുന്ന സാധനങ്ങൾ നല്ല തരത്തിലുള്ളവയായിരിക്കെണ്ടതും ആരൊഗ്യഹാനികരമായ യാതൊരു സാധനത്തെയും വാററുന്നതിൽ ഉപയൊഗിക്കയൊ മദ്യങ്ങൾ ഉണ്ടാക്കിയതിനു പിന്നെ അവയിൽ ചെൎക്കയൊ ചെയ്യാൻ പാടില്ലാത്തതും ആകുന്നു. ഈ വിഷയങ്ങളിൽ ദിവാന്റെ തീൎച്ച അവസാനത്തെ തീരുമാനം ആകുന്നു.

൧൨. വാററു സ്ഥലത്തൊ, പണ്ടകശാലയിലൊ, ഡിപ്പൊവിലൊ ഉണ്ടാക്കുന്നതൊ, കൊടുക്കുന്നതൊ, ഇരിക്കുന്നതൊ ആയ മദ്യങ്ങളുടെ തുകയുടെയും കട്ടപ്പത്തിന്റെയും ഒരു ശരിയായ കണക്ക ലൈസൻസുകാരൻ വച്ചുകൊള്ളെണ്ടതാകുന്നു. ഇതിനായി ഗവൎമ്മെണ്ടിനാൽ നിയമിക്കപ്പെട്ടിട്ടുള്ള ആഫീസരുടെ പരിശൊധനക്കായി ഈ കണക്കുകൾ കാണിച്ചുകൊടുക്കെണ്ടതും നാട്ടുമദ്യങ്ങൾ ഉണ്ടാക്കുന്നതിനെയും കൊടുക്കുന്നതിനെയും പററി എക്സൈസ് കമ്മിഷണർ ആവശ്യപ്പെടുന്ന വിവരങ്ങളും കണക്കുകളും ലൈസൻസുകാരൻ കൊടുക്കെണ്ടതും ആകുന്നു.

൧൩. ൧൦൮൨ ചിങ്ങം ൧൫-ക്ക ഒരു മാസം മുമ്പെ ലൈസൻസുകാരൻ വാററുവാൻ തുടങ്ങാവുന്നതും എന്നാൽ ആ തീയതിക്ക മുമ്പു തന്റെ അടുക്കൽ നിന്നൊ തന്റെ വെലക്കാരുടെ അടുക്കൽ നിന്നൊ ശെഖരിച്ച വച്ചിട്ടുള്ള മദ്യങ്ങളെ വില്ക്കയൊ വെറെ വിധം പുറത്തു വിടുകയൊ ചെയ്തുകൂടാത്തതും ആകുന്നു. പെട്ടിയിലുള്ള പെട്ടികൾക്ക ആവശ്യമായി അങ്ങിനെ ൧൫-ക്ക മുമ്പ ആവശ്യമായിരുന്നുവെങ്കിൽ ദിവാന്റെയൊ എക്സൈസ് കമ്മിഷണരുടെയൊ അനുവാദം വെണ്ടതാകുന്നു. മദ്യങ്ങളെ പെട്ടി എന്ന പാത്രങ്ങളിൽ ശെഖരിച്ചു വെക്കെണ്ടതാകുന്നു; പീപ്പകളിൽ ആക്കിയിരിക്കരുതു.

൧൪. വാററുസ്ഥലം മെലന്വെഷണത്തിനായി ലൈസൻസുകാരൻ നിയൊഗിപ്പിരിക്കുന്ന ഓരൊ ആളും തന്റെ പണിയിൽ പ്രവെശിക്കുന്നതിനു മുമ്പു എക്സൈസ് കമ്മിഷണരുടെ ആഫീസിൽ നിന്നു ലഭിക്കാവുന്നതായ ഫാറത്തിൽ ഉടമ്പടികൾ എഴുതി ഒപ്പിട്ടു കൊടുക്കെണ്ട

താകുന്നു. എഴുതിക്കൊടുക്കുന്ന ഉടമ്പടികളെ എക്സൈസ് കമ്മീഷണരുടെ ആഫീസിൽ സൂക്ഷിച്ചുവച്ചിരിക്കേണ്ടതാകുന്നു.

൧൫. മദ്യങ്ങൾ കൊണ്ടുപോകാനൊ വില്പാനൊ വേണ്ടി നിയമിക്കപ്പെട്ട വല്ല ആളുകളും കലാൽ നിയമങ്ങൾക്കൊ താൻ എഴുതിക്കൊടുത്ത കരാറുകൾക്കൊ വിരോധമായി വല്ല പ്രവൃത്തിയും ചെയ്തു എന്നു ലൈസൻസുകാരന്റെ അറിവിൽ വന്നാൽ ആ വിവരം എക്സൈസ് കമ്മീഷണരോടു റിപ്പോർട്ടുചെയ്യേണ്ടതും അവനെ മേലും പണിയിൽ നിറുത്തേണ്ടതിനെപ്പറ്റി എക്സൈസ് കമ്മീഷണരുടെ ഉത്തരവുകൾക്കനുസരിച്ചു നടക്കേണ്ടതും ലൈസൻസുകാരന്റെ മുറയാകുന്നു. ശിക്ഷാനിയമപ്രകാരം ശിക്ഷിക്കപ്പെട്ട ആളുകളെ അതാതു സംഗതിയിൽ എക്സൈസ് കമ്മീഷണരുടെ സമ്മതം വാങ്ങാതെ ചാരായം കടത്തുകയൊ വില്ക്കുകയൊ ചെയ്യുന്നതിന്നു പണിയിൽ വെക്കാൻ ലൈസൻസുകാരന്നു പാടുള്ളതല്ല.

൧൬. ചാരായം വില്ക്കുന്നതിനുള്ള കുത്തകക്കാരം കൈക്കാരം ഗവൎമ്മെന്റു ബങ്കാവുകളിൽ ഒടുക്കീട്ടുള്ള സംഖ്യകളെ ഗവൎമ്മെന്റും ലൈസൻസുകാരനും തമ്മിൽ ശരിയായി വീതിക്കുന്നതിലേക്കു സാധിക്കുന്നതിന്നായി ഓരോ മാസത്തെക്കുമുള്ള കണക്കുകൾ അടുത്ത മാസം ൧൫-ാംക്കകം നിശ്ചയിക്കുന്നതാകുന്നു. ലൈസൻസുകാരന്നു ചെല്ലേണ്ടതായി അപ്പോൾ കാണുന്ന വല്ല പണങ്ങളും ഉടനെതന്നെ കൊടുക്കപ്പെടുന്നതുമാകുന്നു.

൧൭. ലൈസൻസുകാരൻ അടക്കേണ്ടുന്ന എല്ലാ സംഖ്യകളും അയാളുടെ ഡെമണിയിൽനിന്നു കിഴിച്ചെടുക്കാവുന്നതൊ കരക്കുടിശ്ശിഖ വസൂൽചെയ്യാൻ അതാതു സമയം നടപ്പുള്ള വല്ല നിയമപ്രകാരം അയാളുടെ മുതൽ ജപ്തിചെയ്തു വിറ്റു വസൂലാക്കാവുന്നതൊ ആകുന്നു.

൧൮. ലൈസൻസുകാരൻ തന്റെ കരാറുപ്രകാരം കൃത്യമായി നടക്കുന്നതിലേക്കു ഉറപ്പിന്നായി ഡെമണിവച്ചിട്ടുള്ളതായ സംഖ്യയിൽനിന്നു വല്ല സംഖ്യയും ദിവാൻ ഇതിൽ പറഞ്ഞിരിക്കുന്ന അധികാരപ്രകാരം കിഴിച്ചെടുത്തിരുന്നാൽ അങ്ങിനെ കിഴിച്ചെടുത്ത വിവരം തന്നെ അറിയിക്കുന്നതായ ദിവാന്റെയൊ എക്സൈസ് കമ്മീഷണരുടെയൊ ഒരു നോട്ടീസു തനിക്കു കിട്ടുന്ന തീയതി മുതൽ ൧൫ ദിവസത്തിനകത്തു മേല്പടി സംഖ്യ ഡെമണിക്കു വീണ്ടും പൂർത്തിയാക്കിക്കൊള്ളുകയും വേണം.

൧൯. ലൈസൻസുകാരനൊ തന്റെ രഹസ്യമായ അറിവോടും അനുകൂല്യത്തോടും കൂടി തന്റെ പണിക്കാരിൽ ആരെങ്കിലുമൊ ലൈസൻസിലെ നിശ്ചയങ്ങളിൽ വല്ല ലംഘനവും ചെയ്യുന്നപക്ഷം അങ്ങനെയുള്ള ഓരോ ലംഘനത്തിന്നു ലൈസൻസുകാരന്നു ൫൦ രൂപായിൽ കവിയാത്ത ഒരു പിഴ ചുമത്തുവാനൊ ഡെമണി വച്ച പണത്തെ ദിവാന്റെ യുക്തപ്രകാരം പിഴയായി പിടിച്ചു ലൈസൻസ് ദുർബലപ്പെടുത്തുവാനൊ ദിവാന്നു അധികാരമുള്ളതാകുന്നു. ഈ ഖണ്ഡപ്രകാരം ചുമത്തുന്ന എല്ലാ പിഴസംഖ്യയും ലൈസൻസിലെ നിശ്ചയങ്ങൾപ്രകാരം ശരിയായി നടക്കേണ്ടുന്ന ഉറപ്പിലേക്കായി ലൈസൻസുകാരൻ ഡെമണി വച്ചിട്ടുള്ള വല്ല സംഖ്യയിൽനിന്നു കിഴിച്ചെടുക്കുന്നതു ദിവാന്നു ന്യായമായിരിക്കുകയും ചെയ്യും.

൨൦. ഇതിന്നുടനെ മീതെ പറഞ്ഞ വകുപ്പിലെ നിശ്ചയപ്രകാരം പിഴ വിധിക്കയൊ ഡെമണിയെ പിഴയായി പിടിക്കയൊ ലൈസൻസ് ദുർബലപ്പെടുത്തുകയൊ ചെയ്യുന്നതുകൊണ്ടു കലാൽ റെഗുലേഷനിലെ വ്യവസ്ഥകൾക്കു വിരോധമായി ചെയ്യുന്ന വല്ല കുറ്റത്തിന്നും വല്ല ആളുടെയും മേൽ ക്രിമിനൽ വിസ്താരം നടത്തുന്നതിലേക്കു തടസ്ഥമുള്ളതായി വിചാരിക്കപ്പെടുന്നതുമല്ല.

൨൧. കലാൽ റെഗുലേഷനിലെ നിയമങ്ങൾക്കു വിരോധമായി ചെയ്ത വല്ല കുറ്റത്തിന്നും ഒരു മജിസ്ത്രേട്ടിന്റെ മുമ്പാകെയുള്ള ക്രിമിനൽ വിസ്താരത്തിൽ ലൈസൻസുകാരന്റെ മേൽ കുറ്റം സ്ഥാപനമായാൽ അവന്റെ ലൈസൻസ് ദുർബലപ്പെടുത്തുന്നതു ദിവാന്നു ന്യായമായിരിക്കയും ചെയ്യും. ശിക്ഷാനിയമത്തിന്നു വിരോധമായി ചെയ്ത വല്ല കുറ്റത്തിന്നും ലൈസൻസുകാരന്റെ മേൽ കുറ്റം സ്ഥാപനമായാൽ അങ്ങിനെ കുറ്റസ്ഥാപനമായ സംഗതിവരുത്തുന്നതായിരിക്കുന്നപക്ഷം അവന്റെ ലൈസൻസ് ദുർബലപ്പെടുത്തുന്നതു ദിവാന്നു ന്യായമായിരിക്കയും ചെയ്യും.

൨൨. ഇപ്പോൾ നടപ്പുള്ളതൊ മേലിൽ നിയമിക്കപ്പെടുന്നതൊ ആയ അബ്കാരി നിയമങ്ങൾക്കനുസരിച്ചു ഉണ്ടാക്കീട്ടുള്ളവയൊ അതാതു കാലത്തു മേലാൽ ഉണ്ടാക്കാവുന്നവയൊ ആയ വല്ല ചട്ടങ്ങൾപ്രകാരം നടക്കാൻ ലൈസൻസുകാരൻ ബാദ്ധ്യസ്ഥനായി വരുന്നതുകൂടാതെ അയാൾ മദ്യങ്ങൾ കൊണ്ടുപോകുന്നതിന്നും കൊടുക്കുന്നതിന്നും നിയമിക്കുന്ന എല്ലാ ആളുകളെയും ആ ചട്ടങ്ങളെ അനുസരിപ്പിക്കേണ്ടതും ആകുന്നു.

ഹജൂർകച്ചേരി,
തിരുവനന്തപുരം.
[illegible]

ടി. രാജാരാമരായർ,
ദിവാൻപേഷ്കാർ ഇൻചാർജ്

കല്ലാൽ പരസ്യം.

തെക്കൻ എക്സൈസ ഡിവിഷനിൽ ചേന്ന
കടകളിൽ വച്ചു നാട്ടുമദ്യങ്ങൾ വില്ക്കുന്നതിനെപ്പററിയുള്ള പരസ്യം.

ഇതിനാൽ പരസ്യംചെയ്യുന്നതെന്തെന്നാൽ — തെക്കൻ എക്സൈസ് ഡിവിഷനിൽ മാർജിനിൽ വിവരിച്ചിരിക്കുന്ന സ്ഥലങ്ങളിൽ [illegible] നാട്ടുമദ്യങ്ങൾ വില്ക്കുന്നതിനുള്ള [illegible] ഇടവമാസം [illegible] വെള്ളിയാഴ്ച [illegible] വച്ചു പരസ്യമായി ലേലംചെയ്തു വില്ക്കുന്നതാകുന്നു.

ബാലരാമപുരം, തൊവാള, കൽക്കുളം, ഇരണിയൽ, വിളവങ്കോട ഈ ഠാണാകൾ, തിരുവനന്തപുരം (ടൌൺ ഒഴികെ) തിരുവനന്തപുരം ടൌൺ.

൧. ഓരോ സ്ഥലത്തേക്കും പ്രത്യേകം ലേലം വിളിക്കുന്നതാകുന്നു.

൨. മേൽ വിവരിച്ച അവകാശത്തെ [illegible] വിളിക്കുന്ന ആളുടെ പേരിൽ [illegible] പ്പെടുത്തി കൊടുക്കുന്നതാകുന്നു.

൩. [illegible] നിയമപ്രകാരമുള്ള [illegible] ലേലത്തിൽ വിളി കേൾപ്പാൻ സ്വീകരിക്കാതിരിക്കുന്നതു [illegible] കാരണമായ [illegible] ക്തമെന്നു തോന്നുന്നതായാൽ [illegible] കരിക്കാതിരിക്കയും ചെയ്യും.

൪. ലേലത്തിൽ ചേരാൻ [illegible] ആളുകൾ [illegible] ഹാജരായി [illegible] ൫൦ രൂപാ ഡെപ്പോസിറ്റ് വച്ചിട്ടില്ലാത്ത [illegible] സ്വീകരിക്കുന്നതല്ല. [illegible] ഡെപ്പോസിറ്റുകൾ ലേലത്തീയതിക്കു മുമ്പു [illegible] വല്ല സമയവും ഹജൂർ ഖജനാവിൽ ഹാജരാക്കി [illegible] ലേലം സ്ഥിരപ്പെടുത്തിയ ഉടനെ ലേലത്തിൽ ഏടുക്കാത്തവർ [illegible] വർക്കു മടക്കി കൊടുക്കുന്നതാകുന്നു. ലേലം സ്ഥിരപ്പെടുത്തി ഏടുത്ത ആൾ [illegible] ൫൦ രൂപാ ഡെപ്പോസിറ്റുവച്ചതിനുപുറമെ [illegible] ഗവർന്മെന്റ പ്രോമിസറി നോട്ടായിട്ടോ [illegible] അതുപ്രകാരം ചെയ്വാൻ വീഴ്ചവരുത്തിയാൽ മേൽപറഞ്ഞ ൫൦ രൂപാ ഡെപ്പോസിറ്റിനെ പിഴയായി പിടിക്കയും [illegible] വില്ക്കുകയോ മററുവിധത്തിൽ ഏർപ്പാടുചെയ്യുകയോ ചെയ്യുന്നതുമാകുന്നു.

൫. ലേലം സ്ഥിരപ്പെടുത്തികിട്ടിയ ആൾ ലേലത്തീയതി മുതൽ [illegible] ളിൽ മൂന്നു മാസത്തെ കിസ്തിനു തുല്യമാവാൻ [illegible] ഡെപ്പോസിറ്റു [illegible] സംഖ്യ [illegible] ഡെപ്പോസിറ്റു വെക്കേണ്ടതാകുന്നു. അയാൾ അങ്ങിനെ ചെയ്യാതിരുന്നാൽ അതുവരെ വച്ചിട്ടുള്ള ഡെപ്പോസിറ്റിനെ പിഴയായി പിടിക്കും. മേൽപറഞ്ഞ സ്വാതന്ത്ര്യത്തെ [illegible] പോലെ രണ്ടാമതു ലേലത്തിന വില്ക്കുകയോ മററു വിധത്തിൽ [illegible] യോ ചെയ്യുന്നതുമാകുന്നു. ആദ്യം വച്ച ഡെപ്പോസിറ്റുസംഖ്യ മൂന്നു മാസത്തെ കിസ്തുസംഖ്യയിൽ അധികരിക്കുന്നതായാൽ താഴെ ഏട്ടാം വകുപ്പിൻപ്രകാരം ആറു മാസത്തെ കിസ്തുസംഖ്യ ഡെപ്പോസിറ്റു ചെയ്വാൻ ലേലത്തിൽക്കൊണ്ട ആളോടു ആവശ്യപ്പെട്ടിട്ടില്ലാത്തപക്ഷം [illegible] അധികരിക്കുന്ന സംഖ്യ അയാൾക്കു മടക്കികൊടുക്കയും ചെയ്യും.

൬. മേൽ ൫-ാം വകുപ്പുപ്രകാരം രണ്ടാമതു [illegible] വില്ക്കപ്പെട്ടാൽ [illegible] ആദ്യത്തെ ലേലക്കാരന്റെ ഉത്തരവാദിത്വത്തിന്മേൽ ആയിരിക്കുന്നതും, രണ്ടാമത്തെ വിക്രയത്താലുണ്ടാകുന്ന എല്ലാ ചെലവും [illegible] വല്ല നഷ്ടവും സംഭവിക്കുന്ന പക്ഷം ആദ്യത്തെ ലേലപ്രകാരം [illegible] കാലത്തേക്കു അവൻ [illegible] മൊത്തം സംഖ്യയിൽനിന്നു രണ്ടാമത്തെ ലേലത്തിൽ ഏടുത്തവൻ [illegible] മൊത്തം സംഖ്യയെ കഴിച്ചുണ്ടാകുന്ന കുറവിനെ അവൻ കൊടുക്കേണ്ടതുമാകുന്നു. [illegible] സംഖ്യയിൽനിന്നു കിഴിച്ചുകൊടുത്തതിൽ പിന്നെ ബാക്കി വല്ലതുമുണ്ടെങ്കിൽ [illegible] കുടിശ്ശിക പോലെ ആദ്യത്തെ ലേലക്കാരനിൽ നിന്നു വസൂൽചെയ്യപ്പെടുന്നതാകുന്നു. എന്നാൽ [illegible] രണ്ടാമത്തെസംഖ്യ പുനർവിക്രയത്താലുണ്ടാകുന്ന നഷ്ടസംഖ്യയെ കവിഞ്ഞിരുന്നാൽ ആ ഡെപ്പോസിറ്റുസംഖ്യ മുഴുവനും ഗവർന്മെന്റിലേക്കു ഏടുക്കപ്പെടുന്നതും ആകുന്നു. [illegible] വിക്രയത്താലല്ലാതെ വേറെ പ്രകാരത്തിൽ സ്വാതന്ത്ര്യാവകാശത്തിന്റെ കാര്യം തീർച്ചപ്പെടുത്തുകയും അങ്ങനെ തീർച്ചപ്പെടുത്തിയതിനാൽ ആദ്യത്തെ ലേലസംഖ്യയോടൊപ്പിച്ചു നോക്കുമ്പോൾ ഗവർന്മെന്റിലേക്കു നഷ്ടം സംഭവിക്കയും ചെയ്യുന്ന പക്ഷം ആദ്യത്തെ ലേലക്കാരൻ ആ നഷ്ടത്തിനുകൂടി ഉത്തരവാദിയായിരിക്കയും ചെയ്യും.

൮. ലെലം കഴിഞ്ഞതിൽപിന്നെയും ലൈസൻസ് കൊടുക്കുന്നതിനു മുമ്പായും ചെയ്തിട്ടുള്ള അന്വെഷണത്താൽ ലെലത്തിന എടുത്തവന്നു തക്കതായ മുതലുണ്ടൊ ഇല്ലയൊ എന്നു സംശയമുള്ളതായി കാണപ്പെട്ടാൽ മെൽ ൩ ാം വകുപ്പിൽ നിശ്ചയിച്ച സംഖ്യക്കു ഇരട്ടി ഡെമണി യൊ വെക്കുവാനൊ കരാറിലെ നിശ്ചയപ്രകാരം അവൻ അടയ്ക്കാതെ ബാക്കി വയ്ക്കാവുന്ന എല്ലാ പണത്തിനും ക്രമമായി അടയ്ക്കുന്നതിനു വെണ്ടി ജാമ്യക്കാരെ കൊടുപ്പാൻ രണ്ടാളെ ജാമ്യക്കാരായി കൊടുപ്പാനൊ അവനൊടു ആവശ്യപ്പെടാവുന്നതാകുന്നു.

൯. ലെലവിക്രയങ്ങളിലൊ പുനർവിക്രയങ്ങളിലൊ വിളികെട്ടു ലെലം സ്ഥിരപ്പെടുത്തപ്പെട്ടവർ ദിവാൻെറ സമ്മതം കൂടാതെ തങ്ങളുടെ സ്വാതന്ത്ര്യാവകാശം ഇഷ്ടംപൊലെ വില്പാനൊ കൈമാററംചെയ്യാനൊ കീഴ്കുത്തകയായി കൊടുപ്പാനൊ അനുവദിക്കപ്പെടുന്നതല്ല.

൧൦. മെല്പറഞ്ഞ സ്വാതന്ത്ര്യാവകാശം വിലക്കു വാങ്ങിച്ച ആൾ വഴിയെ കാണിച്ചിരിക്കുന്ന നിശ്ചയങ്ങളനുസരിച്ചു നടന്നുകൊള്ളാമെന്നു ഒരു ഉടമ്പടി എഴുതി വെക്കണം. ലെലം സ്ഥിരപ്പെട്ട തീയതി മുതൽ പത്തു ദിവസത്തിനകം ആ ഉടമ്പടി എഴുതി ഒപ്പിട്ടു കൊടുക്കെണ്ടതാകുന്നു. ഈ സ്വാതന്ത്ര്യാവകാശം വിലക്കു വാങ്ങിച്ച ആൾ ഉടമ്പടി ഒപ്പിട്ടു കൊടുക്കാനൊ ൨ ാം വകുപ്പുപ്രകാരം ആവശ്യപ്പെട്ടതു ചെയ്യാനൊ വീഴ്ചവരുത്തിയാൽ ഇതിനു മുമ്പിൽ വച്ചിട്ടുള്ള ഡെമണിയെല്ലാം പിഴയായി പിടിക്കുന്നതും മെല്പറഞ്ഞ സ്വാതന്ത്ര്യാവകാശത്തെ ൭ ാംവകുപ്പിൽ വിവരിച്ചിരിക്കുന്നതുപൊലെ ആദ്യത്തെ ക്രെതാവിൻെറ യൊഗ്യഭാഗ്യത്തിന്മെൽ ദിവാൻ വീണ്ടും വില്പനയൊ വെറെ പ്രകാരത്തിൽ തീർച്ചപ്പെടുത്തുകയൊ ചെയ്യുന്നതുമാകുന്നു. ലെലത്തിൽ എടുത്ത ആൾ മരിക്കുന്നതായാൽ അതു അയാളുടെ അവകാശികളുടെയും അസൈനികളുടെയും മെലുള്ള ബാദ്ധ്യതയായിരിക്കും.

൧൧. സ്വാതന്ത്ര്യാവകാശം വിലയ്ക്കെടുത്ത ആൾക്കു ക്രമമായ ലൈസൻസ് കൊടുത്തിട്ടില്ലെങ്കിലും താഴെ വിവരിച്ച നിശ്ചയങ്ങൾ ലംഘിച്ചു നടന്നാൽ ആ ലംഘനങ്ങൾക്കു നിശ്ചയിച്ചിരിക്കുന്ന ശിക്ഷക്കു അയാൾ പാത്രമായിരിക്കയും ചെയ്യും.

൧൨. ഈ വക ലെലംവിളികൾക്കലിനെ യാതൊരു കാരണവുംപറയാതെ തള്ളുന്നതിനും മുതലെടുപ്പുകായ്യത്തിൽ തനിക്കു യുക്തമായി തൊന്നുന്ന ഏപ്പാടുകൾ ചെയ്യാനും ദിവാനു അധികാരമുള്ളതാകുന്നു

൧൩. ഉടമ്പടി എഴുതി ഒപ്പിട്ടു കൊടുത്ത ഉടനെ ൧ ാം വകുപ്പിൽ വിവരിച്ചിരിക്കുന്ന സ്വാതന്ത്ര്യാവകാശം ലെലത്തിൽകൊണ്ട ആൾക്കു കൊടുത്തിരിക്കുന്ന വിവരത്തിനു ഒരു ലൈസൻസ് താഴെ വിവരിച്ചിരിക്കുന്ന നിശ്ചയങ്ങൾക്കുൾപ്പെട്ടു കൊടുക്കപ്പെടും.

നിശ്ചയങ്ങൾ

൧. മെല്പറഞ്ഞ സ്വാതന്ത്ര്യാവകാശത്തിൽ പ്രൂഫിനു താഴെ ൨൦ ഡിഗ്രിയും പ്രൂഫിനു താഴെ ൩൦ ഡിഗ്രിയും കടുപ്പമുള്ള നാട്ടുമദ്യങ്ങൾ വില്ക്കുന്നതുമാത്രം ഉൾപ്പെടുന്നതാകുന്നു എന്നാൽ ചാരായം ഉണ്ടാക്കുന്നതൊ പ്രൂഫിനു താഴെ ൨൦ ഡിഗ്രിക്കധികം കടുപ്പമുള്ള മദ്യങ്ങൾ ഉണ്ടാക്കുകയൊ വില്ക്കുകയൊ ചെയ്യുന്നതൊ ഉൾപ്പെടുകയില്ല.

൨. (൧) മെൽ വിവരിച്ച സ്വാതന്ത്ര്യാവകാശം വാങ്ങിയതിനു അടയ്ക്കെണ്ടുന്നതായ സംഖ്യ പത്തു തവണയായി ൧൦൭൨ ാമാണ്ടു ചിങ്ങമാസം മുതൽ മാസംതൊറും ൩൦ ാം-യൊ അതിനു മുമ്പൊ സ്ഥലത്തെ താലൂക്കു ഖജനാവിൽ അടയ്ക്കെണ്ടതാകുന്നു.

(൨) ലൈസൻസ്കാരൻ മെല്പറഞ്ഞ ൩ ാം വകുപ്പുപ്രകാരം വച്ച ഡെമണി പണമായിട്ടാണെങ്കിൽ, അയതു കുത്തകകാലാവസാനത്തിൽ മൂന്നു മാസത്തെ കിസ്തുവകക്കു അടച്ചതായി എടുക്കപ്പെടും. ഡെമണി വച്ചതു ഗവർന്മെൻറു പ്രാമിസറിനൊട്ടായിരിക്കയും അവയെ കൈവശം വച്ചുകൊണ്ടിരിപ്പാൻ ആഗ്രഹിക്കയും ചെയ്യുന്നപക്ഷം അവൻ അടയ്ക്കെണ്ടുന്ന കിസ്തു മുഴുവനും അടച്ചതിൽപിന്നെ അവയെ അവനു മടക്കികൊടുക്കയും ചെയ്യും. അല്ലാത്ത പക്ഷം അവയെ വിററൊ വെറെ വല്ല വിധത്തിലും കൈകാൎയ്യംചെയ്തൊ പിരിയുന്ന മുതൽ കുത്തകകാലത്തിൽ ഒടുവിലത്തെ മൂന്നു മാസംവക കിസ്തുകൾക്കായി എടുക്കപ്പെടുന്നതും, അടയ്ക്കാതെ പിന്നെയും ബാക്കിയുണ്ടായാൽ ആയതു കരക്കുടിശ്ശികപൊലെ വസൂൽചെയ്യപ്പെടുന്നതുമാകുന്നു. അതാതുമാസം ൩൦ ാം-ക്കകം കിസ്തു അടയ്ക്കാതിരുന്നാൽ വിവരം എക്സൈസ കമ്മിഷണർ തെര്യപ്പെടുത്തിയതിന്മെൽ ആ ബാക്കിയെ കലാൽ റെഗുലെഷനിൽ നിശ്ചയിച്ചിരിക്കുന്ന വല്ല വിധവും അനുസരിച്ചു വസൂൽ ചെയ്യാൻ എക്സൈസ് കമ്മിഷണർ ഉടനെ പ്രവൎത്തിക്കുന്നതാകുന്നു. സ്വാതന്ത്ര്യാവകാശം രണ്ടാമതു വില്പാനു തീർച്ചപ്പെടുത്തുന്നതായാൽ പുനർവിക്രയത്തിനുള്ള നൊട്ടീസ അടുത്ത പിറെറ മാസം അഞ്ചാം തീയതിയിൽ അധികരിക്കാ

ത്ത സമയത്തിനുള്ളിൽ കൊടുക്കകയും വിവരം ദിവാനു റിപ്പോർട്ടുചെയ്കയും ചെയ്യേണ്ടതും ആകുന്നു. ദിവാൻ വിഷ്ടക്കാരൻെറ ലൈസൻസിനെ മുടക്കി വെയ്ക്കാൻ ഉത്തരവു കൊടുക്കയോ പുനർവിക്രയം ചെയ്തു അതിൽ വാങ്ങിയ ആൾക്കു ലൈസൻസു കൊടുക്കുന്നതുവരെ പഴയ ലൈസൻസനുസരിച്ചു തൽക്കാലമായി മേലും വില്പന നടത്തിക്കൊണ്ടു വരുന്നതിനെ ആ ഗവർമ്മെണ്ടു മദ്യക്കടയിൽ ചെല്ലുന്നവരുടെ ഗുണത്തിനു യുക്തമാണെന്നു തോന്നിയാൽ അതിനു ദിവാൻ അനുവദിക്കയോ ചെയ്യാവുന്നതുമാകുന്നു. അങ്ങിനെ അനുവാദം കൊടുക്കുന്നതു ദിവാൻെറ യുക്തം മാത്രമെയാകുന്നുള്ളു. ഇതിൽ ഏതു വിധം നടത്തുന്നതായാലും പുതുതായി ലേലത്തിൽ എടുത്തവനു ലൈസൻസു കൊടുത്ത തീയതി മുതൽക്കു നടപ്പാകത്തക്ക വണ്ണം നിശ്ചയിച്ച തീയതിക്ക സ്വാതന്ത്ര്യാവകാശം വീണ്ടും എക്സൈസ് കമ്മീഷണർ വിളിക്കേണ്ടതാകുന്നു. അങ്ങിനെ ചെയ്യുന്ന സംഗതിയിൽ ഡെമണിവെച്ചു പണംകൊണ്ടു തീർപ്പാക്കേണ്ട ബാക്കിയും ലൈസൻസു മുടക്കി വെച്ചതിനാലും പുനർവിക്രയത്താലും ഗവർന്മെൻറിനു വല്ല നഷ്ടവും ഉണ്ടായിട്ടുണ്ടെങ്കിൽ അതും പൂർത്തിയാക്കകയും ചെയ്യും. അങ്ങിനെ ചെയ്യുതിൽ പിന്നെ ഡെമണിപ്പണത്തിൽ ബാക്കിയുണ്ടായിരുന്നാൽ അതു പിഴയായി എടുക്കും. എന്നാൽ ഡെമണി സംഖ്യകൊണ്ടു ബാക്കിക്കും പുനർവിക്രയത്താലുള്ള നഷ്ടത്തിനും മതിയാകാതെ വന്നാൽ ആ മതിയാകാതെ വരുന്ന തുകക്കു ലൈസൻസുകാരൻ ഉത്തരവാദിയായിരിക്കയും ചെയ്യും.

(ഝ) എന്നാൽ മേല്പറഞ്ഞ പുനർവിക്രയം ദിവാൻെറ ക്രമപ്രകാരമായ സ്ഥിരപ്പെടുത്തലിനു ഉൾപ്പെട്ടിരിക്കുന്നതാകുന്നു. ലേലത്തിൽ തീർച്ചപ്പെടുത്തുന്ന സംഖ്യ സ്വാതന്ത്ര്യാവകാശത്തിനു കുത്തക ബാക്കി കാലത്തേക്ക അടയ്ക്കേണ്ടുന്ന സംഖ്യയായിരിക്കയും ചെയ്യും.

(ഞ) പുനർവിക്രയത്തെ ദിവാൻ സ്ഥിരപ്പെടുത്താത്ത പക്ഷം കുത്തക ബാക്കികാലത്തെക്കു തനിക്കു യുക്തമെന്നു തോന്നുന്ന മററു വല്ല ഏർപ്പാടും അദ്ദേഹത്തിനു ചെയ്യാവുന്നതാകുന്നു. അങ്ങിനെ ചെയ്യുന്നതായാൽ ആ വക ഏർപ്പാടിൻെറ സ്വഭാവത്തെപ്പററി [illegible] കൊടുക്കുന്നതായ ഒരു നൊട്ടീസു വിഷ്ടചെന്ന ലൈസൻസുകാരനു ദിവാൻ കൊടുക്കേണ്ടതാകുന്നു.

(ട) ഈ നിശ്ചയത്തിലെ മേല്പറഞ്ഞ ഖണ്ഡങ്ങൾ പ്രകാരം ലൈസൻസുകാരൻ അടയ്ക്കേണ്ടുന്ന വല്ല സംഖ്യയും കരക്കുടിശ്ശിഖ റെഗുലെഷൻ പ്രകാരം വസൂൽ ചെയ്യുന്നതാകുന്നു. ലൈസൻസുകാരൻ അടയ്ക്കേണ്ടതായ കിസ്തിൽ കുറച്ചു കിട്ടുവാനൊ വച്ചുകിട്ടുവാനൊ അവനു യാതൊരു സംഗതിയാലും അവകാശപ്പെടാൻ പാടുള്ളതല്ല.

൩. ലൈസൻസുകാരൻ ആ ഡിവിഷനിലെ നാട്ടുമദ്യങ്ങൾ ശേഖരിച്ചു കൊടുപ്പാനുള്ള പൂർണ്ണ സ്വാതന്ത്ര്യാവകാശത്തിനു ലൈസൻസു വാങ്ങീട്ടുള്ള ആളുടെ പക്കൽ നിന്നും മദ്യങ്ങൾ വിലക്കു വാങ്ങി തൻെറ കടകൾക്കു കൊടുക്കേണ്ടതാകുന്നു. മദ്യങ്ങൾ വാററുസ്ഥലങ്ങളിലൊ പാണ്ടികശാലയിലൊ നിന്നു ഏററു വാങ്ങേണ്ടതും അവിടെ ഇവിടിയുള്ള [illegible] പ്രകാരം താഴെ പറയുന്ന നിരക്കപ്രകാരം വാററുസ്ഥലത്തെ വില കൊടുക്കേണ്ടതും ആകുന്നു.

	കള്ളിൻ ചാരായം			കരുപ്പട്ടി ചാരായം		
	രൂ	ണ	പൈ	രൂ	ണ	പൈ
ഫിനു താഴെ ൨൦ ഡിഗ്രിയിലെ മദ്യത്തിനു	൨	൧൪	...	൨	൧൨	...
൩൦ ടി ടി	൨	൧൦	...	൨	൮	...

൪. പാനത്തിനൊ ഉപയോഗത്തിനൊ കൊള്ളരുതാത്തതെന്നു എക്സൈസ് കമ്മീഷണർ വിചാരിക്കുന്നതായി ലൈസൻസുകാരൻെറ കടയിൽ കാണുന്ന മദ്യങ്ങളെ നശിപ്പിക്കുന്നതിനു എക്സൈസ് കമ്മീഷണർ ഉത്തരവു കൊടുക്കാം.

൫. സുഖഹാനികരമായ സാധനങ്ങളെ കടക്കാർക്ക കൊടുക്കാനുള്ള മദ്യത്തിൽ ലൈസൻസുകാരൻ ചെർക്കരുതു.

൬. ലൈസൻസുകാരൻ തൻെറ പീടികക്കാർക്ക കൊടുക്കുന്നതൊ വിൽക്കുന്നതൊ കൊടുപ്പാനൊ വില്പാനൊ സൂക്ഷിച്ചു വെക്കുന്നതൊ ആയ മദ്യങ്ങൾ പ്രൂഫിനു താഴെ ഇരുപതൊ മുപ്പതൊ ഡിഗ്രി കടുപ്പമുള്ളവയായിരിക്കണം. ലൈസൻസുകാരനൊ തൻെറ പീടികക്കാരൊ മററു യാതൊരു കടുപ്പത്തിലെ മദ്യങ്ങളും കൊടുക്കയൊ സൂക്ഷിച്ചുവെക്കയൊ വിൽക്കയൊ ചെയ്യരുതാത്തതും ആകുന്നു.

൭. ലൈസൻസുകാരൻ വാങ്ങിയതും പീടികക്കാർക്ക വെളിയിലേക്കു കൊടുത്തതുമായ മദ്യങ്ങളുടെ തുകയും കടുപ്പവും കാണിച്ച വാസ്തവമായ കണക്കുകൾ വെക്കേണ്ടതും ആ കണക്കുകളൊടുകൂടി മദ്യങ്ങൾ വാങ്ങിയസമയം അയാൾക്ക ലഭിച്ചിട്ടുള്ള രസീതുകളുടെ [illegible]

ഷ്ടം അവയെ വെളിയിൽ കൊടുക്കുന്ന സമയം ലൈസൻസ്കാരൻ കൊടുത്തിട്ടുള്ള രസീതി കളുടെ എല്ലാം ചെത്തു വെക്കേണ്ടതും ആയവ കൊടുത്തിട്ടുള്ള ഓഫീസർമാരുടെ പ്രതികളോടു കൂടി ആ കണക്കുകൾ എക്സൈസ് കമിഷണരുടെയോ അസിസ്റ്റൻറ കമിഷണരുടെയോ മറ ദ്ദേഹം അതിന്നായി നിയമിച്ചിരിക്കുന്ന വല്ല ഉദ്യോഗസ്ഥൻറയോ മറ്റു വല്ല കല്ലാർ ഉ ദ്യോഗസ്ഥൻറയോ പരിശോധനക്കായി ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാകുന്നു. ലൈസൻസ്കാരൻ കടകൾ പീടികയിരിക്കുന്ന സ്ഥലത്തിൽ കണക്കും മറ്റും ചിലവായ വിവ രങ്ങളെപ്പററി അതാതു സമയം എക്സൈസ് കമിഷണരൊ അസിസ്റ്റൻറ കമിഷണരൊ ആ വശ്യപ്പെടുന്ന വിവരങ്ങൾ കണക്കുകളൊ കൊടുക്കുന്നതിനും കൊടുപ്പിക്കുന്നതിനും ലൈസൻ സുകാരൻ നിബന്ധിതനാകുന്നു.

൮. മുന്നേ അനുവദിച്ചു ലൈസൻസു കൊടുത്തിട്ടുള്ള പീടികകളിൽ ഒഴിച്ചു മറ്റു യാ തൊരു സ്ഥലത്തുവെച്ചും മദ്യങ്ങൾ വില്പന ചെയ്തുകൂടാത്തതാകുന്നു. അപ്രകാരമുള്ള അനുവാദ വും ലൈസൻസും വാങ്ങാതെ യാതൊരു പീടികകളും ഏൎപ്പെടുത്താൻ പാടുള്ളതുമല്ലാ. തൻെറ അപേക്ഷപ്രകാരം ലൈസൻസു വാങ്ങിയിട്ടുള്ള പീടികകളിലല്ലാതെ മററു യാതൊരു സ്ഥല ത്തുംവച്ചു ലൈസൻസുകാരൻ മദ്യങ്ങൾ വച്ചു സൂക്ഷിക്കയൊ വില്പനചെയ്യുകയൊ ചെയ്തുകൂടാ ത്തതാകുന്നു. മദ്യങ്ങളല്ലാതെ മററു ലഹരി പദാൎത്ഥങ്ങൾവച്ചു വില്ക്കുന്ന പീടികകളോടു ഒ ന്നിച്ചു ഒരെ കെട്ടിടത്തിൽ പീടികകൾ വച്ചുകൂടാത്തതാകുന്നു.

൯. ദിവാൻ യുക്തമെന്നു തോന്നുമ്പോൾ പീടികകൾ അടെക്കുന്നതിനു ഉത്തരവു കൊ ടുക്കയൊ ഒരു സ്ഥലത്തുനിന്നും മറെറാരു സ്ഥലത്തെക്കു പീടികകൾ മാററുന്നതിനൊ പുതിയ തായി പീടികകൾ ഏൎപ്പെടുത്തുന്നതിനൊ അനുവദിക്കയൊ ചെയ്യാം. സ്ഥലത്തു എത്രത്തോളം മദ്യം ആവശ്യമുണ്ടെന്നു എക്സൈസ് കമിഷണരൊ അസിസ്റ്റൻറുകമിഷണരൊ വിചാരിക്കുന്നുവൊ അത്രത്തോളം മദ്യം അനുവദിക്കപ്പെട്ടിട്ടുള്ള എല്ലാ പീടികകളിലും വച്ചുകൊണ്ടിരിക്കുന്നതിനു ലൈസൻസുകാരൻ നിബന്ധിതനാകുന്നു.

൰. ലൈസൻസുകാരൻ തനിക്കു കിട്ടിട്ടുള്ള ലൈസൻസിനെ തൻെറ പീടികയിൽ എല്ലാവൎക്കും കാണത്തക്ക ഒരു സ്ഥലത്തു പതിക്കേണ്ടതാണ്. അങ്ങിനെയുള്ള പീടിക വൃത്തി യുള്ളതായ ഒരു പീടികയിലൊ കെട്ടിടത്തിലൊ ആയിരിക്കേണ്ടതാകുന്നു. പീടികക്കായി ഉപയോഗ പ്പെടുത്തുന്ന മുറിയൊ മുറികളൊ പീടികക്കാരൻ പാൎക്കുന്ന വീട്ടിൽതന്നെ ആയിരുന്നാലും അ ല്ലാതിരുന്നാലും എല്ലായ്പൊഴും പ്രത്യേകമായിരിക്കേണ്ടതാകുന്നു. പീടികക്കു അതിൽ തൊട്ടിരി ക്കുന്ന വല്ല സ്ഥലത്തിനും മദ്ധ്യെ ഗതാഗതത്തിനുള്ള ഒരു വാതിലുണ്ടായിരുന്നാൽ അതി നെ രാത്രികാലം പൂട്ടിയിടേണ്ടതാകുന്നു.

൰൧. ലൈസൻസുകാരൻെറ പേരും തനിക്കു വില്പാൻ ലൈസൻസുള്ള മദ്യത്തിൻെറ പെരും ലൈസൻസു നമ്പരും മലയാളത്തിൽ എഴുതിയ ഒരു അടയാളപ്പലക തൻെറ പീടികയു ടെ മുൻഭാഗത്തിൽ വെളിവായ ദിക്കിൽ പതിക്കേണ്ടതാണ്.

൰൨. പീടികക്കാരൻ തൻെറ പീടികയിൽ അധികമായ മദ്യപാനമൊ, അക്രമമൊ ചൂതു മുതലായ കളികളൊ വിരോധിക്കേണ്ടതും കുഷ്ഠരോഗമൊ, പകരുന്ന മററു രോഗങ്ങ ളൊ പിടിപെട്ടവരെ അതിൽനിന്നു നാട്ടുമദ്യം വില്പാൻ അനുവദിക്കാതിരിക്കേണ്ടതും ആകുന്നു

൰൩. പീടിക സൂൎയ്യോദയത്തിനു മുമ്പായി തുറക്കരുതു.

൰൪. രാത്രി ഒൻപതു മണിക്കു ശെഷം തുറന്നുവെക്കുവാൻ പൊതുവായൊ പ്രത്യേകമാ യൊ എക്സൈസ് കമിഷണർ അനുവദിക്കാത്തപക്ഷം രാത്രി ഒൻപതു മണിക്കു പീടിക പൂട്ടി ക്കേണ്ടതാകുന്നു

൰൫. പീടികക്കാരൻ തൻെറ പീടികയിൽ കവച്ചക്കാരെയൊ, കള്ളന്മാരെയൊ കലഹക്കാരെയൊ സങ്കേതം കൊടുക്കരുതു തൻെറ പീടികയിൽ വരുന്ന മെല്പറഞ്ഞ വല്ലവരെയും കുറിച്ചു ഏ റവും അടുത്ത മജിസ്ട്രേട്ടിന്നൊ പൊലീസു ഉദ്യോഗസ്ഥനൊ അറിവുകൊടുക്കേണ്ടതും ആ കുന്നു

൰൬. ആയുധങ്ങളൊ, ആഭരണങ്ങളൊ, സാമാനങ്ങളൊ, വസ്ത്രാദികളൊ, മററു സാധനങ്ങളൊ മദ്യത്തിനു പകരമായൊ പണയമായൊ പീടികക്കാരൻ വാങ്ങരുതു എന്നുമാത്രമല്ല ആ വക വ ല്ലതും കൊടുക്കാമെന്നു പറഞ്ഞാൽ ആ വിവരം ഏററവും അടുത്ത മജിസ്ട്രേട്ടിന്നൊ പൊലീസു ഉദ്യോഗസ്ഥനൊ അറിവു കൊടുക്കേണ്ടതാകുന്നു

൭. തന്റെ പീടികയിൽനിന്നു (ഒരു ഗ്യാലനിൽ അധികമൊന്നു ഭാഗമായി) ഒരു സാധാരണ കുപ്പിയിലൊ ഇതിലെക്കായി മെലിൽ നിശ്ചയിക്കാവുന്ന മറ്റു വല്ല ഉരുക്കളിലൊ അധികം മദ്യങ്ങളും ഒരു ബെലപ്പെട്ടിരിക്കുന്ന രഹദാരി കൂടാതെ ഒരിക്കൽ തന്നെ ഒരാൾ കൊണ്ടുപൊവാൻ യാതൊരു സംഗതിവശാലും പീടികക്കാരൻ സമ്മതിക്കരുതു.

൮. മദ്യങ്ങൾ കടത്തിക്കൊണ്ടുപൊകുന്നതിനും കൈവശം വച്ചുകൊണ്ടിരിക്കുന്നതിനും വെണ്ട രഹദാരികൾക്കു അച്ചടിച്ച ഫാറങ്ങൾ ലൈസൻസുകാരൻ ഉണ്ടാക്കി വച്ചുകൊള്ളുകയും തന്റെ പീടികക്കാൎക്കു കൊടുക്കയും ചെയ്യെണ്ടതാകുന്നു. മുഴുവനും എഴുതാത്ത രഹദാരിഫാറങ്ങളെ പീടികക്കാർ ഒപ്പിട്ടുവച്ചു കൊടുപ്പാൻ സമ്മതിക്കരുതു.

൯. ഓരൊ പീടികയിലും ഓരൊ ദിവസവും വരവുള്ള മദ്യങ്ങളുടെ തുകയും കട്ടപ്പവും വിറ്റ മദ്യങ്ങളുടെ തുകയും കട്ടപ്പവും, വിറ്റ വിലകളും വില്ലാതെ ബാക്കിയുള്ള മദ്യങ്ങളുടെ തുകയും കട്ടപ്പവും കാണിക്കുന്നതായ ഒരു കണക്കു വച്ചിരിക്കെണ്ടതാകുന്നു. ആ കണക്കുകൾ എക്സൈസ്സ കമ്മീഷണർ നിശ്ചയിക്കുന്ന മാതിരിയിൽ ഇരിക്കണം. അവയെ എക്സൈസ്സ കമ്മീഷണരുടെയൊ അസിസ്റ്റന്റു കമ്മീഷണരുടെയൊ കമ്മീഷണർ അതിനായി നിശ്ചയിക്കുന്ന വല്ല ഉദ്യൊഗസ്ഥന്റെയൊ വല്ല കലാൽ ഉദ്യൊഗസ്ഥന്റെയൊ പരിശൊധനക്കായി ആവശ്യപ്പെടുമ്പൊഴൊക്കെയും ഹാജരാക്കണ്ടതാണ. പീടികകളിൽ ചരക്കു സഹിതം കിട്ടിയ രഹദാരികളും കൊടുത്ത രഹദാരികളുടെ പകൎപ്പുകളും സൂക്ഷ്മമായും ക്രമമായും ഫയൽ ചെയ്തു വെക്കണ്ടതും കുറെക്കാലത്തിനിടക്ക വല്ല സമയത്തും പരിശൊധനക്കായി മെൽപ്രകാരം തന്നെ ഹാജരാക്കണ്ടതും ആകുന്നു.

൧൦. ഏതാനു സമയം എക്സൈസ്സ കമ്മീഷണർ ആവശ്യപ്പെടുന്ന കണക്കുകളും വിവരവും കൊടുപ്പാൻ പീടികക്കാരൻ ബാദ്ധ്യസ്ഥനായിരിക്കയും ചെയ്യും.

൧൧. ലൈസൻസുകാരന കൊടുത്തിട്ടുള്ള മദ്യങ്ങളല്ലാതെ മറ്റു യാതൊരു ദ്രവ്യങ്ങളും പീടികക്കാരൻ തന്റെ പീടികയിൽ സൂക്ഷിക്കാനൊ വില്ക്കാൻ വെക്കാനൊ വില്ക്കാനൊ പാടുള്ളതല്ല എന്നു മാത്രമല്ലാ പ്രൂഫിനു താഴെ ഇരുപതൊ, മുപ്പതൊ, നാല്പതൊ കട്ടപ്പങ്ങളില്ലാതെ മറ്റു യാതൊരു കട്ടപ്പത്തിലെ മദ്യങ്ങളും തന്റെ പീടികയിൽ സൂക്ഷിക്കയൊ വില്പാൻ വെക്കയൊ വില്ക്കയൊ ചെയ്യാൻ പാടില്ലാത്തതാകുന്നു. പീടികയിൽ സൂക്ഷിക്കപ്പെടുന്നതൊ വില്ക്കാൻ വെക്കപ്പെടുന്നതൊ വില്ക്കപ്പെടുന്നതൊ ആയ മദ്യങ്ങൾ കലൎപ്പു ചെരാത്തതും വീൎയ്യം കുറയാത്തതും ആയിരിക്കണം.

൧൨. പ്രൂഫിനു താഴെ ൧൦ ഡിഗ്രിയിൽ കവിഞ്ഞ കട്ടപ്പത്തിലുള്ള നാട്ടുമദ്യങ്ങളൊ നാട്ടുകള്ളൊ, നാട്ടുബീരൊ, ലൈസൻസു സംബന്ധിക്കുന്നതല്ലാത്ത മറ്റു വല്ല ചാരായമൊ ഈ തുകളും ലൈസൻസുകാരൻ വച്ചിട്ടുള്ള പീടികകളിൽ വച്ചു അതുകൾ സൂക്ഷിക്കാനൊ വില്ക്കാനൊ പാടുള്ളതല്ല കഞ്ചാവൊ അഫീയനൊ അതുപൊലെയുള്ള മറ്റു ലഹരി സാധനമൊ പീടികയിൽ സൂക്ഷിക്കയൊ വില്ക്കയൊ ചെയ്യാൻ പാടില്ലാത്തതും ആകുന്നു.

൧൩. പീടികക്കാരൻ ഗവൎമ്മെണ്ടിൽ നിന്നു ഏതാനു സമയം നിശ്ചയിക്കുന്നവയല്ലാതെ മറ്റു യാതൊരു അളവുകളും കൈവശം വെക്കയൊ ഉപയൊഗിക്കയൊ അരുതു.

൧൪. ലൈസൻസുകാരൻ ആ അളവുകളെ തന്റെ ചിലവിന്മെൽ എക്സൈസ്സ കമ്മീഷണരുടെ ആപ്പീസിലൊ സ്ഥലത്തെ താലൂക്ക കച്ചെരിയിലൊ പരിശൊധിപ്പിച്ചു മുദ്ര പതിപ്പിച്ചു വച്ചിരിക്കണം.

൧൫. പ്രവൃത്തിയിൽ ഏൎപ്പെട്ടിരിക്കുന്ന വല്ല ശിപായിയൊ, പൊലീസു സൈന്യത്തിലെ യാവനൊരുത്തനൊ ഉപ്പു, അബ്കാരി, ചുങ്കം ഈ ഡിപ്പാൎട്ടുമെണ്ടുകളിലെ ഉദ്യൊഗസ്ഥനൊ ആകട്ടെ, പൊലീസു ബന്തൊവസ്തിൽ കൊണ്ടുപൊകപ്പെടുന്ന യാതൊരു യൂറൊപ്യൻ ഉഴൽച്ചക്കാരനാകട്ടെ, പീടികയിൽ നിന്നും കുടിപ്പാനായി പതിനെട്ടു വയസ്സിനു താഴെ പ്രായമുള്ള യാതൊരു കുട്ടിക്കാകട്ടെ പീടികക്കാർ യാതൊരു മദ്യവും വില്ക്കയൊ കൊടുക്കയൊ ചെയ്യരുതു. കടമായി യാതൊരു മദ്യവും വില്ക്കയും അരുതു.

൧൬. ദിവാന്റെ അനുവാദത്തൊടു കൂടിയല്ലാതെ ലൈസൻസുകാരനു സ്വാതന്ത്ര്യാവകാശം ലഭിച്ചിട്ടുള്ള വല്ല സ്ഥലത്തിന്റെയും സ്വാതന്ത്ര്യാവകാശം വില്ക്കാനൊ കൈമാറ്റം ചെയ്വാനൊ കീഴ്ക്കുത്തകയായി കൊടുക്കാനൊ പാടുള്ളതല്ല.

൧൭. പീടികകളുടെ മെലധികാരം വഹിക്കുന്ന എല്ലാവരും അവരുടെ ജൊലിയിൽ പ്രവെശിക്കുന്നതിനു മുമ്പു ചട്ടപ്രകാരമുള്ള കരാറുകൾ എഴുതി ഒപ്പിടെണ്ടതാകുന്നു. ലൈസൻസുകാരനാൽ നിയമിക്കപ്പെടുന്ന ആളുകൾ എഴുതിവെക്കുന്ന എല്ലാ കരാറുകളും എഴുതി ഒപ്പിട്ട തീയതി മുതൽ ഒരു മാസത്തിനകം അവയെ എക്സൈസ്സ കമ്മീഷണരുടെ ആഫീസിൽ ഹാജരാക്കി സൂക്ഷിച്ചു വെക്കെണ്ടതാകുന്നു.

൨൮. മദ്യങ്ങൾ കൊണ്ടുപോകാനൊ വില്ക്കാനൊ വേണ്ടി നിയമിക്കപ്പെട്ട വല്ല ആളും കലാൽ നിയമങ്ങൾക്കൊ താൻ എഴുതികൊടുത്ത കരാറുകൾക്കൊ വിരോധമായി വല്ല പ്രവൃത്തിയും ചെയ്തു എന്നു ലൈസൻസുകാരൻറെ അറിവിൽ വന്നാൽ ആ വിവരം എക്സൈസ്സ് കമിഷണർക്കു റിപ്പോർട്ടു ചെയ്യേണ്ടതും അവനെ മേലും പണിയിൽ നിറുത്തുന്നതിനെപ്പററി എക്സൈസ്സ് കമിഷണരുടെ ഉത്തരവുകൾ അനുസരിച്ചു നടക്കേണ്ടതും ലൈസൻസുകാരൻറെ പ്രവൃത്തിയാകുന്നു. ശിക്ഷാനിയമപ്രകാരം ശിക്ഷിക്കപ്പെട്ട ആളുകളെ ഒരു സംഗതിയിൽ ദിവാൻ പേഷ്കാരുടെ സമ്മതം വാങ്ങാതെ ചാരായം കടത്തുകയൊ വിൽക്കയൊ ചെയ്യുന്നതിനു പണിയിൽ വെക്കാൻ ലൈസൻസുകാരനു പാടുള്ളതല്ലാ.

൨൯. ലൈസൻസുകാരൻ ലൈസൻസു കാലത്തു ലൈസൻസു സംബന്ധിക്കുന്ന സ്ഥലത്തിൻ വല്ല ഭാഗത്തും കള്ളൊ കറുപ്പൊ വിൽക്കുന്നതിനുള്ള സ്വാതന്ത്ര്യാവകാശത്തിൽ വല്ല വിധവും സംബന്ധപ്പെട്ടിരിക്കയൊ ആ സ്ഥലത്തിലെ വല്ല ഭാഗത്തും കള്ളൊ കറുപ്പൊ വില്ക്കുന്ന സ്വാതന്ത്ര്യാവകാശത്തിൽ സംബന്ധപ്പെട്ടിരിക്കുന്ന വല്ല ആളെയും നാട്ടു മദ്യങ്ങൾ വിൽക്കുന്നതിനു തനിക്കുള്ള സ്വാതന്ത്ര്യാവകാശത്തിൽ പങ്കുകൊള്ളുകയൊ സംബന്ധപ്പെട്ടിരിക്കയൊ ചെയ്യുന്നതിനാകട്ടെ തൻറെ കടയിലൊ ലൈസൻസിലെ സ്ഥലത്തിൽ വല്ല ഭാഗത്തൊ വില്പന നടത്തുന്നതിനൊ സമ്മതിക്കയൊ ചെയ്യാൻ പാടില്ലാ.

൩൦. കണക്കാക്കപ്പെട്ടിട്ടുള്ള തീയതിക്കു പിന്നീടു ഉണ്ടാകാനുള്ള എല്ലാ പണത്തിനും ആണ്ടൊന്നുക്കു നൂററിനു പന്ത്രണ്ടു വീതം കൂടുന്ന പലിശ ലൈസൻസുകാരൻ കൊടുക്കാനുള്ളതാകുന്നു.

൩൧. ലൈസൻസുകാരനൊ തൻറെ രഹസ്യമായ അറിവോടും അനുകൂലത്തോടുംകൂടി തൻറെ പണിക്കാരിൽ ആരെങ്കിലുമൊ ലൈസൻസിലെ നിശ്ചയങ്ങളിൽ വല്ല ലംഘനവും ചെയ്യുന്നപക്ഷം അങ്ങിനെയുള്ള ഓരൊ ലംഘനത്തിനു ലൈസൻസുകാരനു ൫൦ രൂപായിൽ കവിയാത്ത ഒരു പിഴ ചുമത്തുവാനൊ ഡെമണി വച്ച പണമൊ ഗവർൺമെൻറു പ്രാമസറിനോട്ടുകളൊ ദിവാൻറെ യുക്തംപ്രകാരം പിഴയായി പിടിച്ചു ലൈസൻസു ദുർബലപ്പെടുത്തുകയും കുത്തക ലൈസൻസുകാരൻറെ യോഗ്യഭാഗ്യത്തിന്മേൽ രണ്ടാമതു വിൽക്കുകയും ചെയ്യാനൊ അല്ലെങ്കിൽ കുത്തക സ്ഥലാതിർത്തിയെ ഗവർൺമെൻറു ഭരണത്തിൽ എടുക്കാനൊ ദിവാനും ദിവാൻറെ അനുവാദത്തോടുകൂടി എക്സൈസ്സ് കമിഷണർക്കും അധികാരമുള്ളതും അതുകൊണ്ടുണ്ടാവുന്ന സകല നഷ്ടത്തിനും ലൈസൻസുകാരൻ ഉത്തരവാദിയായിരിക്കേണ്ടതുമാകുന്നു. ഈ വകുപ്പുപ്രകാരം ചുമത്തുന്ന എല്ലാ പിഴസംഖ്യയും ലൈസൻസിലെ നിശ്ചയങ്ങൾപ്രകാരം ശരിയായി നടക്കേണ്ടുന്ന ഉറപ്പിലേക്കായി ലൈസൻസുകാരൻ ഡെമണി വച്ചിട്ടുള്ള വല്ല സംഖ്യയിൽ നിന്നു കിഴിച്ചെടുക്കുകയൊ അവൻ അമാനത്തു വച്ചതായ ഗവർൺമെൻറു പ്രാമിസറി നോട്ടുകളിൽ വല്ലതുമൊ എല്ലാമൊ വിററു ആ പിഴസംഖ്യ വസൂൽ ചെയ്കയൊ ചെയ്യുന്നതു ദിവാനു ന്യായമായിരിക്കയും ചെയ്യും. ഒരു ലൈസൻസു ദുർബലപ്പെടുത്തിയാൽ ആ ലൈസൻസിലെ മുഴുവൻ കാലത്തേക്കുള്ള കിസ്തു ഉടനെ അടക്കേണ്ടിവരുന്നതാകുന്നു.

൩൨. ഇതിനടുത്ത മീതെ പറഞ്ഞ വകുപ്പിലെ നിശ്ചയപ്രകാരം പിഴ വിധിക്കയൊ ഡെമണിയെ പിഴയായി പിടിക്കയൊ ലൈസൻസു ദുർബലപ്പെടുത്തുകയൊ ചെയ്യുന്നതുകൊണ്ടു കലാൽ നിയമങ്ങളിനാലൊ കലാൽ മുതലെടുപ്പിനൊ സംബന്ധിച്ചു തൽക്കാലം നടപ്പുള്ള മററു നിയമത്തിനൊ വിരോധമായി ചെയ്യുന്ന വല്ല കുററത്തിനും വല്ല ആളുകളുടെയും മേൽ ക്രിമിനാൽ വിസ്താരം നടത്തുന്നതിലേക്കു തടസ്ഥമുള്ളതായി വിചാരിക്കപ്പെടുന്നതുമല്ലാ.

൩൩. കലാൽ റെഗുലേഷനിലെ നിയമങ്ങൾക്കൊ അതാതു സമയം നടപ്പുള്ളെയും കലാൽ മുതലെടുപ്പിനെ സംബന്ധിക്കുന്നെയും ആയ മററു നിയമത്തിനൊ വിരോധമായി ചെയ്യു വല്ല കുററത്തിനും ഒരു മജിസ്ട്രേട്ടിൻറെ മുമ്പാകെയുള്ള ക്രിമിനാൽ വിസ്താരത്തിൽ ലൈസൻസുകാരൻറെ മേൽ സ്ഥാപനമുണ്ടായാൽ അവൻറെ ലൈസൻസു ദുർബലപ്പെടുത്തുന്നതു ദിവാനു ന്യായമായിരിക്കയും ചെയ്യും. ശിക്ഷാനിയമത്തിനു വിരോധമായി ചെയ്ത വല്ല കുററത്തിനും ലൈസൻസുകാരൻറെ മേൽ കുററം സ്ഥാപനമായാൽ അങ്ങിനെ കുററം സ്ഥാപനമാകുന്ന സംഗതി വരത്തക്കതായിരിക്കുന്ന പക്ഷം അവൻറെ ലൈസൻസു ദുർബലപ്പെടുത്തുന്നതു ദിവാനു ന്യായമായിരിക്കയും ചെയ്യും.

൩൪. ലൈസൻസുകാരൻ അടയ്ക്കേണ്ടുന്ന എല്ലാ സംഖ്യകളും അയാളുടെ ഡെമണിയിൽനിന്നു കിഴിച്ചെടുക്കാവുന്നതൊ കരംപിരിവു റെഗുലേഷൻപ്രകാരം അയാളുടെ മുതൽ ജപ്തി ചെയ്തു വിററു വസൂലാക്കാവുന്നതൊ ആകുന്നു.

൩൪. ലൈസൻസുകാരൻ തന്റെ കരാറു പ്രകാരം കൃത്യമായി നടക്കുന്നതിലേക്കു ഉറപ്പിന്നായി ഡെമണി വച്ചതായ സംഖ്യയിൽ നിന്ന വല്ല സംഖ്യയും കിഴിച്ചെടുത്തിട്ടുണ്ടെങ്കിൽ അങ്ങിനെ കിഴിച്ചെടുത്ത വിവരം തന്നെ അറിയിക്കുന്നതായ എക്സൈസ കമ്മിഷണരുടെ ഒരു നൊട്ടീസ തനിക്കു കിട്ടുന്ന തീയതി മുതൽ ൧൫ ദിവസത്തിനകത്തു മേല്പടി സംഖ്യ ഡെമണിക്കു വീണ്ടും പൂൎത്തിയാക്കിക്കൊള്ളുകയും വേണം.

൩൫. കലാൽ ഡിപ്പാൎട്ടുമെന്റിലെ യാതൊരു ഉദ്യോഗസ്ഥന്മാരൊടും ലൈസൻസകാരൻ പണസംബന്ധമായ യാതൊരു ഇടപാടും വച്ചുകൊള്ളരുതാത്തതാകുന്നു.

൩൬. ഇപ്പോഴും നടപ്പുള്ളതൊ മേലിൽ നിയമിക്കപ്പെടുന്നതൊ ആയ അബ്കാരി നിയമങ്ങളനുസരിച്ചു ഉണ്ടാക്കപ്പെടുന്ന വല്ല കുറ്റമായ ഫൊറു പട്ടങ്ങൾപ്രകാരം നടക്കാൻ ലൈസൻസുകാരൻ ബാദ്ധ്യസ്ഥനായി വരുന്നതു കൂടാതെ എക്സൈസ കമ്മിഷണരുടെയൊ അദ്ദേഹം ക്രമമായി അധികാരപ്പെടുത്തുന്ന വല്ല ഉദ്യോഗസ്ഥന്റെയൊ ആവശ്യത്തിന്മേൽ തന്റെ ലൈസൻസു മേൽപ്രകാരം ഭേദപ്പെടുത്തി നന്നാക്കേണ്ടതിന്നൊ പുതുതായി ഒരു ലൈസൻസു കിട്ടേണ്ടതിന്നൊ മടക്കിക്കൊടുക്കേണ്ടതും ആകുന്നു.

ഹജൂർക്കച്ചേരി, തിരുവനന്തപുരം,
൧൯൦൬ മെ ൧൬-

ടി. രാജാരാമരായർ,
ദിവാൻപേഷ്കാർ ഇൻചാൎജ്.

ലേലപ്പരസ്യം.

തെക്കൻ എക്സൈസ് ഡിവിഷനിൽ ഉള്ള പീടികകളിൽ വച്ചു കള്ളു വില്പാനുള്ള സ്വാതന്ത്ര്യാവകാശം ലേലംചെയ്തു വിൽക്കുന്നതിനെ പററിയുള്ള പരസ്യം.

കൽക്കുളം, ഇരണിയൽ, വിളവംകോടു, നെയ്യാററിംകര, തിരുവനന്തപുരം (പട്ടണം ഒഴികെ)

ഇതിനാൽ പരസ്യം ചെയ്യുന്നതു എന്തെന്നാൽ തെക്കൻ എക്സൈസ് ഡിവിഷനിൽ മാൎജിനിൽ പറഞ്ഞിട്ടുള്ള സ്ഥലങ്ങളിൽ ൧൦൮൨-മാണ്ടത്തെക്കും ൧൦൮൩-മാണ്ടത്തെക്കും കള്ളു വില്പാനുള്ള പീടികകളുടെ എണ്ണം ഇതോടു ചേൎത്തിരിക്കുന്ന പട്ടികയിൽ കാണിച്ചപ്രകാരം നിശ്ചയിച്ചിരിക്കുന്നു. ഈ പീടികകൾ ഓരോന്നിൽ വച്ചു കള്ളു വില്പാനുള്ള അവകാശം ൧൦൮൧-മാണ്ടു ഇടവമാസം ൩൦-നു ൧൯൦൬-മാണ്ടു ജൂൺ ൧൩-നു പകൽ ൧൧ മണിക്കു ഹജൂർകച്ചേരിയിൽ വച്ചു ലേലംചെയ്തു വില്ക്കുന്നതാകുന്നു.

൧. ലേലത്തിൽ ചേരുന്ന ഓരോ ആളും ലേലം വിളിക്കുന്നതിനു മുമ്പു ൫൦ രൂപാ ഡെപ്പാസിററു വെക്കേണ്ടതാകുന്നു. ആ വക അപേക്ഷക്കാർ ലേലതീയതിക്കു മുമ്പു മൂന്നു ദിവസങ്ങളിൽ വല്ല സമയവും അതാതു താലൂക്കു കച്ചേരികളിൽ ഹാജരാകിയാൽ സ്വീകരിക്കപ്പെടുകയും ചെയ്യും. പീടികകൾ ഏററവും ഉയൎന്ന വിളികേൾക്കുന്ന ആളുകളുടെ പേരിൽ സ്ഥിരപ്പെടുത്തി കൊടുക്കുന്നതാകുന്നു.

൨. ശിക്ഷാനിയമപ്രകാരമോ വേറെ വല്ല നിയമപ്രകാരമോ ഉള്ള ഒരു കുററസ്ഥനായിട്ടുള്ള ഒരാളും വെച്ച അപേക്ഷയോ ലേലത്തിൽ വിളികേൾപ്പാൻ, അയാളുടെമേൽ കുററസ്ഥാപനത്തിനു കാരണമായ കുററത്തിന്റെ സ്വഭാവംകൊണ്ടു യുക്തമെന്നു തോന്നുന്നതായാൽ സ്വീകരിക്കപ്പെടുന്നതല്ല.

൩. ലേലം സ്ഥിരപ്പെടുത്തിയ ഉടനെ ലേലത്തിൽ എടുക്കാത്തവർ വെച്ചിട്ടുള്ള അനാമത്തു സംഖ്യകളെ എക്സൈസ് കമ്മിഷണരുടെ അറിയിപ്പിൻ പേരിൽ തഹശീൽദാർ അവൎക്കു മടക്കി കൊടുക്കുന്നതാകുന്നു. ലേലത്തിനു സ്ഥിരപ്പെടുത്തി എടുത്ത ആളും മേൽ ൧-ാം വകുപ്പിൻ പ്രകാരമുള്ള ഡെപ്പാസിററു വെച്ചതിനു പുറമെ ഒരു മാസത്തെ കിസ്തിൻ പകുതി സംഖ്യക്കു തുല്യമായ പണം ഉടനെ കെട്ടിവെക്കേണ്ടതുമാകുന്നു. അതുപ്രകാരം ചെയ്യുവാൻ വീഴ്ച വരുത്തിയാൽ ൧-ാം വകുപ്പുപ്രകാരം വച്ച ഡെപ്പാസിററു ഇരുന്നപോകുന്നതും ഗവൎമ്മെണ്ടു നിശ്ചയങ്ങളിന്മേൽ അവകാശം ഉടനെ രണ്ടാമതും ലേലംചെയ്തു വില്ക്കുന്നതും ആകുന്നു. വീണ്ടും വിളികേൾപ്പാൻ അവനെ അനുവദിക്കുന്നതുമല്ല.

൪. ലേലം തീൎച്ചപ്പെടുകയും ൩-ാം വകുപ്പിൽ നിശ്ചയിച്ച പ്രകാരമുള്ള ഡെപ്പാസിററു വെക്കുകയും ചെയ്തിട്ടുള്ളവർ ലേലതീയതി മുതൽ ൭ ദിവസങ്ങൾക്കുള്ളിൽ മൂന്നു മാസത്തെ കിസ്തിനു മുമ്പു വച്ച ഡെപ്പാസിററുകളോടു കൂടി തുല്യമാകുവാൻ വേണ്ടുന്ന സംഖ്യ പിന്നെയും ഡെപ്പാസിററു വെക്കേണ്ടതും വേണ്ട കച്ചീട്ടുകൾ എഴുതി കൊടുക്കേണ്ടതും ഇതിനു താഴെ വിവരിച്ച നിശ്ചയങ്ങളിന്മേൽ ലൈസൻസുകൾ വാങ്ങേണ്ടതുമാകുന്നു. ആദ്യം വച്ച ഡെപ്പാസിററു സംഖ്യ മൂന്നു മാസത്തെ കിസ്തു സംഖ്യയിൽ അധികരിക്കുന്നതായാൽ, ൧-ാം വകുപ്പിൻപ്രകാരം ആറു മാസത്തെ കിസ്തു സംഖ്യ ഡെപ്പാസിററു വെപ്പാൻ ലേലത്തിൽകൊണ്ടു ആളോടു ആവശ്യപ്പെടുന്നില്ലാത്തപക്ഷം മേൽപ്പറഞ്ഞ അധികരിക്കുന്ന സംഖ്യ അയാൾക്കു മടക്കികൊടുക്കുകയും ചെയ്യും.

൫. ലേലം കഴിഞ്ഞതിൽ പിന്നെയും അതു ക്രമപ്രകാരം സ്ഥിരപ്പെടുത്തുന്നതിനു മുമ്പായും ചെയ്തിട്ടുള്ള അന്വേഷണത്താൽ ലേലത്തിൽ എടുത്തവനു അവകാശം ഉണ്ടോ ഇല്ലയോ എന്നു സംശയമുള്ളതായി കാണപ്പെട്ടാൽ മേൽ ൫-ാം വകുപ്പിൽ നിശ്ചയിച്ച സംഖ്യക്കു ഇരട്ടി ഡെപ്പാസിററു വെക്കുവാനൊ കരാറിലെ നിശ്ചയപ്രകാരം അവൻ അടെയ്ക്കേണ്ട ബാക്കി വെക്കാവുന്ന എല്ലാ പണവും ക്രമമായി അടെയ്ക്കുന്നതിനു വേണ്ടി ജാമ്യംചീട്ടു എഴുതിക്കൊടുപ്പാൻ രണ്ടു നല്ല ജാമ്യക്കാരായി കൊടുപ്പാനൊ അവനോടു ആവശ്യപ്പെടാവുന്നതാകുന്നു.

൬. മേൽ ൫-ാം വകുപ്പുപ്രകാരം ഡെപ്പാസിററു വെക്കുവാനൊ ൫-ാം വകുപ്പുപ്രകാരം ആവശ്യപ്പെട്ടതു ചെയ്യുവാനൊ മേൽപ്പറഞ്ഞ പ്രകാരം കച്ചീട്ടു എഴുതി കൊടുക്കുകയും ലൈസൻസുകൾ വാങ്ങുകയും ചെയ്യുവാനൊ വല്ല ആളും വീഴ്ച വരുത്തിയാൽ മുമ്പു ൧, ൩ ഈ വകുപ്പുകൾപ്രകാരം വച്ചിട്ടുള്ള ഡെപ്പാസിററുകൾ പിഴയായി പിടിക്കുകയും ആ അവകാശം അയാളുടെ യോഗ്യതാഗ്രന്ഥത്തിന്മേൽ വീണ്ടും വിൽക്കുകയൊ ദിവാൻജീ യുക്തപ്രകാരം വേറെ പ്രകാരത്തിൽ തീൎച്ചപ്പെടുത്തുകയൊ ചെയ്യുന്നതാകുന്നു.

൮. മെൽ ൭ ാം വകുപ്പുപ്രകാരം രണ്ടാമതു ചെയ്യപ്പെടുന്ന ലെലങ്ങളും വിളിച്ചെടുത്ത ആളുകളും ലെലക്കാരന്റെ ഗവേഗ്രദാഗ്രത്തിനെത്തൽ ആയിരിക്കുന്നതും അവന്നു ഉണ്ടാകുന്ന വിക്രയത്താൽ ഉണ്ടാകുന്ന എല്ലാ ആദായവും ചെയ്യാൻ കൂടാതെ അതിനാൽ വല്ല നഷ്ടവും സംഭവിക്കുന്ന പക്ഷം ആദ്യത്തെ ലെലപ്രകാരം മുഴുവൻ കാലത്തെക്ക് അയാൾ അടക്കെണ്ടുന്ന മൊത്തം സംഖ്യയിൽ നിന്നു രണ്ടാമത്തെ ലെലത്തിൽ ഏറ്റെടുത്തയാൾ അടക്കെണ്ടുന്ന മൊത്തസംഖ്യ കഴിച്ചുണ്ടാകുന്ന കുറവിനു അയാൾ കൊടുക്കെണ്ടതുമാകുന്നു. മെൽ പറഞ്ഞ സംഗതിയിൽ പിഴയായെടുത്ത ഡെമണി സംഖ്യയെ പുനർവിക്രയത്താൽ ഉണ്ടായ നഷ്ട സംഖ്യയിൽ നിന്നു കഴിച്ചെടുത്തതിൽ പിന്നെ ബാക്കി വല്ലതും ഉണ്ടെങ്കിൽ അയാളുടെ കരക്കുടിശ്ശിഖ പോലെ ആദ്യത്തെ ലെലക്കാരനിൽ നിന്നു വസൂൽ ചെയ്യപ്പെടുന്നതാകുന്നു. എന്നാൽ പിഴയായെടുത്ത ഡെമണിസംഖ്യ പുനർവിക്രയത്താൽ ഉണ്ടായ നഷ്ട സംഖ്യയെ കവിഞ്ഞിരുന്നാൽ ആ ഡെമണിസംഖ്യ മുഴുവനും ഗവർമ്മെണ്ടിലെക്കു മുതൽ കൂട്ടുന്നതുമാകുന്നു. പുനർവിക്രയത്താൽ അല്ലാതെ വെറെ പ്രകാരത്തിൽ സ്വാതന്ത്ര്യാവകാശത്തിന്റെ കാര്യം തീച്ചപ്പെടുത്തുകയും അങ്ങിനെ തീച്ചപ്പെടുത്തിയതിനാൽ ആദ്യത്തെ ലെലസംഖ്യയൊടു ഒപ്പിച്ചു നൊക്കുമ്പൊൾ ഗവർമ്മെണ്ടിലെക്കു നഷ്ടം സംഭവിക്കുകയും ചെയ്യുന്ന പക്ഷം ആദ്യത്തെ ലെലക്കാരൻ ആ നഷ്ടത്തിനുകൂടി ഉത്തരവാദിയായിരിക്കയും ചെയ്യും.

൯. ലെലവിക്രയങ്ങളിലൊ പുനർവിക്രയങ്ങളിലൊ വിളികെട്ടു ലെലം സ്ഥിരപ്പെടുത്തപ്പെട്ടവർ ദിവാൻജീ സമ്മതംകൂടാതെ തങ്ങളുടെ സ്വാതന്ത്ര്യാവകാശം ഇഷ്ടംപൊലെ വില്പാനൊ കൈമാറം ചെയ്യാനൊ കീഴ്കുത്തകയായി കൊടുപ്പാനൊ അനുവദിക്കപ്പെടുന്നതല്ലാ. അങ്ങിനെ അനുവദിക്കാതിരിക്കുന്നതിനു ദിവാന്നു അധികാരമുള്ളതാകുന്നു.

൧൦. സ്വാതന്ത്ര്യാവകാശം വിലക്കെടുത്ത ആളുകൾ ക്രമമായ ലൈസൻസു കൊടുത്തിട്ടില്ലെങ്കിലും താഴെ ചെർത്തിരിക്കുന്ന നിശ്ചയങ്ങളും ലംഘിച്ചു നടന്നാൽ അബ്കാരി ആക്ടിൽ നിശ്ചയിച്ചിരിക്കുന്ന ശിക്ഷകൾക്കു അയാളും പാത്രമായിരിക്കയും ചെയ്യും.

൧൧. ഈ വക ലെലം വിളികെൾക്കലിനെ യാതൊരു കാരണവും പറയാതെ തള്ളുന്നതിനും മറ്റുവല്ല കാര്യങ്ങളിലെക്കു ഉചിതമെന്നു താൻ വിചാരിക്കുന്ന വല്ല ഏപ്പാടുകളും ചെയ്യുന്നതിനു ദിവാന്നു അധികാരമുള്ളതാകുന്നു.

നിശ്ചയങ്ങൾ.

൧. മെൽപ്പറഞ്ഞ സ്വാതന്ത്ര്യാവകാശത്തിൽ കള്ളു വിൽക്കുന്നതു മാത്രം ഉൾപ്പെടുന്നതാകുന്നു. ഓരൊ കടക്കും പ്രത്യെകം പ്രത്യെകം ലൈസൻസു വാങ്ങെണ്ടതാകുന്നു.

൨. (i) മെൽ വിവരിച്ച സ്വാതന്ത്ര്യാവകാശം വാങ്ങിയതിനു അടക്കെണ്ടുന്നതായ സംഖ്യ ൧൦൭൫ാമാണ്ടു ചിങ്ങമാസം മുതൽ മാസംതൊറും ൧൨-ൽ ഒന്നിനു മുമ്പൊ മാസികമായ ൧൨ തവണകളിലായി താലൂക്കു ഖജനാവുകളിൽ അടക്കെണ്ടതാകുന്നു.

(ii) ലൈസൻസുകാരൻ മെൽപ്പറഞ്ഞ ൫ ാം വകുപ്പിൻപ്രകാരം വച്ച ഡെമണി പണമായിട്ടാണെങ്കിൽ, അയാളുടെ കുത്തക കാലാവസാനത്തിൽ മൂന്നു മാസത്തെ കിസ്തു വകക്കു അടച്ചതായി എടുക്കപ്പെടും. ഡെമണി വച്ചതു ഗവർമ്മെണ്ടു പ്രാമിസരി നൊട്ടായിരിക്കയും അവ കൈവശം വച്ചുകൊണ്ടിരിപ്പാൻ ലൈസൻസുകാരൻ ആഗ്രഹിക്കയും ചെയ്യുന്ന പക്ഷം അവൻ അടക്കെണ്ടുന്ന കിസ്തു മുഴുവനും അടച്ചതിൽപിന്നെ അവയെ അവന്നു മടക്കിക്കൊടുക്കയും ചെയ്യും. അല്ലാത്തപക്ഷം അവയെ വിറ്റൊ വെറെ വല്ല വിധത്തിലും കൈകാര്യം ചെയ്തൊ പിരിയുന്ന മുതൽ കുത്തക കാലത്തിന്റെ ഒടുവിലത്തെ മൂന്നു മാസം വക കിസ്തുകൾക്കായി എടുക്കപ്പെടുന്നതും, അടയ്ക്കാത്ത പിന്നെയും ബാക്കിയുണ്ടായാൽ അതു കരക്കുടിശ്ശിഖപൊലെ വസൂൽ ചെയ്യപ്പെടുന്നതുമാകുന്നു. ഏതൊരു മാസം വരെയുള്ള കിസ്തു അടക്കാതെയിരുന്നാൽ വിവരം എക്സൈസ കമിഷണർ തെയ്യപ്പെടുത്തുന്നതിൻപെരിൽ ആ ബാക്കിയെ മെലാത്ത റെഗുലെഷൻ അനുസരിച്ചു വസൂൽ ചെയ്വാൻ ദിവാൻപെഷ്കാർ ഉടനെ പ്രവത്തിക്കെണ്ടതാകുന്നു. സ്വാതന്ത്ര്യാവകാശം രണ്ടാമതു വകുപ്പിൽ തീച്ചപ്പെടുത്തുന്നതായാൽ എക്സൈസു കമിഷണർ പുനർവിക്രയത്തിനുള്ള നൊട്ടീസു അടുത്ത പിറെറ മാസം ൧-ാം തിയതിയിൽ അധികരിക്കാത്ത സമയത്തിനുള്ളിൽ കൊടുക്കുകയും പരസ്യമായി ലെലത്തിൽ എടുത്തവരു ലൈസൻസു കൊടുത്ത തീയതി മുതൽക്കു നടപ്പാക്കത്തക്കവണ്ണം നിശ്ചയിച്ചു തീർത്തിട്ടുള്ള സ്വാതന്ത്ര്യാവകാശം വീണ്ടും വിൽക്കുകയും ചെയ്യുന്നതാകുന്നു. അങ്ങനെ ചെയ്യുന്ന സംഗതിയിൽ അന്നാമത്തുവച്ച പണംകൊണ്ടു അടപ്പാനുള്ള ബാക്കിയും പുനർവിക്രയത്തിൽ വല്ല നഷ്ടവും ഉണ്ടായിട്ടുണ്ടെങ്കിൽ അതും പൂത്തിയാക്കുകയും ചെയ്യും. അങ്ങനെ ചെയ്തതിൽ പിന്നെ ഡെമണി പണത്തിൽ ബാക്കിയുണ്ടായിരുന്നാൽ അതു പിഴയായെടുക്കുകയും

ചെയ്യും. എന്നാൽ ഡെമണ്ടി സംഖ്യകൊണ്ടു ബാക്കിയും പുനർവിക്രയത്താലുള്ള നഷ്ടത്തിനു മതിയാകാതെ വന്നാൽ ആ മതിയാകാതെ വരുന്ന തുകയ്ക്കു ലൈസൻസുകാരൻ ഉത്തരവാദിയായിരിക്കയും ചെയ്യും.

(iii) എന്നാൽ മേൽപ്പറഞ്ഞ പുനർവിക്രയം ദിവാന്റെ സ്ഥിരപ്പെടുത്തലിനു ഉൾപ്പെട്ടിരിക്കുന്നതും ലേലത്തിൽ വിളികേട്ടിട്ടുള്ളതിനെ ദിവാനു യുക്തപ്രകാരം സ്വീകരിക്കുകയോ ഉപേക്ഷിക്കുകയോ ചെയ്വാൻ സ്വാതന്ത്ര്യമുള്ളതുമാകുന്നു. ലേലത്തിൽ തീച്ചപ്പെടുത്തുന്ന സംഖ്യ സ്വാതന്ത്ര്യാവകാശത്തിനു കുത്തക ബാക്കികാലത്തേക്ക് അടക്കേണ്ടുന്ന സംഖ്യയായിരിക്കയും ചെയ്യും.

(iv) പുനർവിക്രയത്തെ ദിവാൻ സ്ഥിരപ്പെടുത്തുന്നില്ലെങ്കിൽ കുത്തക കാലത്തിൽ ശേഷം കാലത്തേക്കു ഉചിതമായി തോന്നാവുന്ന വേറെ വല്ല ഏർപ്പാടുകളും ദിവാനു ചെയ്യാവുന്നതാകുന്നു. അങ്ങനെ ചെയ്യുന്നതായാൽ ഇന്ന ഏർപ്പാടാകുന്നു ചെയ്തു എന്നു കീഴ്വരുത്തിയ ലൈസൻസുകാരനെ തെരിയപ്പെടുത്തി അബ്‌കാരി എക്സൈസ് കമീഷണർ ഒരു നോട്ടീസു അയക്കുന്നതാകുന്നു.

(v) ഒരു വ്യവസ്ഥയിലെ മുമ്പു പറഞ്ഞ ഖണ്ഡങ്ങളെ അനുസരിച്ചു ലൈസൻസുകാരനിൽ നിന്നു ഈടാക്കാനുള്ള എല്ലാ തുകയെയും കരംപിരിവു റെഗ്ഗുലേഷൻ അനുസരിച്ചു വസൂലാക്കുന്നതാകുന്നു. ആ സംഖ്യയെ പിരിച്ചു കിട്ടുന്നതിനോ കുറച്ചു കിട്ടുന്നതിനോ ലൈസൻസുകാരനു യാതൊരു സംഗതിവശാലും അധികാരപ്പെടുകയില്ല.

൩. ലൈസൻസുകാരനു വിൽപ്പാനുള്ള ആവശ്യമുള്ള കള്ളിനെ, ലൈസൻസുള്ള താലൂക്കുകളിൽ കുടിയാനുടെ ഭൂമികളിൽ വളരുന്ന മരങ്ങളിൽ നിന്നു ഇറക്കുകയോ ഇറക്കിക്കുകയോ ചെയ്യാവുന്നതാകുന്നു. പ്രത്യേകം ചട്ടങ്ങളാൽ തടുക്കപ്പെടുന്നതായ വൃക്ഷങ്ങളും ഏർപ്പാടു ചെയ്യപ്പെട്ടിരിക്കുന്ന സ്ഥലങ്ങളും ഒഴികെ അങ്ങനെയുള്ള ലൈസൻസുകളും ഏജൻസികളും അപേക്ഷിച്ചാൽ ലഭിക്കുന്നതാകുന്നു. ക്രമമായ ലൈസൻസില്ലാതെ കള്ളിറക്കാവുന്നതല്ല. ലൈസൻസുകാരൻ തനിക്കാവശ്യമുള്ള കള്ള ലൈസൻസുള്ള മററു വല്ല വില്പനക്കാരന്റെ പക്കൽ നിന്നും വാങ്ങാവുന്നതാകുന്നു.

൪. ലൈസൻസുകാരൻ തനിക്കു കിട്ടീട്ടുള്ള ലൈസൻസിനെ തന്റെ പീടികയിൽ എല്ലാവരും കാണത്തക്ക ഒരു സ്ഥലത്തു പതിക്കേണ്ടതാണ്. അങ്ങനെയുള്ള പീടിക പ്രത്യേകമായതായും ഒരു കുടിയിലോ കെട്ടിടത്തിലോ വേറെ കേന്ദ്രവും കള്ളല്ലാത്ത മററു ലഹരിസാധനങ്ങളും വിൽപ്പാനുള്ള ചില്ലറവ്യാപാരങ്ങളോടൊ പീടികകളോടു കൂടി ഒരേ കെട്ടിടത്തിൽ തന്നെ ആയിരിപ്പാൻ പാടില്ലാത്തതും ആകുന്നു. പീടികയായി ഉപയോഗപ്പെടുത്തുന്ന മുറിയോ മുറികളോ പീടികക്കാരൻ പാക്കുന്ന വീട്ടിൽ തന്നെ ആയിരുന്നാലും അല്ലായിരുന്നാലും എല്ലായ്പോഴും പ്രത്യേകമായിരിക്കേണ്ടതാകുന്നു. പീടികക്കും അതിൽ തൊട്ടിരിക്കുന്ന വല്ല സ്ഥലത്തിനും മദ്ധ്യേ ഗതാഗതത്തിനുള്ള ഒരു വാതൽ ഉണ്ടായിരുന്നാൽ അതിനെ രാത്രികാലം പൂട്ടിയിടേണ്ടതാകുന്നു.

൫. ലൈസൻസുകാരന്റെ പേരും, ലൈസൻസു നമ്പരും താൻ വിൽക്കുന്ന കള്ളിന്റെ വിലയും മലയാളത്തിൽ എഴുതിയ ഒരു അടയാളപ്പലക തന്റെ പീടികയുടെ മുൻഭാഗത്തിൽ വെളിവായ ദിക്കിൽ പതിക്കേണ്ടതാകുന്നു.

൬. ലൈസൻസുകാരൻ ഓരോ കടയിലും മതിയാകുംവണ്ണം കള്ള ശേഖരിച്ചു വച്ചിരിക്കണം.

൭. ലൈസൻസുകാരൻ തന്റെ പീടികയിൽ അധികമായ മദ്യപാനമൊ, അക്രമമൊ, ചൂതു മുതലായ കളികളോ വിരോധിക്കേണ്ടതും കുപ്രയോഗമൊ തെറ്റാൽ പകരുന്ന മററു രോഗങ്ങളൊ പിടിപെട്ടവരെ അതിൽ നിന്നു കള്ള വിൽപ്പാൻ അനുവദിക്കാതിരിക്കേണ്ടതുമാകുന്നു.

൮. ലൈസൻസുകാരൻ തന്റെ പീടികയിൽ കവച്ചുകൾക്കോ കള്ളന്മാർക്കോ, കലഹക്കാർക്കോ സങ്കേതം കൊടുക്കാതെ തന്റെ പീടികയിൽ വരുന്ന ദുഷ്പ്രകാരമുള്ള വല്ലവരെയും കുറിച്ചു ഉടനെവും അടുത്ത വല്ല മജിസ്ട്രേട്ടിനെയൊ പൊലീസു ഉദ്യോഗസ്ഥനെയൊ അറിവു കൊടുക്കേണ്ടതാകുന്നു.

൯. ധാന്യമൊ, ആഭരണങ്ങളൊ, സാമാനങ്ങളൊ, വസ്ത്രാദികളൊ മററു സാധനങ്ങളൊ കള്ളിനു പകരമായൊ പണയമായൊ ലൈസൻസുകാരൻ വാങ്ങരുതു. എന്തെങ്കിലും ആ വക വല്ലതും മൊഷ്ടമെന്നു പറഞ്ഞാൽ ആ വിവരം ഉടനെവും അടുത്ത മജിസ്ട്രേട്ടിനെയൊ പൊലീസു ഉദ്യോഗസ്ഥനെയൊ അറിവു കൊടുക്കേണ്ടതാകുന്നു.

൧൦. തന്റെ പീടികയിൽ നിന്നു (ഒരു ഗാലനിൽ അരപ്പാതി ലാഹരിയായി) മൂന്നു സാധാരണ കുപ്പികളിലൊ, ഇതിലേക്കായി മേൽ നിശ്ചയിക്കാവുന്ന മററു വല്ല തുകയിലൊ അധികം കള്ളു ഒരു ബലപ്പെട്ടിരിക്കുന്ന ലഹരി കൂടാതെ ഒരിക്കൽ തന്നെ ഒരാൾ കൊണ്ടുപോവാൻ യാതൊരു സംഗതിവശാലും ലൈസൻസുകാരൻ സമ്മതിച്ചു പോകരുതു.

൧൧. ലൈസൻസുകാരൻ തന്റെ പീടിക സൂര്യോദയത്തിനു മുമ്പായി തുറക്കരുതു രാത്രി എട്ടു മണിക്കുശേഷം തുറന്നു വെക്കാൻ പൊതുവായൊ പ്രത്യേകമായൊ എക്സൈസു കമ്മീഷണർ അനുവദിക്കാത്ത പക്ഷം രാത്രി എട്ടു മണിക്കു തന്റെ പീടിക പൂട്ടികൊള്ളേണ്ടതാണു. രാത്രി യാതൊരാൾക്കും പീടികകളിൽ സങ്കേതം കൊടുക്കയും അരുതു.

൧൨. പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന വല്ല പോലീസു സൈന്യത്തിലെ ശിപായിക്കൊ സാൾട്ടു അബ്കാരി ചവുക്ക ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥനൊ അതുപോലെ പോലീസു വെണ്ടൊ സ്റ്റേഷനിൽ കൊണ്ടുപോകപ്പെടുന്ന യാതൊരു യൂറോപ്യൻ ഉൾച്ചക്കാരനൊ കട്ട പീടികയിൽ നിന്നു കുടിപ്പാനായി ൧൨ വയസ്സിനു താഴെ പ്രായമുള്ള യാതൊരു കുട്ടിക്കൊ ടെ പീടികക്കാർ യാതൊരു കള്ളും വിൽക്കുകയൊ കൊടുക്കുകയൊ ചെയ്യരുതു. കടമായി യാതൊരു കള്ളും വിൽക്കാനും അരുതു

൧൩. പീടികകൾ ഒരു സ്ഥലത്തു നിന്നു മറെറാരു സ്ഥലത്തെക്കു മാററം ചെയ്വാൻ അനുവദിപ്പാനൊ പോലീസു ഭരണവിഷയമായൊ യുക്തമെന്നു തോന്നിയാലൊ പീടികകൾ പൂട്ടുവാൻ ഉത്തരവു കൊടുപ്പാനൊ ദിവാന്നു അധികാരമുള്ളതാകുന്നു.

൧൪. അതാതു സമയം എക്സൈസു കമ്മീഷണർ ആവശ്യപ്പെടുന്ന കണക്കുകളും വിവരവും കൊടുപ്പാൻ ലൈസൻസുകാരൻ ബാദ്ധ്യസ്ഥനായിരിക്കുകയും ചെയ്യും.

൧൫. കള്ളിൽ നിന്നു മദ്യങ്ങൾ വാററിയുണ്ടാക്കരുതെന്നു ഖണ്ഡിതമായി വിരോധിച്ചിരിക്കുന്നു

൧൬. മീതെ ൩-ാം നിശ്ചയത്തിൽ പറഞ്ഞ മാതിരിയിൽ ലഭിച്ചിട്ടുള്ളതു അല്ലാതെ മററു യാതൊരു കള്ളും ലൈസൻസുകാരൻ വില്പാൻ പാടുള്ളതല്ലാ കള്ളിന്റെ ലഹരി ശക്തിയെ വർദ്ധിപ്പിക്കാനൊ മററു വല്ല കാരണത്തിന്മേലൊ ആരോഗ്യത്തിനു ഹാനികരമായ യാതൊരു സാധനങ്ങളും കള്ളിൽ ചേർക്കരുതു

൧൭. ലൈസൻസുകാരൻ ഗ്യാലനു ഒന്നിനു ൬ ചക്രത്തിൽ കവിഞ്ഞു കള്ളു വിൽക്കരുതു. അയാൾ തന്റെ ലൈസൻസിൽ പറയുന്ന സ്ഥലത്തല്ലാതെ മററു യാതൊരിടത്തും കള്ളു വിൽക്കരുതു.

൧൮. ലൈസൻസുകാരൻ ഗവർമ്മെന്റിൽ നിന്നു അതാതു സമയം നിശ്ചയിക്കുന്നവയല്ലാതെ മററു യാതൊരു അളവുകളും കൈവശം വെക്കുകയൊ ഉപയോഗിക്കയൊ അരുതു. ദിവാൻ നിയോഗിക്കുന്നതായാൽ ആ അളവുകളെ എക്സൈസു കമ്മീഷണരുടെ ആപ്പീസിൽ പരിശോധിപ്പിച്ചു മുദ്ര വയ്പിക്കേണ്ടതാകുന്നു.

൧൯. ഓരോ കടയ്ക്കും തനിക്കു വേണ്ട പീടികക്കാരനെ ലൈസൻസുകാരനു വയ്ക്കാൻ സ്വാതന്ത്ര്യമുള്ളതാകുന്നു

൨൦. പുറരാജ്യ മദ്യങ്ങളൊ, നാട്ടു മദ്യങ്ങളൊ, നാട്ടു ബീയരൊ ലൈസൻസിൽ ഉൾപ്പെടാത്ത മററു വല്ല മദ്യമൊ കടകളിൽ സൂക്ഷിക്കാനൊ വിൽക്കാനൊ പാടില്ല. കഞ്ചാവ, അബിയനൊ അതുപോലെയുള്ള മററു ലഹരി സാധനമൊ പീടികയിൽ സൂക്ഷിക്കുകയൊ വില്ക്കുകയൊ ചെയ്യാൻ പാടില്ലാത്തതുമാകുന്നു

൨൧. ദിവാന്റെ അനുവാദത്തോടു കൂടിയല്ലാതെ ലൈസൻസുകാരനു തന്റെ സ്വാതന്ത്ര്യാവകാശം വില്പാനൊ കൈമാററം ചെയ്വാനൊ കീഴ്കുത്തകയായി കൊടുപ്പാനൊ പാടുള്ളതല്ല.

൨൨. ലൈസൻസുകാരനിൽ നിന്നു കിട്ടാനുള്ള എല്ലാ പണത്തിന്മേലും [illegible] നൂററിനു ൧൨ വീതം പലിശ വസൂലാക്കുന്നതാകുന്നു.

൨൩. ലൈസൻസുകാരൻ അടക്കേണ്ടുന്ന എല്ലാ സംഖ്യകളും അയാളുടെ ഡെമണിയിൽ നിന്നു കിഴിച്ചെടുക്കാവുന്നതും കരംപിരിവു റെഗുലെഷൻപ്രകാരം അയാളുടെ മുതൽ ജപ്തിചെയ്തു വിററു വസൂലാക്കാവുന്നതും ആകുന്നു

൨൪. ലൈസൻസുകാരൻ തന്റെ കരാറുപ്രകാരം കൃത്യമായി നടക്കുന്നതിലേക്കു ഉറപ്പിന്നായി ഡെമണി വെച്ചതായ സംഖ്യയിൽ നിന്നു ഇതിലടങ്ങിയിട്ടുള്ള അധികാരങ്ങൾ പ്രകാരം വല്ല സംഖ്യയും കിഴിച്ചെടുത്തിട്ടുണ്ടെന്നാൽ അങ്ങിനെ കിഴിച്ചെടുത്ത വിവരം തന്നെ അറിയിക്കുന്നതായ ഒരു നോട്ടീസു തനിക്കു കിട്ടുന്ന തീയതി മുതൽ ൧൫ ദിവസത്തിനകത്തു മെല്പടി സംഖ്യ ഡെമണിയെ വീണ്ടും പൂർത്തിയാക്കിക്കൊള്ളുകയും വേണം

൨൫. ലൈസൻസുകാരനൊ തന്റെ ശമ്പളമായ [illegible] തന്റെ പണിക്കാരിൽ ആരെങ്കിലുമൊ ലൈസൻസിലെ നിശ്ചയങ്ങളിൽ വല്ല ലംഘനവും ചെയ്യുന്നപക്ഷം അങ്ങിനെയുള്ള ഓരൊ ലംഘനത്തിനു ലൈസൻസുകാരനു [illegible] രൂപായിൽ കവിയാത്ത ഒരു പിഴ ചുമത്തുവാനൊ കൂടാതെ വെച്ചു [illegible] ഗവർന്മെണ്ട് പ്രൊസീഡിങ്ങുകളൊ ദിവാന്റെ ഉത്തരവുപ്രകാരം പിഴയായി പിടിച്ചു ലൈസൻസു ദുർബലപ്പെടുത്തുകയും അതാത ലൈസൻസുകാരന്റെ യോഗ്യതായോഗ്യതകളെ [illegible] വിചാരിക്കയും ചെയ്യാനൊ അല്ലെങ്കിൽ അതാത സ്ഥലത്തിലെ ഗവർന്മെണ്ട [illegible] ഏതു [illegible] ദിവാനും ദിവാൻ അനുവദിക്കുന്ന ഉദ്യോഗസ്ഥന്മാർക്കും എക്സൈസ കമ്മീഷണർക്കും അധികാരമുള്ളതും [illegible] ലൈസൻസുകാരൻ ഉത്തരവാദിയായിരിക്കുന്നതുമാകുന്നു. [illegible] പ്രകാരം ചുമത്തുന്ന ഏതു പിഴസംഖ്യയും ലൈസൻസിലെ നിശ്ചയങ്ങൾപ്രകാരം ശരിയായി നടത്തേണ്ടുന്ന ഉറപ്പിലേക്കായി ലൈസൻസുകാരൻ ഡെപ്പോസിറ്റ വച്ചിട്ടുള്ള വല്ല സംഖ്യയിൽ നിന്ന് കിഴിച്ചെടുക്കയൊ [illegible] ഗവർന്മെണ്ട പ്രൊസീഡിങ്ങിൽ [illegible] വസൂൽ ചെയ്യുകയൊ ചെയ്യുന്നതു [illegible] ന്യായമായിരിക്കും. [illegible] ലൈസൻസ ദുർബലപ്പെടുത്തിയാൽ [illegible] ലൈസൻസിലെ [illegible] കിട്ടാൻ [illegible] വരുന്നതാകുന്നു.

൨൬. ഇതിനടുത്തു മീതെ പറഞ്ഞ വകുപ്പിലെ നിശ്ചയപ്രകാരം പിഴ [illegible] പിഴയായി പിടിക്കയൊ ലൈസൻസ ദുർബലപ്പെടുത്തുകയൊ ചെയ്യുന്നതു [illegible] കലാൽ നിയമത്തിന്നൊ കലാൽ മുതലെടുപ്പിന്നൊ സംബന്ധിച്ച [illegible] നിയമത്തിന്നൊ വിരോധമായി ചെയ്യുന്ന വല്ല കുററത്തിന്നും [illegible] ആളുകളെയും [illegible] ക്രിമിനൽ വിസ്താരം നടത്തുന്നതിലേക്ക [illegible] വിചാരിക്കപ്പെടുന്നതല്ല.

൨൭. കലാൽ റെഗുലേഷനൊ അബ്കാരി മുതലെടുപ്പു സംബന്ധിച്ച [illegible] മററു നിയമത്തിന്നൊ വിരോധമായി ചെയ്ത വല്ല കുററത്തിന്നും [illegible] ക്രിമിനൽ വിസ്താരത്തിൽ ലൈസൻസുകാരൻ [illegible] അവന്റെ ലൈസൻസിനെ ദുർബലപ്പെടുത്തുന്നതു [illegible] ന്യായമായിരിക്കയും ചെയ്യും. ലൈസൻസുകാരൻ ശിക്ഷാനിയമപ്രകാരം [illegible] ലൈസൻസ വച്ചുകൊണ്ടിരിക്കാൻ അയാളെ [illegible] അയാളുടെ ലൈസൻസ ഇല്ലാതാക്കുന്നതിന്നു [illegible] ആകുന്നു.

൨൮. കള്ളിറക്കുന്നൊ കൊണ്ടുപോകുന്നൊ വിൽക്കുന്നൊ [illegible] നിയമങ്ങൾക്കും [illegible] വല്ലതാളും കലാൽ നിയമങ്ങൾക്ക വിരോധമായി വല്ല പ്രവൃത്തിയും ചെയ്യുന്നു [illegible] ലൈസൻസുകാരന്റെ അറിവിൽ വന്നാൽ ആ വിവരം എക്സൈസകമ്മീഷണരൊട [illegible] അറിയിക്കയും അയാളെ ഉദ്യോഗത്തിൽ നിന്നു നീക്കുന്നതിന്നു [illegible] എക്സൈസ കമ്മീഷണരുടെ ഉത്തരവു കൾക്ക അനുസരിച്ചു നടക്കേണ്ടതും ലൈസൻസുകാരന്റെ പ്രവൃത്തിയാകുന്നു. ശിക്ഷാനിയമപ്രകാരം ശിക്ഷിക്കപ്പെട്ട ആളുകളെ അതാതു സംഗതിയിൽ എക്സൈസകമ്മീഷണരുടെ സമ്മതം മുമ്പിൽകൂട്ടി [illegible] കള്ളു കടത്തുകയൊ വിൽക്കുകയൊ ചെയ്യുന്നതിന്നു പണിയിൽ വെക്കുവാൻ ലൈസൻസുകാരന്നു പാടുള്ളതല്ല.

൨൯. [illegible] അളവുകൾ അളവുകൾ [illegible] മാറ്റം ചെയ്യുന്നതിന്നു ലൈസൻസുകാരൻ സമ്മതിക്കേണ്ടതാകുന്നു.

൩൦. എക്സൈസ ഡിപ്പാർട്ടുമെന്റിലെ വല്ല ജീവനക്കാരുമായും ലൈസൻസുകാരന്ന പണസംബന്ധമായ യാതൊരു ഇടപാടും വച്ചുകൊള്ളുവാൻ പാടില്ലാത്തതാകുന്നു.

൩൧. ഇപ്പോൾ നടപ്പുള്ളതൊ മേലിൽ നിയമിക്കപ്പെടുന്നതൊ ആയ കലാൽ നിയമങ്ങളെ അനുസരിച്ചു അതാതു സമയം ഉണ്ടാക്കപ്പെടുന്ന വല്ല അധികാരം ചട്ടങ്ങളും പ്രകാരം നടപ്പാൻ ലൈസൻസുകാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുകൂടാതെ എക്സൈസകമ്മീഷണരൊ അദ്ദേഹം ക്രമമായി അധികാരപ്പെടുത്തുന്ന വല്ല ഉദ്യോഗസ്ഥനൊ ആവശ്യപ്പെട്ടാൽ തന്റെ ലൈസൻസ മേൽപ്രകാരം ഏല്പിക്കേണ്ടതിന്നു [illegible] ലൈസൻസു കിട്ടേണ്ടതിന്നൊ വേണ്ടി മടക്കി കൊടുക്കേണ്ടതും ആകുന്നു.

൩൨. വല്ല കള്ളും അരൊഗ്യഹാനികരമൊ കുടിക്കാൻ കൊള്ളാത്തതൊ ആണെന്നു കാണപ്പെട്ടാൽ അതു എക്സൈസ ഡിപ്പാർട്ടുമെന്റിലെ ആഫീസർമാരാൽ നശിപ്പിക്കപ്പെടുന്നതാകുന്നു.

ഹജൂർകച്ചേരി
തിരുവനന്തപുരം
[illegible] മെ [illegible]

ടി. രാജാരാമരായർ,
ദിവാൻ പെഷ്കാർ ഇൻചാർജ.

Rules for the better regulation of boat service at the Port of Trivandrum passed under date the 5th May, 1906.

1. The Assistant Inspector in charge of the Port for the time being shall have control over all boats and crew plying in the port and shall also be styled Port Officer.

2. From and after the 1st June 1906 no boat shall be permitted to carry goods or passengers from or to any ship or vessel at the port, unless such boat has been registered and numbered, and the owner has taken out a license in the manner hereinafter mentioned

3. Whenever the owner of any boat wishes to take out a license, he shall present in person to the Port Officer an application in writing specifying the dimensions of his boat, the number of the crew, and the quantity of cargo or number of passengers it is to be permitted to carry.

4. The Port Officer shall, on receipt of such application inspect the boat, and, on being satisfied that it is seaworthy call upon the owner to sign a declaration that he comprehends and consents to conform to these rules. He shall then register the boat according to form A annexed.

5. A fee of Rs. 2 shall be paid for registering every boat.

6. The owner of such registered boat shall have granted to him a license according to form (B) annexed.

7. Every registered boat shall bear on a conspicuous part of it the number mentioned in the register. The number shall be cut on a white ground not less than 6 inches in length and shall be painted black in English and Malayalam.

8. The boats required for landing or shipping cargo or passengers shall on application be supplied by the Port Officer.

9. All boat hire for landing or shipping cargo or passengers shall be paid in advance according to the rates given in the annexed schedule (c) which may be revised from time to time under the sanction of the Dewan.

10. The ordinary hours for boats to ply will be between 5 A. M. and 6 P. M.

11. No boat will be permitted to take off or land goods or passengers except within the prescribed limits of the port

